# പിഎസ്‌സി ബുള്ളറ്റിൻ

PSC Bulletin, Official Publication of Kerala Public Service Commission

Vol. 29 | Issue 7 | Fortnightly | December 1, 2017 | Page 32 | ₹ 10




പി.എസ്.സി. ഒറ്റത്തവണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ അക്ഷയ സംരംഭകർക്കായി ജില്ലാ കളക്ടറേറ്റിൽ സംഘടിപ്പിച്ച ഏകദിന പരിശീലനം പി.എസ്.സി. അംഗം അഡ്വ. ഇ.രവീന്ദ്രനാഥൻ ഉദ്ഘാടനം ചെയ്യുന്നു.

GOOD BYE TO CONFUSION

1000 FACTS

TEST YOUR GK

അന്തുമൊഴികൾ

വാർത്തകളിലൂടെ

ഉൾപ്പെടെ നിരവധി പംക്തികൾ

## അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ, പോർട്ട് ഓഫീസർ, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 40 വിജ്ഞാപനങ്ങൾ

## പിഎസ്‌സി ബുള്ളറ്റിൻ ഏജൻസി ക്ഷണിക്കുന്നു.

പി.എസ്.സി. ബുള്ളറ്റിനും വിശേഷാൽ പതിപ്പുകളും ഉദ്യോഗാർഥികൾക്ക് സൗകര്യപ്രദമായി വാങ്ങുന്നതിന് അവസരമൊരുക്കുന്നതിനായി കൂടുതൽ വേഗത്തിൽ ഏജൻസികൾക്ക് അയയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. വജ്രജൂബിലി വിശേഷാൽ പതിപ്പ് സംസ്ഥാനത്തെ ലൈബ്രറികളിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഏജൻസികൾക്കു പുറമേ ഉദ്യോഗാർഥികളുടെ കൂട്ടായ്മകളും വജ്രജൂബിലി പതിപ്പ് വിപണത്തിന് ലഭ്യമാക്കുന്നുണ്ട്. ബുക്സ്റ്റാളുകളോ ഉദ്യോഗാർഥി കൂട്ടായ്മകളോ മുന്നോട്ടുവരുന്നപക്ഷം ഏജൻസിയെടുക്കുന്നതിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ആസ്ഥാന ഓഫീസിലെ പബ്ലിക് റിലേഷൻസ് വിഭാഗത്തിൽനിന്ന് നൽകിവരുന്നുണ്ട്. ഏജൻസി ആവശ്യമുള്ളവർ വ്യവസ്ഥകൾ അറിയുന്നതിന് 0471 2546270 എന്ന നമ്പരിലേക്ക് വിളിക്കുക.




### പ്രധാന ഏജൻസികൾ

തിരുവനന്തപുരം – എസ്കെ അസോസിയേറ്റ്സ്–8281551775
തിരുവനന്തപുരം – സ്വാമി ബുക്സ് – 04712331520
തമ്പാനൂർ–ഐഡിയൽ ബുക് സെന്റർ–9645163611
പാരിപ്പള്ളി – നൈസ് സ്റ്റോർ – 9656841772
കൊട്ടിയം–9747232729
കൊല്ലം–ചിലങ്ക ബുക്സ്–0474 2752888
കരുനാഗപ്പള്ളി–94460 13808
കായംകുളം–9746230703
ആലപ്പുഴ–9447117679
കോട്ടയം – 9048177778
പാല–കല്ലറക്കൽ ബുക്ക്സ്റ്റാൾ, കൊട്ടാരമറ്റം–04822 213399
പൊൻകുന്നം–9447306505
തൊടുപുഴ–ആസാദ് ബുക് സെന്റർ–9447590008
എറണാകുളം–ആസാദ് ബുക് സെന്റർ–9447314548
അങ്കമാലി/ആലുവ–ഗോൾ വിന്നർ ബുക്സ്–9061348040
തൃശ്ശൂർ– മോഡേൺ ബുക്സ്, അയ്യന്തോൾ–9400461725
പാലക്കാട്–കവിത സ്റ്റോഴ്സ്–9447946245
കോട്ടയ്ക്കൽ–പടിക്കൽ ബുക്സ് 9847204995
കൽപ്പറ്റ– ആപ്റ്റ് ബുക്സ്–9562997008
തളിപ്പറമ്പ – ശ്രീറാംസ് – 9400508060
പയ്യന്നൂർ– അമൽ ബുക്സ്–9544915026, ദി ബുക്‌ലൈൻ–9400405844
കൊയിലാണ്ടി–ലക്കി ബുക്സ്–9846544326
ഇരുട്ടി നിർമ്മല ബുക്ക്സ് – 9447360444

കോപ്പികൾ എല്ലാ പിഎസ്‌സി ഓഫീസുകളിലും ഏജൻസികളിലും ലഭിക്കുന്നു. വില 250 രൂപ. തപാൽ മാർഗം ലഭിക്കുന്നതിന് 250 രൂപ മണിയോർഡർ (പാഴ്സൽ ചാർജ് സൗജന്യം) പബ്ലിക് റിലേഷൻസ് ഓഫീസർ, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം-4 എന്ന വിലാസത്തിൽ അയയ്ക്കുക.

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർപേഴ്സൺ**

**ശ്രീമതി. ആർ പാർവതീദേവി**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. പി. സുരേഷ്കുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. ജിനു സക്കറിയ ഉമ്മൻ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. രഘുനാഥൻ. എം. കെ.**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. കെ. പി. സജിലാൽ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ടി ആർ അനിൽകുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**ബി. ജയകുമാർ**



ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**

മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

- **വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**
- **ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.**
- **വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.**

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾസെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538 (പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# പിഎസ്‌സി അറിയിപ്പ്

## 2017 നവംബർ 20 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

### താഴെപ്പറയുന്ന തസ്തികകളുടെ വിജ്ഞാപനം പ്രസിദ്ധീകരിക്കും

1. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ അസ്സിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ
2. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക നിയമനം )
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഫ്താൽമിക് അസ്സിസ്റ്റന്റ് ഗ്രേഡ്–2
4. കയർ വികസന കോർപ്പറേഷനിൽ സിസ്റ്റം അനലിസ്റ്റ് (പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം)
5. ദേശീയ എംപ്ലോയ്മെന്റ് സർവീസിൽ (കേരള) എംപ്ലോയ്മെന്റ് ഓഫീസർ (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക നിയമനം)
6. വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്–2 (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക നിയമനം)
7. ഹോമിയോപ്പതി വകുപ്പിൽ അറ്റൻഡർ ഗ്രേഡ്–2 (പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം)

### താഴെപ്പറയുന്ന തസ്തികയ്ക്ക് ഇന്റർവ്യൂ നടത്തും

1. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) സുവോളജി – പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം (291/2016)

### താഴെപ്പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസ്സിസ്റ്റന്റ് (ഡയാലിസിസ്) – (368/2015)
2. ഫയർ ആന്റ് റെസ്ക്യൂ സർവീസസിൽ ഫയർമാൻ (ട്രെയിനി) –പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക നിയമനം – 358/2016.
3. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) ബോട്ടണി – പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം (290/2016)
4. വ്യാവസായിക പരിശീലന വകുപ്പിൽ ഡ്രാഫ്റ്റ്സമാൻ സിവിൽ –പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക നിയമനം – (241/2016)

### മറ്റു തീരുമാനങ്ങൾ

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സീനിയർ ലക്ചറർ (അനാട്ടമി) – എൻ.സി.എ.–ഒ.എക്സ്.(365/2011) തസ്തികയ്ക്ക് രണ്ട് തവണ വിജ്ഞാപനം ചെയ്തിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ടി ഒഴിവുകൾ മാതൃ റാങ്ക് പട്ടികയിൽ നിന്ന് ചട്ടപ്രകാരം നികത്തും.
2. വിവിധ കമ്പനി/കോർപ്പറേഷനിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ യോഗ്യത സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ടൈപ്പിസ്റ്റ് തസ്തികയ്ക്കും ബാധകമാക്കും.
3. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്ന വിവരങ്ങൾ,അറിയിപ്പുകൾ, വിജ്ഞാപനങ്ങൾ, ഇന്റർവ്യൂ കലണ്ടർ, പരീക്ഷാ കലണ്ടർ, ബുള്ളറ്റിൻ കവർ പേജ് എന്നിവ ഉൾപ്പെടുത്തി ഫെയ്സ് ബുക്ക് ആരംഭിക്കും.
4. വിവരണാത്മക പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സോഫ്റ്റ്വെയർ വികസിപ്പിക്കാൻ സി–ഡിറ്റിനെ ഏൽപ്പിക്കാനും ഉത്തരപ്പേപ്പറുകൾ ഓൺസ്ക്രീ

# സംശയങ്ങൾക്ക് മറുപടി

### മിശ്രവിവാഹ ദമ്പതികളിൽ ജനിച്ച കുട്ടികൾക്കുള്ള ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്താണ്?

മിശ്രവിവാഹ ദമ്പതികളിൽ ജനിച്ച കുട്ടികൾക്കുള്ള ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നത് സംബന്ധിച്ച് റവന്യൂവകുപ്പിന്റെ വ്യവസ്ഥകൾ ഇപ്രകാരമാണ്. മിശ്രവിവാഹ ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുന്നതായാൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് അവർ ഉൾപ്പെടുന്നു എന്ന് അവകാശപ്പെടുന്ന സമുദായത്തിന്റെ സാമുദായികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥ അവർക്ക് ഉണ്ടോയെന്നും പ്രസ്തുത സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ പാലിക്കുന്നുണ്ടോയെന്നും ആധികാരികമായി ബോധ്യപ്പെട്ട് ജാതി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. (ജി.ഒ.എം.എസ്. നം109/2008/എസ്.സി.എസ്.ടി.ഡി.ഡി. തീയതി 20–11–2008, ജി.ഒ.എം.എസ്. നം. 25/ 2005/എസ്.സി.എസ്.ടി.ഡി.ഡി. തീയതി 20–06–2005)

മിശ്രവിവാഹിതരിൽ ഒരാൾ പിന്നാക്ക സമുദായമാണെങ്കിൽ അവരുടെ കുട്ടികൾക്കും പിന്നാക്ക സമുദായക്കാർക്കു നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. വിവാഹമോചനം നേടിയ മിശ്രവിവാഹിതരുടെ കുട്ടികൾക്കും മുകളിൽ പ്രസ്താവിച്ചിട്ടുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

കേരള സർക്കാരിന്റെ ജി.ഒ. (എം.എസ്.) നം. 808/78 ഡി.ഡി. തീയതി 24–04–79 ഉത്തരവ് പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട മിശ്രവിവാഹിതരുടെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങളും വിവാഹ മോചനം നടത്തിയ മിശ്രവിവാഹിതരുടെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങളും വിവരിക്കുന്നു.

മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗമാണെങ്കിൽ വിദ്യാഭ്യാസ ആവശ്യത്തിനുമാത്രമായി അവരുടെ പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ നൽകാവുന്നതാണ്.

### വിവാഹ മോചനം നേടിയ സ്ത്രീകൾക്ക് പിഎസ്‌സി നിയമനങ്ങളിൽ ഉയർന്ന പ്രായപരിധിയിൽ ഇളവുണ്ടോ?

ഇല്ല

### പോളിടെക്നിക്കിൽനിന്ന് ഡിപ്ളോമ നേടുന്നവർക്ക് ലാസ്റ്റ് ഗ്രേഡ് നിയമനത്തിന് അപേക്ഷിക്കാൻ നിയമ തടസ്സമുണ്ടോ?

ഇല്ല. ബിരുദധാരികൾ അപേക്ഷിക്കാൻ പാടില്ല എന്നാണ് വ്യവസ്ഥയുള്ളത്.

### റഗുലർ പഠനത്തിലൂടെ നേടിയ യോഗ്യത വേണം എന്ന് നിഷ്കർഷിക്കുന്ന അവസരങ്ങളിൽ അത് സംബന്ധിച്ച് എന്ത് രേഖയാണ് ഹാജരാക്കേണ്ടത്?

റഗുലർ പഠനത്തിലൂടെ നേടിയ യോഗ്യത ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിക്കുന്ന തസ്തികകളുടെ കാര്യത്തിൽ പഠിച്ച സ്ഥാപനത്തിൽ നിന്ന് വാങ്ങിയ നിർദ്ദിഷ്ട യോഗ്യതയുടെ കോഴ്സ് സർട്ടിഫിക്കറ്റോ അല്ലെങ്കിൽ പ്രസ്തുത കോഴ്സ് കഴിഞ്ഞതിനുശേഷം ലഭിച്ച ട്രാൻസ്ഫർ സർട്ടിഫിക്കറ്റോ യോഗ്യതയുടെ ഒപ്പം അപ്‌ലോഡ് ചെയ്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്.

### പെർമനന്റ് അഡ്രസ്/പ്രസന്റ് കമ്മ്യൂണിക്കേഷൻ അഡ്രസ് – ലെ വിലാസത്തിൽനിന്ന് തിരിച്ചറിയൽ രേഖ/നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ്/കമ്യൂണിറ്റി സർട്ടിഫിക്കറ്റ് – ലെ വിലാസം വ്യത്യസ്തമാണ് എങ്കിൽ എന്ത് രേഖയാണ് ഹാജരാക്കേണ്ടത്?

രണ്ടിലും പരാമർശിക്കുന്ന ആൾ ഒരാൾ തന്നെയാണെന്ന് കാണിക്കുന്ന വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറിൽ കുറയാത്ത റവന്യൂ അധികാരിയിൽ നിന്നോ ഒരു ഗസറ്റഡ് ഓഫിസറിൽ നിന്നോ വാങ്ങി ജനറൽ ഡോക്യുമെന്റ്സ് –വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് എന്ന ലിങ്കിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

***ഉദ്യോഗാർഥികളുടെ സംശയങ്ങൾക്ക് ഈ പംക്തിയിലൂടെ മറുപടി ലഭിക്കുന്നതിന് ചോദ്യങ്ങൾ പബ്ലിക് റിലേഷൻസ് ഓഫീസർ, കേരള പബ്ലിക് സർവീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം – 4 എന്ന വിലാസത്തിൽ അയയ്ക്കുക.***

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 29 - 11 - 2017, 30 - 11 - 2017 തീയതികളിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസറ്റിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 29 – 11 – 2017 അവസാന തീയതി: 03 – 01 – 2018 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.**

**എഴുത്ത് / ഒ.എം.ആർ പരീക്ഷ നടത്തുന്ന പക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാക്കുന്നതും, ആയത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള തീയതി പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതുമാണ്. ഈ തീയതി മുതൽ 15 ദിവസം വരെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാം. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.**

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ 501/2017
### വനിതാ സിവിൽ എക്സൈസ് ഓഫീസർ
### എക്സൈസ്

1 **വകുപ്പ്** : എക്സൈസ്

2 **ഉദ്യോഗപ്പേര്** : വനിതാ സിവിൽ എക്സൈസ് ഓഫീസർ (ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും പുരുഷ ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

3 **ശമ്പളം** : 20,000 – 45,800/–

4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

1. തിരുവനന്തപുരം
2. കൊല്ലം
3. പത്തനംതിട്ട
4. ആലപ്പുഴ
5. കോട്ടയം
6. ഇടുക്കി
7. എറണാകുളം
8. തൃശൂർ
9. പാലക്കാട്
10. മലപ്പുറം
11. കോഴിക്കോട്
12. വയനാട്
13. കണ്ണൂർ
14. കാസറഗോഡ്

} പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** (i) 04.06.2008–ലെ G.O (P)No. 113/08/TD/(SRO 587/2008, 10.11.2010ലെ G.O.(P) No. 264/10/TD (SRO 1025/10), 03.10.2015- ലെ G.O.(P) No.178/15/TD [SRO No.669/2015] എന്നിവ പ്രകാരമാണ് ഈ തസ്തികയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

(ii)ഈ വിജ്ഞാപനപ്രകാരം ഒരു ഉദ്യോഗാർത്ഥി ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ.

(iii) ഈ വിജ്ഞാപന പ്രകാരം ജില്ലാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും. (04.04.2016 തീയതിയിലെ AV(2) 2376/14/GW നമ്പർ വിജ്ഞാപനം അസാധാരണ ഗസറ്റ് തീയതി 15.04.2016). ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971–ലെ G.O (Ms)No.154/71/PD-ലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും യൂണിറ്റിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961–ലെ സർക്കാർ ഉത്തരവ് G.O.(Ms) 4/61/PDയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) എൻ.സി.സി. 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ് (21.08.2007–ലെ ജി.ഒ.(എം.എസ്) നമ്പർ 112/ 2007/എച്ച്.എഡ്യൂ. അനുസരിച്ച്)

(vi) ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലുമുള്ള (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തി ദിവസങ്ങളെങ്കിലും) അടിസ്ഥാന പരിശീലനം സിവിൽ എക്സൈസ് ഓഫീസർ വിജയകരമായി പൂർത്തീകരിക്കേണ്ടതുണ്ട്. പരിശീലനത്തിലേർപ്പെടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ, രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും, പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതുമല്ല.

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം

6. **പ്രായം** : 19 – 31

ഉദ്യോഗാർത്ഥികൾ 02.01.1986 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ്** (i) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കും മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കും പൊതു വ്യവസ്ഥകളിലെ ഭാഗം 2(i) പ്രകാരം നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

(ii) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് ii ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ:** 1. വിദ്യാഭ്യാസ യോഗ്യത: പ്ലസ് ടു പരീക്ഷ പാസ്സായിരിക്കണം. അഥവാ തത്തുല്യയോഗ്യത നേടിയിരിക്കണം.

**കുറിപ്പ്**: KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

2. (i) ശാരീരിക യോഗ്യത : കുറഞ്ഞത് 152 സെ.മീ ഉയരം ഉണ്ടായിരിക്കണം.

പട്ടികജാതി & പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെ.മീറ്റർ ഉയരം ഉണ്ടായിരിക്കണം.

(ii)എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test): എല്ലാ ഉദ്യോഗാർത്ഥികളും 2 കിലോമീറ്റർ ദൂരം 15 മിനിട്ടിനുള്ളിൽ ഓടി പൂർത്തിയാക്കേണ്ടതാണ്.

(iii) കായികക്ഷമതാ പരീക്ഷ – നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| (i) | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| (ii) | ഹൈ ജമ്പ് | 1.06 മീറ്റർ |
| (iii) | ലോംഗ് ജമ്പ് | 3.05 മീറ്റർ |
| (iv) | പുട്ടിംഗ് ദ ഷോട്ട് (4 കി.ഗ്രാം ഭാരമുള്ളത്) | 4.88 മീറ്റർ |
| (v) | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| (vi) | ത്രോയിംഗ് ദി ത്രോബാൾ | 14 മീറ്റർ |
| (vii) | ഷട്ടിൽ റേസ് (4 x 25 മീറ്റർ) | 26 സെക്കന്റ് |
| (viii) | സ്കിപ്പിംഗ് (1 മിനിറ്റ്) | 80 തവണ |

**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് അല്ലെങ്കിൽ എൻഡ്യൂറൻസ് ടെസ്റ്റിന് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത

ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ/എൻഡ്യൂറൻസ് ടെസ്റ്റിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്നതു കാരണം അന്നേ ദിവസം കായികക്ഷമത/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുക്കാൻ സാധിക്കാത്ത ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ /എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

(iv) കായികശേഷിയും കാഴ്ചശക്തിയും

(i) ഔട്ട്ഡോർ ജോലികൾ സജീവമായി ചെയ്യുവാനുള്ള കായികശേഷിയും ശാരീരിക യോഗ്യതയും കഴിവും ഉണ്ടെന്ന് കാണിക്കുന്നതും അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിൽ താഴെയല്ലാത്ത റാങ്കുള്ള ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(ii) താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി)സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്**: (i) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(ii) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈ കാലുകൾ, കോമ്പല്ല് (മുൻപല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(iii) ഉദ്യോഗാർത്ഥികൾ കായികക്ഷമത/എൻഡ്യൂറൻസ് പരീക്ഷാ സമയത്ത് താഴെക്കൊടുത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും ആയത് പ്രമാണ പരിശോധനാ സമയത്ത് അവരുടെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

**മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കായി വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. www.kpsc.gov.in**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

10. തെരഞ്ഞെടുപ്പിന്റെ താൽകാലിക ഷെഡ്യൂൾ

(i) ഒ.എം.ആർ പരീക്ഷാ തീയതി – 24.02.2018

(ii)ശാരീരിക അളവെടുപ്പ്, എൻഡ്യൂറൻസ് ടെസ്റ്റ്–2018 ജൂലൈ

(iii) കായികക്ഷമതാ പരീക്ഷ –2018 സെപ്റ്റംബർ

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)**

## ഹെഡ് ഓഫ് സെക്ഷൻ (കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് ) സാങ്കേതികവിദ്യാഭ്യാസം (പോളിടെക്നിക് കോളേജുകൾ)

### ഒന്നാം എൻസിഎ വിജ്ഞാപനം

1 **വകുപ്പ്** : സാങ്കേതികവിദ്യാഭ്യാസം (പോളിടെക്നിക് കോളേജുകൾ)

2 **ഉദ്യോഗപ്പേര്** : ഹെഡ് ഓഫ് സെക്ഷൻ (കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് )

3 **ശമ്പളം** : 45800–87000/

4 **ഒഴിവുകളുടെ എണ്ണം** : ഈഴവ/തിയ്യ/ബില്ലവ–1 (ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, ഈ തസ്തികയുടെ 14.03.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 08/2009, ഗസറ്റ് തീയതി 29.01.2009) കാലയളവിൽ ഈഴവ/തിയ്യ/ബില്ലവ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ഈഴവ/തിയ്യ /ബില്ലവ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം ( ഈഴവ/തിയ്യ / ബില്ലവ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം.)

**കുറിപ്പ്:** ഈഴവ/തിയ്യ /ബില്ലവ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 20–44

ഉദ്യോഗാർത്ഥികൾ 2.01.1973നും01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്** : വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; ഖണ്ഡിക 2 (i) ഒഴികെ.

**7. യോഗ്യതകൾ:** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റെഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ ഫസ്റ്റ് ക്ലാസ്സിൽ നേടിയ എഞ്ചിനീയറിങ് / ടെക്നോളജി ബിരുദാനന്തര ബിരുദം.

സർക്കാർ / സർക്കാർ അംഗീകൃത / AICTE അംഗീകൃത പോളിടെക്നിക് കോളേജു കളിലെ ലക്ചറർ ആയിട്ടുള്ള അഞ്ച് വർഷത്തെ അദ്ധ്യാപനപരിചയം.

മേൽ യോഗ്യതയുടെ അഭാവത്തിൽ, മാതൃവിജ്ഞാപനപ്രകാരമുള്ള താഴെപ്പറയുന്ന യോഗ്യതയും പരിഗണിക്കുന്നതായിരിക്കും.

1 ബന്ധപ്പെട്ട വിഷയത്തിൽ അടിസ്ഥാന ബിരുദ പരീക്ഷയ്ക്ക് 60 ശതമാനത്തിൽ കുറയാത്ത മാർക്ക് സമ്പാദിച്ച് നേടിയ എഞ്ചിനീയറിങ് /ടെക്നോളജി ബിരുദമോ തത്തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും പരീക്ഷായോഗ്യതയോ ഉണ്ടായിരിക്കണം

2 എഞ്ചിനീയറിങ് ജോലിയിൽ 8 വർഷത്തെ തൊഴിൽ പരിചയം ഉണ്ടായിരിക്കണം . ഈ കാലയളവിൽ കുറഞ്ഞത് 3 വർഷമെങ്കിലും ഒരു അംഗീകൃതസ്ഥാപനത്തിൽ ഈ വിഷയത്തിൽ ഡിപ്ലോമ തലത്തിൽ കുറയാതെയുള്ള ലക്ചറർ ആയിട്ടുള്ള അദ്ധ്യാപനപരിചയം ഉണ്ടായിരിക്കണം

**കുറിപ്പ് :1** Rule 10(a)(ii) of Part II KS&SSR ബാധകമാണ്.

2. മൂന്ന് വർഷ റഗുലർ വിദ്യാഭ്യാസത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ 60% മാർക്ക് നേടി ലഭിച്ച ഡിപ്ലോമയ്ക്ക് ശേഷം എ.എം.ഐ.ഇ. യുടെ 'എ' യും 'ബി' യും സെക്ഷനുകൾ ജയിച്ചിട്ടുണ്ടെങ്കിൽ എഞ്ചിനീയറിങ് / ടെക്നോളജി ബിരുദത്തിനു തുല്യമായി കണക്കാക്കാവുന്നതാണ്

3. ബന്ധപ്പെട്ട വിഷയത്തിൽ ഒന്നാം ക്ലാസ് അഥവാ രണ്ടാം ക്ലാസ് എഞ്ചിനീയറിങ്/ടെക്നോളജി ബിരുദാനന്തര ബിരുദധാരികൾക്ക് അടിസ്ഥാന ബിരുദ പരീക്ഷയ്ക്ക് 60% മാർക്ക് വേണമെന്ന നിബന്ധന ബാധകമല്ല. (60% മാർ ക്ക് എന്നത് ബന്ധപ്പെട്ട ബിരുദത്തിന് യൂണിവേഴ്സിറ്റി നേരിട്ട് പരീക്ഷ നടത്തുന്ന എല്ലാ വർഷങ്ങളിലെയും/സെമസ്റ്ററുകളിലെയും ആകെ മാർക്കിന്റെ 60% ആണ്)

4. ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ടിരിക്കുന്ന പ്രവൃത്തി പരിചയം എന്നത് പ്രസ്തുത തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ആർജ്ജിച്ചതിനു ശേഷമുള്ളതായിരിക്കണം

5. പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്കു വിധേയമാക്കുന്നതും, വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടെയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥി കളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന പരിചയ സർട്ടിഫിക്കറ്റുകൾ കേന്ദ്ര/സംസ്ഥാന സർക്കാരിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മേലൊപ്പോടു കൂടി ഹാജരാക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കായി വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. www.kpsc.gov.in**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

## കാറ്റഗറി നമ്പർ 503/2017 പോർട്ട് ഓഫീസർ കേരള തുറമുഖ വകുപ്പ്

### നാലാം എൻസിഎ വിജ്ഞാപനം

ഈ തസ്തികക്കായി 15.10.2012 ലെ കാറ്റഗറി നമ്പർ 523/12, 30.11.2013 ലെ കാറ്റഗറി നമ്പർ 484/13, 10.09.2015 ലെ കാറ്റഗറി നമ്പർ 245/15 എന്നീ വിജ്ഞാപനങ്ങൾക്കുശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതുകൊണ്ടുള്ള നാലാം എൻ.സി.എ. വിജ്ഞാപനമാണിത്.

1 **വകുപ്പ്** : കേരള തുറമുഖ വകുപ്പ്

2 **ഉദ്യോഗപ്പേര്** : പോർട്ട് ഓഫീസർ

3 **ശമ്പളം** : 42640–58640/

4 **ഒഴിവുകളുടെ എണ്ണം** : LC/AI – 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 28.09.2011–ാം തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 297/2008)) കാലയളവിൽ ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇന്ത്യൻ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

**കുറിപ്പ്:–** ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇന്ത്യൻ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ് അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 30–49. ഉദ്യോഗാർത്ഥികൾ 02.01.1968 നും 01.01.1987 നും (രണ്ട് തീയതികളും ഉൾപ്പെടെ)ഇടയിൽ ജനിച്ചവരായിരിക്കണം (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ

[വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2 (i) ഒഴികെ ]

**7. യോഗ്യതകൾ :**

1) ഭാരത സർക്കാർ നൽകിയ ഫോറിൻ ഗോയിംഗ് മാസ്റ്റേഴ്സ് സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യ യോഗ്യതയും ഒരു വർഷത്തെ കമാന്റ് പരിചയവും

**അല്ലെങ്കിൽ**

ഇന്ത്യൻ നാവികസേനയിൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ലഫ്റ്റനന്റ് കമാന്ററുടെ റാങ്കിനു താഴെയല്ലാത്ത ഓഫീസറായുള്ള സേവനവും മാസ്റ്റർ (ഫോറിൻ ഗോയിംഗ്) ആയി സേവനം അനുഷ്ഠിച്ചു നേടിയ സർട്ടിഫിക്കറ്റും ആക്ടീവ് ലിസ്റ്റിൽപ്പെടാൻ പാടില്ല.

**മുൻഗണന:** പൈലറ്റിംഗിലോ ഡ്രെഡ്ജിംഗിലോ ഒരു വർഷമോ അല്ലെങ്കിൽ അതിൽ കൂടുതലോ ഉള്ള പരിചയം

താഴെ പറയുന്ന കാഴ്ച ശക്തി ഉണ്ടായിരിക്കണം

| | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| (i) ദൂരെക്കാഴ്ച | വി 6/6 | വി 6/6 |
| (ii) സമീപക്കാഴ്ച | റീഡ്സ് 0.6 | റീഡ്സ് 0.6 |

(iii) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം.

(iv) കോങ്കണ്ണ് , കണ്ണിലോ കൺപോളകളിലോ ഏതെങ്കിലും തരത്തിലുള്ള രോഗം (ട്രക്കോമ മുതലായവ) എന്നിവ അയോഗ്യതയായി കണക്കാക്കും. എന്നാൽ വർണാന്ധത അയോഗ്യതയല്ല.

**കുറിപ്പ് :** KS & SSR Part II Rule 10(a) ii ബാധകമാണ്.

ഉദ്യോഗാർത്ഥികൾ അസിസ്റ്റന്റ് സർജന്റെ ഗ്രേഡിൽ താഴെയല്ലാത്ത ഒരു മെഡിക്കൽ ഓഫിസറിൽ നിന്നും താഴെ പറയുന്ന മാതൃകയിൽ വാങ്ങിയ മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കായി വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. www.kpsc.gov.in**

**കുറിപ്പ് :** കാഴ്ച ശക്തിയെ സംബന്ധിച്ച വിവരങ്ങൾ മുകളിൽ നൽകിയിരിക്കുന്ന മാതൃകയിലുള്ള സർട്ടിഫിക്കറ്റിൽ ഓരോ ഐറ്റത്തിനുനേരെയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ' , 'ഗുഡ്', 'ആവറേജ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനെയും സംബന്ധിച്ച് വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ച വിധത്തിലല്ലെങ്കിൽ കണ്ണിന് കൂടുതൽ കാഴ്ച ശക്തിയുണ്ടെന്നോ മോശമായ കാഴ്ച ശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന ഏതൊരാളും തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

ടെസ്റ്റ്:

ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നവർ പ്രൊബേഷൻ കാലയളവിനുള്ളിൽ താഴെ പറയുന്ന ടെസ്റ്റുകൾ പാസ്സായിരിക്കണം.

(i) അക്കൗണ്ട് ടെസ്റ്റ് ഫോർ ദി എക്സിക്യൂട്ടീവ് ഓഫീസേഴ്സ്

ഓഫ് കേരള
(ii) കേരള പോർട്ട് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് (ഹയർ ഗ്രേഡ്)

## കാറ്റഗറി നമ്പർ 504/2017
## മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ)
## ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

### ഒന്നാം എൻസിഎ വിജ്ഞാപനം എൽസി/എഐ

1 **വകുപ്പ്** : ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
2 **ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ)
3 **ശമ്പളം** : 39500–83000/
4 **ഒഴിവുകളുടെ എണ്ണം** : ലാറ്റിൻ കത്തോലിക്ക / ആംഗ്ലോഇന്ത്യൻ–1 (ഒന്ന്)

**കുറിപ്പ്:** മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപറഞ്ഞ സമുദായത്തിനു വേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 31.10.12–ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 410/11 ) ഗസറ്റ് തീയതി (29.11.2011) കാലയളവിൽ ലാറ്റിൻ കത്തോലിക്ക / ആംഗ്ലോഇന്ത്യൻ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലാറ്റിൻ കത്തോലിക്ക / ആംഗ്ലോഇന്ത്യൻ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെഅഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ലാറ്റിൻ കത്തോലിക്ക / ആംഗ്ലോഇന്ത്യൻ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം)

**കുറിപ്പ്:–** ലാറ്റിൻ കത്തോലിക്ക / ആംഗ്ലോഇന്ത്യൻ സമുദായത്തിൽപ്പെടാത്തഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം അവരുടെ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്.അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 19 – 44 ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ]

**കുറിപ്പ് :–** (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക [ഖണ്ഡിക 2(i)ഒഴികെ)]

**7. യോഗ്യതകൾ:** 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച എം.ഡി (ആയുർവേദ) പഞ്ചകർമ്മ

2 ട്രാവൻകൂർ – കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ നിന്നുള്ള 'എ' ക്ലാസ് രജിസ്ട്രേഷൻ

യോഗ്യത സംബന്ധിച്ച KS&SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 505/2017
## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) ജ്യോഗ്രഫി
## ഹയർ സെക്കന്ററി വിദ്യാഭ്യാസം

### ഒന്നാം എൻസിഎ വിജ്ഞാപനം

1 **വകുപ്പ്** : ഹയർ സെക്കന്ററി വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) ജ്യോഗ്രഫി
3 **ശമ്പളം** : 32300–68700/
4 **ഒഴിവുകളുടെ എണ്ണം** : ഹിന്ദു നാടാർ 1 (ഒന്ന്)

**കുറിപ്പ്:** മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 22.04.2015 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 443/2011 ഗസറ്റ് തീയതി 28.12.2011) കാലയളവിൽ ഹിന്ദു നാടാർ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ഹിന്ദു നാടാർ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (ഹിന്ദു നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**കുറിപ്പ്:–** ഹിന്ദു നാടാർ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 20–43. ഉദ്യോഗാർത്ഥികൾ 02.01.1974 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ് :–** (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക [ഖണ്ഡിക 2(i)ഒഴികെ)]

**7. യോഗ്യതകൾ:** 1 കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദമോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

2 (i) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

(ii) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നു, ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം. [B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the universities in Kerala]

(iii) മുകളിൽ സൂചിപ്പിച്ച (i)ഉം (ii)ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽനിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം. .

**അല്ലെങ്കിൽ**

നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (എൻ.സി.ഇ.ആർ.ടി) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ (പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനം) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50% ൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ് .സി. എഡോ പാസ്സായിരിക്കണം

3 കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ്** : 1 കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2 KS&SSR, Part II Rule 10(a)(ii) ബാധകമാണ്.

**പ്രത്യേക ഇളവുകൾ**

1 കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലെവൽ എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2 നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3 പി.എച്ച്.ഡി/എം.എഡ്./ കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4 പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്ക്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

5 13.11.15ലെ G.O.(Ms) No.288/15/Gl.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയാൽ മതിയാകുന്നതാണ്.

## കാറ്റഗറി നമ്പർ 506/2017
## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) ജ്യോഗ്രഫി
## കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസം

### രണ്ടാം എൻസിഎ വിജ്ഞാപനം

1 **വകുപ്പ്** : കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) ജ്യോഗ്രഫി
3 **ശമ്പളം** : 16180–29180/ (PR)
4 **ഒഴിവുകളുടെ എണ്ണം** : ഒ. എക്സ് –1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 22.04.2015ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 443/2011, ഗസറ്റ് തീയതി 28.12.2011) കാലയളവിൽ ഒ. എക്സ് സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ഒ. എക്സ്. സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. കാറ്റഗറി നമ്പർ 260/16 ആയി 30/08/16ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ. വിജ്ഞാപനപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (ഒ. എക്സ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം.)

**കുറിപ്പ്:** ഒ. എക്സ്. സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 20–43

ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്1):** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; ഖണ്ഡിക 2(i) ഒഴികെ.)

**കുറിപ്പ്** 2): പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അപേക്ഷിക്കാം. ഇതിനുള്ള പ്രായപരിധി 45 വയസ്സാണ്. അതായത് 02/01/1972 നും 01/01/1997 നും ഇടയിൽ ജനിച്ചവർക്ക്.

**7. യോഗ്യതകൾ:** 1. കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദമോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

2 (i) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

(ii) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം. [B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the universities in Kerala]

(iii) മുകളിൽ സൂചിപ്പിച്ച (i)-ഉം (ii)ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽനിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും വിഷയത്തിൽ നേടിയ ബി.എഡോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (എൻ.സി.ഇ.ആർ.ടി) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ (പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനം) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50% ൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി. എഡോ പാസ്സായിരിക്കണം

3 കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ് :**1 KS&SSR, Part II Rule 10(a)(ii) ബാധകമാണ്.

2 കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പ്രത്യേക ഇളവുകൾ**

1 കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക

നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലവൽ എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2 നാഷണൽ എലിജിബിലിറ്റി പരീക്ഷയോ/ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3 പി.എച്ച്.ഡി/എം.എഡ്./ കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.എഫിൽ അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4 പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്ക്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

5 13.11.15ലെ G.O.(Ms) No.288/15/Gl.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയാൽ മതിയാകുന്നതാണ്.

## കാറ്റഗറി നമ്പർ 507/2017
## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) മാത്തമാറ്റിക്സ്
## ഹയർ സെക്കന്ററി വിദ്യാഭ്യാസം

### ഒന്നാം എൻസിഎ വിജ്ഞാപനം

1 **വകുപ്പ്** : ഹയർ സെക്കന്ററി വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) മാത്തമാറ്റിക്സ്
3 **ശമ്പളം** : 32300–68700/
4 **ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 25.03.2015 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 457/2010 ഗസറ്റ് തീയതി 31.12.2010) കാലയളവിൽ പട്ടികജാതി സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും പട്ടികജാതി സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം (പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം.)

**കുറിപ്പ് :** പട്ടികജാതി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 20–45. ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ് :-** (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക [ഖണ്ഡിക 2(i)ഒഴികെ)]

**7. യോഗ്യതകൾ** 1 കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദമോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

2 (i) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

(ii) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നു, ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം. [B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the universities in Kerala]

(iii) മുകളിൽ സൂചിപ്പിച്ച (i)-ഉം (ii)ഉം വിഭാഗത്തിൽ പ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽനിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (എൻ.സി.ഇ.ആർ.ടി) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ (പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനം) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50% ൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ് .സി. എഡോ പാസ്സായിരിക്കണം

3 കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ്** : 1 KS&SSR, Part II Rule 10(a)(ii) ബാധകമാണ്.

2 കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പ്രത്യേക ഇളവുകൾ**

1 കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലെവൽ എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2 നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3 പി.എച്ച്.ഡി/എം.എഡ്./ കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.എഫിൽ അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4 പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്ക്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

5 13.11.15ലെ G.O.(Ms) No.288/15/Gl.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എസ്.സി./എസ്.റ്റി./ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയാൽ മതിയാകുന്നതാണ്.

## കാറ്റഗറി നമ്പർ 508/2017
## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ സോഷ്യോളജി (ജൂനിയർ)
## ഹയർ സെക്കന്ററി വിദ്യാഭ്യാസം

### ഒന്നാം എൻസിഎ വിജ്ഞാപനം

1 **വകുപ്പ്** : ഹയർ സെക്കന്ററി വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ സോഷ്യോളജി (ജൂനിയർ) (എൻ.സി.എ.ഹിന്ദു നാടാർ )
3 **ശമ്പളം** : 32300–68700/
4 **ഒഴിവുകളുടെ എണ്ണം** : ഹിന്ദു നാടാർ 1 (ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 22.01.2014 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 288/10 ഗസറ്റ് തീയതി 30/10/10) കാലയളവിൽ ഹിന്ദു നാടാർ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ഹിന്ദു നാടാർ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഹിന്ദു നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്ന് മാത്രം.)

**കുറിപ്പ് :** ഹിന്ദു നാടാർ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം :** 20–43. ഉദ്യോഗാർത്ഥികൾ 02.01.1974 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ**: (i)കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

(ii) 1 കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 'റഗുലർ' പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

2 ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം (B.Ed Degree acquired in the concerned facutly as specified in the Acts and Statutes of any of the Universities in Kerala.).

3 മുകളിൽ സൂചിപ്പിച്ച ഇനം (1)ഉം (2)ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽനിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

(iii) കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ്** : 1) മേൽപ്പറഞ്ഞ ബി.എഡ്. ബിരുദക്കാരുടെ അഭാവത്തിൽ 50% മാർക്കിൽ കറയാത്ത മാർക്കോടെ ബിരുദാനന്തരബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്)ഉം പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ എം.ഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്, നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം കരസ്ഥമാക്കേണ്ടതാണ്.

2) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) KS&SSR, Part II Rule 10(a)(ii) ബാധകമാണ്.

**പ്രത്യേക ഇളവുകൾ**

1. കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലവൽ എലിജിബിലിറ്റി ടെസ്റ്റ് (SLET) ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2. നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. പി.എച്ച്.ഡി/എം.എഡ്./കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.എഫിൽ അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ വകുപ്പ് സബോർഡിനേറ്റ് സർവ്വീസിലെ ഹൈസ്ക്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

5 13.11.15ലെ G.O.(Ms) No.288/15/Gl.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയാൽ മതിയാകുന്നതാണ്.

## കാറ്റഗറി നമ്പർ 509/2017
## ഡെന്റൽ ഹൈജീനിസ്റ്റ്
## ആരോഗ്യം

### രണ്ടാം എൻസിഎ വിജ്ഞാപനം

1 **വകുപ്പ്** : ആരോഗ്യം
2 **ഉദ്യോഗപ്പേര്** : ഡെന്റൽ ഹൈജീനിസ്റ്റ്
3 **ശമ്പളം** : 22,200–48,000/
4 **ഒഴിവുകളുടെ എണ്ണം** : ഒ.ബി.സി – 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, ഈ തസ്തികയുടെ 29.11.2005 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മുകളിൽ പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കി വെച്ചിട്ടുള്ള ഒഴിവിലേയ്ക്ക്, ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെഅഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം(ഗസറ്റ് തീയതി 29.05.2009 കാറ്റഗറിനമ്പർ 196/09) പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5 നിയമന രീതി :** നേരിട്ടുള്ള നിയമനം (ഒ.ബി.സി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:–** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്തഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം അവരുടെ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7 യോഗ്യതകൾ :** (1) എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോവിജയിച്ചിരിക്കണം.

(2) തിരുവനന്തപുരം ഡെന്റൽ കോളേജിൽ നടത്തുന്ന ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സോ, തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

**കുറിപ്പ്** : 1 KS&SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 510/2017
## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം (ഗവൺമെന്റ് ആയുർവേദ കോളേജുകൾ) ടെക്നിക്കൽ അസിസ്റ്റന്റ്

### ഒന്നാം എൻസിഎ വിജ്ഞാപനം മുസ്ലീം

| | |
|---|---|
| 1 **വകുപ്പ്** | : ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം (ഗവൺമെന്റ് ആയുർവേദ കോളേജുകൾ) |
| 2 **ഉദ്യോഗപ്പേര്** | : ടെക്നിക്കൽ അസിസ്റ്റന്റ് |
| 3 **ശമ്പളം** | : 19000–43600/ |
| 4 **ഒഴിവുകളുടെ എണ്ണം** | : 1 (ഒന്ന്) (മുസ്ലിം) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപറഞ്ഞ സമുദായത്തിനുവേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 15.12.2016–ാം തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (ഗസറ്റു തീയതി. 12.08.2014 കാറ്റഗറി നമ്പർ. 339/2014) കാലയളവിൽ മുസ്ലിം സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും മുസ്ലിം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെഅഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം)

**കുറിപ്പ്:–** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം അവരുടെ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 20 – 39

ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ]

**കുറിപ്പ്:–** (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക [ഖണ്ഡിക 2 (i) ഒഴികെ)]

**7. യോഗ്യതകൾ** : 1 എസ്. എസ്. എൽ. സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം

2 ഗവൺമെന്റ് അംഗീകാരമുള്ള ഏതെങ്കിലും ആയുർവേദ ഫാർമസിൽ നിന്നും ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്നതിൽ കുറഞ്ഞത് 5 വർഷത്തെ പരിചയം ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) മേൽ പറഞ്ഞ പരിചയം നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയ ശേഷം ആർജ്ജിച്ചതായിരിക്കണം.

(ii) KS & SSR Part II Rule 10 (a)ii ബാധകമാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കായി വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. www.kpsc.gov.in**

**കുറിപ്പ് :** 1. ജോലിചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

2. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ 511/2017 – 512/2017
## ടെക്നിക്കൽ സൂപ്രണ്ട് (ഡയറി) കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

### ഒന്നാം എൻസിഎ വിജ്ഞാപനം

### പാർട്ട് – 1 (ജനറൽ കാറ്റഗറി)

| | |
|---|---|
| 1. **സ്ഥാപനം** | : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| 2. **ഉദ്യോഗപ്പേര്** | : ടെക്നിക്കൽ സൂപ്രണ്ട് (ഡയറി) |
| 3. **ശമ്പളം** | : ₹ 18810–37970 |
| 4. **ഒഴിവുകളുടെ എണ്ണം** | : എൻ.സി.എ |

പട്ടികജാതി 1 (ഒന്ന്) (കാറ്റഗറി നമ്പർ 511/17)
മുസ്ലീം 1 (ഒന്ന്) (കാറ്റഗറി നമ്പർ 512/17)

കുറിപ്പ്: 1) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. മേൽപ്പറഞ്ഞ ഒഴിവുകൾ ടി തസ്തികയുടെ 31/12/2015 ൽ നിലവിൽ വന്ന ജനറൽ വിഭാഗത്തിലുള്ള റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 571/2012) മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് മേൽപ്പറഞ്ഞ തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ മേൽപ്പറഞ്ഞ സമുദായത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

3) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം. (എസ്.സി., മുസ്ലീം സമൂദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** എസ്.സി., മുസ്ലീം സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : (i) 18–45 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1972 നും 01/01/1999 നുമിടയിൽജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

ii) 18–43 മുസ്ലീം വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1974 നും 01/01/1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

(പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ, വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II –ലെ പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50(അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായ പരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്– II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09.03.1998–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98–ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ള പക്ഷം തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർ പ്രായ പരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽനിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽപ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**യോഗ്യതകൾ:** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ഡയറി സയൻസ്/ ടെക്നോളജിയിലുള്ള ബിരുദം/ ഡിപ്ലോമ

**കുറിപ്പ്:–** Rule 10 (a) (ii) & Part II KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

11. പൊതു വ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ V ,VIII ,IX, X, XI ,XII ,XIII എന്നീ ഉപഖണ്ഡികകളും 7–ാം ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ 513/2017
## ടെക്നീഷ്യൻ ഗ്രേഡ് II (ബോയിലർ ഓപ്പറേറ്റർ) കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

### ഒന്നാം എൻസിഎ വിജ്ഞാപനം

### പാർട്ട് – 1 (ജനറൽ കാറ്റഗറി)

| | |
|---|---|
| 1. **സ്ഥാപനം** | : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| 2. **ഉദ്യോഗപ്പേര്** | : ടെക്നീഷ്യൻ ഗ്രേഡ് II (ബോയിലർ ഓപ്പറേറ്റർ) |
| 3. **ശമ്പളം** | : ₹ 10405–24245/ |
| 4. **ഒഴിവുകളുടെ എണ്ണം** | : എൻ.സി.എ ഒ.ബി.സി. 1 (ഒന്ന്) |

**കുറിപ്പ്:** 1) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. മേൽപ്പറഞ്ഞ ഒഴിവ് ടി തസ്തികയുടെ 08.03.2016 ൽ നിലവിൽ വന്ന ജനറൽ വിഭാഗത്തിലുള്ള റാങ്ക് ലിസ്റ്റിൽ കാറ്റഗറി നമ്പർ 5/2013 ന് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് മേൽപ്പറഞ്ഞ തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ മേൽപ്പറഞ്ഞ സമുദായത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

3) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം. (ഒ.ബി.സി. സമൂദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** ഒ.ബി.സി. സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം :** 18–43 ഉദ്യോഗാർത്ഥികൾ 02/01/1974 നും 01/01/1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II –ലെ പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി

50(അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായ പരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്–II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09. 03.1998–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98–ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ള പക്ഷം തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളു. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:**

1) എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2) ബോയിലർ ഓപ്പറേഷനിലുള്ള ഫസ്റ്റ് ക്ലാസ്സ് സർട്ടിഫിക്കറ്റ്.

11. പൊതു വ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ V ,VIII ,IX, X, XI ,XII ,XIII എന്നീ ഉപഖണ്ഡികകളും 7–ാം ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ 514/2017 – 515/2017
## സ്റ്റാഫ് നഴ്സ് ഗ്രേഡ് II
## ആരോഗ്യം

### ഒന്നാം എൻസിഎ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)**

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 514/17 | ഹിന്ദു നാടാർ | തൃശ്ശൂർ | 2 (രണ്ട്) |
| 515/17 | മുസ്ലീം | തൃശ്ശൂർ | 4 ( നാല് ) |

**നോട്ട്:** (i) അപേക്ഷകൾ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഓൺലൈനിലൂടെ അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ഓൺലൈൻ അപേക്ഷകൾ www.keralapsc.gov.inൽ ലഭ്യമാണ്.

(ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം മേൽ പറഞ്ഞ സമുദായങ്ങൾക്കായി തൃശ്ശൂർ ജില്ലയിൽ പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തൃശ്ശൂർ | 23.04.2014 | 201/2010 |

(iv) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഹിന്ദു നാടാർ, മുസ്ലീം സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 20–39. ഹിന്ദു നാടാർ, മുസ്ലീം സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ).

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്)വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7. യോഗ്യതകൾ :** 1. സയൻസ് വിഷയങ്ങളിൽ പ്ലസ് ടു /പ്രീഡിഗ്രി കോഴ്സ് ജയിച്ചിരിക്കണം അല്ലെങ്കിൽ സയൻസ് വിഷയങ്ങളിൽ വി.എച്ച്.എസ്.ഇ ജയിച്ചിരിക്കണം അല്ലെങ്കിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഡൊമസ്റ്റിക് നഴ്സിംഗിൽ വി.എച്ച്.എസ്.ഇ അല്ലെങ്കിൽ തത്തുല്ല്യ യോഗ്യത.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി. നഴ്സിംഗ് ജയിച്ചിരിക്കണം അല്ലെങ്കിൽ ഒരു ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്ന് ജനറൽ നഴ്സിംഗിലും മിഡ് വൈഫറിയിലും മൂന്നുവർഷത്തിൽ കുറയാതെയുള്ള കോഴ്സ് ജയിച്ചിരിക്കണം.

3. കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിൽ സ്ത്രീകൾ നഴ്സ് ആന്റ് മിഡ് വൈഫ് ആയും പുരുഷൻമാർ നേഴ്സ് ആയും രജിസ്റ്റർ ചെയ്തിരിക്കണം.

**കുറിപ്പ്:** യോഗ്യത സംബന്ധിച്ച KS & SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

## കാറ്റഗറി നമ്പർ 516/2017 – 517/2017
## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
## ആരോഗ്യവകുപ്പ്/മുനിസിപ്പൽ കോമൺ സർവീസ്

### ഒന്നാം എൻസിഎ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യവകുപ്പ്/മുനിസിപ്പൽ കോമൺ സർവീസ്

**2. ഉദ്യോഗപ്പേര്** : ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II

**3. ശമ്പളം** : ₹ 22,200–48,000/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 516/17 | മുസ്ലിം | കോഴിക്കോട് | 2 (രണ്ട്) |
| 517/17 | എസ്ഐയുസി നാടാർ | കോഴിക്കോട് | 01 (ഒന്ന്) |

**കുറിപ്പ് :** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയിൽ ടി വിഭാഗത്തിന് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോഴിക്കോട് | 08.08.2016 | 666/12 |

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ സംവരണസമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കോഴിക്കോട് ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ടി ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(V)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (മുസ്ലിം, എസ്.ഐ.യു.സി. നാടാർ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–44. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ].

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിൽ Part II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2(1) ഒഴികെ).

**7. യോഗ്യതകൾ : 1) ജനറൽ:** എസ്.എസ്.എൽ.സി പാസ്സായിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**2) ടെക്നിക്കൽ** : കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ്/ ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

3) കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ്:**(i) സാമാന്യവിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി വിജയിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയ (എസ്.എസ്.എൽ.സി തോറ്റവരേയും) ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്. നിശ്ചിത ക്വോട്ട തികയ്ക്കുന്നതിനുമാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ. (ii) ഭിന്നശേഷിയുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(iii) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 518/2017
## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
## ആരോഗ്യവകുപ്പ്

### രണ്ടാം എൻസിഎ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യവകുപ്പ്

**2. ഉദ്യോഗപ്പേര്** : ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II

**3. ശമ്പളം** : ₹ 22,200–48,000/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി മുസ്ലിം 03 (മൂന്ന്)

**കുറിപ്പ് :** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയിൽ ടി വിഭാഗത്തിന് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിനുവേണ്ടി നീക്കി

വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 10.11.2009 | 301/07 |

(iv) കാറ്റഗറി നമ്പർ 393/12 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും മുസ്ലിം സമുദായത്തിൽ നിന്നുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ സംവരണസമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഇടുക്കി ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ടി ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (മുസ്ലിം സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–44. ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ).

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിൽ Part II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2(1) ഒഴികെ).

**7. യോഗ്യതകൾ : 1) ജനറൽ:** എസ്.എസ്.എൽ.സി പാസ്സായിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**2) ടെക്നിക്കൽ** : കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ്/ ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

3) കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ് :** (i) സാമാന്യവിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി വിജയിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയ (എസ്.എസ്.എൽ.സി തോറ്റവരേയും) ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്. നിശ്ചിത ക്വോട്ട തികയ്ക്കുന്നതിനുമാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ.

(ii) ഭിന്നശേഷിയുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(iii) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 519/2017
## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
## ആരോഗ്യവകുപ്പ്

### ഒന്നാം എൻസിഎ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യവകുപ്പ്

**2. ഉദ്യോഗപ്പേര്** : ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II

**3. ശമ്പളം** : ₹ 22,200–48,000/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ ഇടുക്കി എൽ.സി/എ.ഐ 01 (ഒന്ന്)

**കുറിപ്പ് :** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയിൽ ടി വിഭാഗത്തിന് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്. ണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 10.11.2009 | 301/07 |

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ സംവരണസമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഇടുക്കി ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ടി ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (എൽ.സി/എ.ഐ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–44. ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ).

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിൽ Part II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2(1) ഒഴികെ).

**7. യോഗ്യതകൾ : 1) ജനറൽ:** എസ്.എസ്.എൽ.സി പാസ്സായിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**2) ടെക്നിക്കൽ** : കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ്/ ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

3) കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) സാമാന്യവിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി വിജയിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയ (എസ്.എസ്.എൽ.സി തോറ്റവരേയും) ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്. നിശ്ചിത ക്വോട്ട തികയ്ക്കുന്നതിനുമാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ.

(ii) ഭിന്നശേഷിയുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(iii) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 520/2017
## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
## ആരോഗ്യവകുപ്പ്

### രണ്ടാം എൻസിഎ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യവകുപ്പ്

**2. ഉദ്യോഗപ്പേര്** : ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II

**3. ശമ്പളം** : ₹ 22,200–48,000/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ തൃശ്ശൂർ ഹിന്ദു നാടാർ 01 (ഒന്ന്)

**കുറിപ്പ് :** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയിൽ ടി വിഭാഗത്തിന് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തൃശ്ശൂർ | 01.12.2009 | 301/07 |

(iv) കാറ്റഗറി നമ്പർ 394/12 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിനുശേഷവും ഹിന്ദു നാടാർ സമുദായത്തിൽ നിന്നുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ സംവരണസമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ടി ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (ഹിന്ദു നാടാർ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–44. ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ).

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിൽ Part II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2(1) ഒഴികെ).

**7. യോഗ്യതകൾ : 1) ജനറൽ:**

എസ്.എസ്.എൽ.സി പാസ്സായിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**2) ടെക്നിക്കൽ :**

കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നേഴ്സ് മിഡൈഫറി സർട്ടിഫിക്കറ്റ്/ ആക്സിലറി നേഴ്സ്മിഡൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

3) കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) സാമാന്യവിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി വിജയിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയ (എസ്.എസ്.എൽ.സി തോറ്റവരേയും) ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്. നിശ്ചിത ക്വോട്ട തികയ്ക്കുന്നതിനുമാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ.

(ii) ഭിന്നശേഷിയുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(iii) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 521 /2017
## ഫാർമസിസ്റ്റ് ഗ്രേഡ് II
## ആരോഗ്യം

### ഒന്നാം എൻസിഎ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II
**3. ശമ്പളം** : ₹ 22,200–48,000/
**4. ഒഴിവുകളുടെ എണ്ണം :** ജില്ലാടിസ്ഥാനത്തിൽ
ആലപ്പുഴ എസ്.ഐ.യു.സി നാടാർ 1 (ഒന്ന്)

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം ആലപ്പുഴജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ആലപ്പുഴ | 04.04.2017 | 11/2015 |

(iii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ആലപ്പുഴ ജില്ലയിലേക്കു മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (എസ്.ഐ.യു.സി നാടാർ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**6. പ്രായം** : 18–39, ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ)

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :** (i) പ്രീഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ

(ii) ഫാർമസിയിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ. (ഡി ഫാം)

(iii) കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള രജിസ്ട്രേഷൻ.

**കുറിപ്പ്:** ടി തസ്തികയ്ക്കുള്ള തെരെഞ്ഞെടുപ്പിന് KS&SSR Part II Rule 10 a (ii) ബാധകമായിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 522/2017 – 523/2017
## പാർട്ട് ടൈം ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഉറുദു)
## വിദ്യാഭ്യാസം

### രണ്ടാം എൻസിഎ വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഉറുദു)
**3. ശമ്പളം** : ₹ 19000–43600
**4. ഒഴിവുകളുടെ എണ്ണം :** ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 522/17 | പട്ടികജാതി | മലപ്പുറം | 2 (രണ്ട്) |
| 523/17 | ലാറ്റിൻ കത്തോലിക്/ ആംഗ്ലോ ഇൻഡ്യൻ | മലപ്പുറം | 01 (ഒന്ന്) |
| | ലാറ്റിൻ കത്തോലിക്/ ആംഗ്ലോ ഇൻഡ്യൻ | കോഴിക്കോട് | 01 (ഒന്ന്) |

(കാറ്റഗറി നമ്പർ 398/15, 399/15ആയി 30.10.2015 തീയതിയിലെ ഗസറ്റിൽ വിജ്ഞാപനം ചെയ്ത തസ്തികയുടെ പുന:വിജ്ഞാപനം)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം ഓരോ സംവരണ വിഭാഗത്തിനും മേൽപ്പറഞ്ഞ ജില്ലകളിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോഴിക്കോട് | 18.02.2015 | 65/2011 |
| മലപ്പുറം | 28.11.2014 | 65//2011 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി, ലാറ്റിൻ കത്തോലിക്/ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**6. പ്രായം :** 18–45. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

18–43. ലാറ്റിൻ കത്തോലിക്/ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1974 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം.( രണ്ട് തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

**നോട്ട് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :**

1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റിയും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിലുള്ള ടൈറ്റിൽ (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട ബിരുദത്തിന്റെ പാർട്ട് 3ന് തുല്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പക്ഷം) കൂടാതെ കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റ്.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/ നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/ G.Edn. തീയതി 08.12.2016).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) ഉറുദു ഭാഷയിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് ട്രെയിനിംഗ് യോഗ്യതയുണ്ടെങ്കിൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 177/87/ ജി.എഡ്യു. തീയതി 22–8–1987].

(iii) ബി.എഡ് ബന്ധപ്പെട്ട ഭാഷയിൽ ആയിരിക്കണം.

**കുറിപ്പ്:** KS & SSR part II Rule 10 a (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും .

8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/ 09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/ 11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/ 05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [ജി.ഒ.(എം. എസ്) നമ്പർ 122/75/എഡ്യു. തീയതി 27/05/1975] ഈ മുൻഗണന 12.02.1970ലെ ജി.ഒ.(എം.എസ്) നമ്പർ 50/70/പി.ഡിയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

(iii) ഗവൺമെന്റ് നഴ്സറി / പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ. (എം.എസ്) നമ്പർ 185/70/എഡ്യു. തീയതി 18.04.1970, ജി.ഒ. (എം.എസ്) നമ്പർ 466/70/എഡ്യു തീയതി 11. 11.1970].

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ

ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ 524/2017
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്)
## വിദ്യാഭ്യാസം

### അഞ്ചാം എൻസിഎ വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്)

**3. ശമ്പളം** : ₹ 18,000–41500/ (പരിഷ്കരിച്ചത്)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | | |
|---|---|---|
| പട്ടികജാതി | തിരുവനന്തപുരം | 1 (ഒന്ന്) |
| | പത്തനംതിട്ട | 1 (ഒന്ന്) |
| | വയനാട് | 2 (രണ്ട്) |

(27.02.2010 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ. 48/2010 ആയും 14.10.2011 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ. 348/11 ആയും 15.10.2013 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ. 383/13 ആയും 29.09.2015 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ. 358/15 ആയും വിജ്ഞാപനം ചെയ്ത തസ്തികയുടെ അഞ്ചാം പുനർ വിജ്ഞാപനം)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ജില്ലകളിലേയ്ക്ക് മാത്രമായി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 29.01.2008 | 229/2005 |
| പത്തനംതിട്ട | 31.12.2007 | 229/2005 |
| വയനാട് | 31.12.2017 | 229/2005 |

(iv) ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ

തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (പട്ടികജാതി സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നു മാത്രം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും സ്വീകരിക്കുന്നതാണ്)

6)തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

**7) പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നു വർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കായി വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. www.kpsc.gov.in**

## കാറ്റഗറി നമ്പർ 534 /2017
## അസിസ്റ്റന്റ് ഇൻഫർമേഷൻ ആഫീസർ
## വിവര പൊതുജന സമ്പർക്കം

**1. വകുപ്പ്** : വിവര പൊതുജന സമ്പർക്കം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ഇൻഫർമേഷൻ ആഫീസർ
**3. ശമ്പളം** : ₹ 27800–59400/
**4. ഒഴിവുകളുടെ എണ്ണം:** 8 (എട്ട്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം** : 19–39 ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1998നും ഇടയിൽ (രണ്ടു തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. [വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട്–II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7 യോഗ്യതകൾ :** (1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബി.എ. അല്ലെങ്കിൽ ബി.എസ്.സി. അല്ലെങ്കിൽ ബി.കോം. ബിരുദം.

(2) ഒരു സർക്കാർ പ്രസിദ്ധീകരണ സ്ഥാപനത്തിൽ നിന്നും അല്ലെങ്കിൽ സ്വകാര്യ സ്ഥാപനത്തിലെ പ്രസിദ്ധീകരണ


# Good Bye to Confusion

# 1000 Facts

**ആശയക്കുഴപ്പമുണ്ടാക്കുകയും അതുവഴി മാർക്കു നഷ്ടപ്പെടുത്തുകയും ചെയ്യുന്ന ചില ചോദ്യങ്ങളെ നേരിടാൻ പഠിച്ചാൽ മാത്രമേ ആ പ്രതിസന്ധി അതിജീവിക്കാൻ സാധിക്കുകയുള്ളൂ. അത്തരം ചില വസ്തുതകളെയാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. തുടക്കക്കാർക്ക് വേഗത്തിൽ പഠിക്കാനും മിടുക്കർക്ക് മുഴുവൻ മാർക്കുവാങ്ങുന്നതിനും പ്രയോജനകരമായ ആയിരത്തോളം വസ്തുതകളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.**

BÀ.kn.-kp-tc-jvIp-amÀ rcsk1234@gmail.com
9447006221


1. ദക്ഷിണാഫ്രിക്ക, നമീബിയ എന്നീ രാജ്യങ്ങളുടെ അതിർത്തിയായ നദിയാണ് ഓറഞ്ച്. ചൈന–റഷ്യ എന്നീ രാജ്യങ്ങളുടെ അതിർത്തിയായ നദിയാണ് അമുർ.
2. ദലൈലാമ ടിബറ്റിൽനിന്ന് ഇന്ത്യയിലേക്ക് പലായനം ചെയ്തത് 1959–ൽ. അദ്ദേഹത്തിന് സമാധാന നൊബേൽ ലഭിച്ചത് 1989–ൽ.
3. ലോകത്തിലെ ഏറ്റവും വിസ്തീർണം കൂടിയ ഇസ്ലാമിക രാഷ്ട്രം കസഖ്സ്ഥാനാണ്. മുസ്ലിം ജനസംഖ്യ ഏറ്റവും കൂടുതൽ ഇന്തോനേഷ്യയിലാണ്.
4. 1881–ൽ ഫൈസാബാദിൽ സ്ഥാപിതമായ ഔധ് കൊമേഴ്സ്യൽ ബാങ്കാണ് പൂർണമായും ഇന്ത്യൻ മൂലധനത്തിൽ ആരംഭിച്ച ആദ്യത്തെ ബാങ്ക്. ഇതിന്റെ പ്രവർത്തനം 1958–ൽ നിലച്ചു. പൂർണമായും ഇന്ത്യൻ മൂലധനത്തിൽ ആരംഭിച്ചതും ഇപ്പോഴും തുടരുന്നതുമായ ഏറ്റവും പഴക്കമുള്ള ബാങ്കാണ് പഞ്ചാബ് നാഷണൽ ബാങ്ക്. സ്വാതന്ത്ര്യസമര സേനാനിയായ ലാലാ ലജ്പത് റായിയാണ് 1894–ൽ ബാങ്ക് സ്ഥാപിച്ചത്.
5. വെങ്കിടേശ്വര ക്ഷേത്രം തിരുപ്പതി (വിഷ്ണുക്ഷേത്രം) യിലാണ്. മല്ലികാർജുന ക്ഷേത്രം നല്ലമലൈയിലെ ശ്രീശൈലം എന്ന സ്ഥലത്താണ്.
6. ശ്രീ വരാഹ നരസിംഹ ക്ഷേത്രം സിംഹാചലത്തിലും ശ്രീ സീതാ രാമ ക്ഷേത്രം ഭദ്രാചലത്തിലുമാണ്.
7. തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം എന്ന പദവി തെലങ്കാന രൂപവത്കരണത്തോടെ ആന്ധ്രാപ്രദേശിന് നഷ്ടമായി. ഇപ്പോൾ കർണാടകയാണ് ഏറ്റവും വലിയ തെക്കേ ഇന്ത്യൻ സംസ്ഥാനം (ഇന്ത്യയിൽ ഏഴാം സ്ഥാനം).
8. മുമ്പ് ഏഴ് സംസ്ഥാനങ്ങളിൽ അധികാര പരിധിയുണ്ടായിരുന്ന ഹൈക്കോടതിയാണ് ഗുവഹത്തി ഹൈക്കോടതി. ഇപ്പോൾ ഗുവഹത്തി ഹൈക്കോടതിയുടെ കീഴിൽ നാല് (ആസ്സാം, അരുണാചൽ പ്രദേശ്, നാഗാലാൻഡ്, മിസോറാം) സംസ്ഥാനങ്ങളാണുള്ളത്.




9. വൃന്ദാവൻ ഗാർഡൻസ് കർണാടകത്തിലാണ്. എന്നാൽ, ശ്രീകൃഷ്ണൻ ബാല്യകാലം ചെലവഴിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന വൃന്ദാവനം ഉത്തർ പ്രദേശിലാണ്. ശ്രീകൃഷ്ണൻ ജനിച്ചത് മഥുരയിലാണ്. പിൽക്കാലത്ത് യാദവ രാജാവായത് ഗുജറാത്തിലെ ദ്വാരകയിലാണ്.




10. ചിത്രകോട്ട് വെള്ളച്ചാട്ടം ഛത്തീസ്ഗഢിലാണ്. ചിത്രകൂട് ജില്ല ഉത്തർ പ്രദേശിലാണ്.
11. ഇന്ത്യയിലെ ഏറ്റവും വിസ്തീർണം കൂടിയ ലോക്സഭാ മണ്ഡലമാണ് ജമ്മു കശ്മീരിലെ ലഡാക്ക്. **2014–ലെ തിരഞ്ഞെടുപ്പിൽ** ഏറ്റവും കൂടുതൽ വോട്ടർമാരുള്ള മണ്ഡലം തെലങ്കാനയിലെ മൽക്കജ്ഗിരി ആണ്.
12. ബംഗാളിൽനിന്ന് വേർപെടുത്തി ബീഹാർ ആൻഡ് ഒറീസ പ്രവിശ്യ രൂപവത്കരിച്ചത് 1912–ലാണ്. ഒറീസയെ പ്രത്യേക പ്രവിശ്യയാക്കിയത് 1936–ലാണ്.
13. ഹൈദരാബാദിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി എന്നറിയപ്പെടുന്ന (ഇഫ്ളു) സ്ഥാപനത്തിന്റെ പഴയ പേരാണ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്.
14. മധ്യപ്രദേശിലെ ഗ്വാളിയോറിൽ ലക്ഷ്മിഭായി കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്ന പേരിൽ 1957–ൽ ആരംഭിച്ച സ്ഥാപനത്തിന്റെ പേര് 1973–ൽ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്ന് പരിഷ്കരിച്ചു. 1995–ൽ അതിനെ ലക്ഷ്മിഭായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്ന് പുനർനാമകരണം ചെയ്തു. 2000–ൽ ഈ സ്ഥാപനത്തെ ലക്ഷ്മിഭായി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്ന പേരിൽ മിനിസ്ട്രി ഓഫ് യൂത്ത് അഫയേഴ്സ് ആൻഡ് സ്പോഴ്സിനുകീഴിലുള്ള ഡീംഡ് യൂണിവേഴ്സിറ്റിയാക്കി. കേരളത്തിൽ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ തിരുവനന്തപുരത്ത് കാര്യവട്ടത്താണ്.




15. മുപ്പത്തിയേഴാം വയസ്സിൽ മിസോറാം ഗവർണറായ സ്വരാജ് കൗശൽ ആണ് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഗവർണറായി നിയമിതനായത് (1990). ഇദ്ദേഹത്തിന്റെ ഭാര്യയായ സുഷമ സ്വരാജ് ആണ് ഏറ്റവും കുറഞ്ഞ പ്രായത്തിൽ (25) ഇന്ത്യയിൽ ക്യാബിനറ്റ് മന്ത്രിയായത് (1977). ഇന്ത്യയിൽ മുഖ്യമന്ത്രി സ്ഥാനത്തെത്തിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് എം.ഒ. ഹസ്സൻ ഫറൂഖ് മരക്കാർ. 1937–ൽ ജനിച്ച ഇദ്ദേഹം 1967–ൽ മുപ്പതാം വയസ്സിൽ കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിൽ മുഖ്യമന്ത്രിയായി.
16. ഇന്ത്യയിലെ ക്രിസ്ത്യൻ ഭൂരിപക്ഷ സംസ്ഥാനങ്ങളാണ് മേഘാലയ, മിസോറാം, നാഗാലാൻഡ് എന്നിവ. മുസ്ലിങ്ങൾക്ക് ഭൂരിപക്ഷമുള്ള സംസ്ഥാനം ജമ്മുകശ്മീരും കേന്ദ്രഭരണ പ്രദേശം ലക്ഷദ്വീപുമാണ്
17. .കറുത്ത പഗോഡ എന്നറിയപ്പെടുന്നത് കൊണാർക്കിലെ സൂര്യക്ഷേത്രമാണ്. യൂറോപ്യൻ നാവികരാണ് ഈ പേര് നൽകിയത്. കലിംഗ ആർക്കിടെക്ചർ ശൈലിയിലാണ് ഇതിന്റെ നിർമാണം. വെളുത്ത പഗോഡ എന്നു വിളിക്കുന്നത് പുരിയിലെ ജഗന്നാഥ ക്ഷേത്രത്തെയാണ്.
18. ജുനഗഢ് എന്ന സ്ഥലം ഗുജറാത്തിലും ജുനഗഢ്കോട്ട രാജസ്ഥാനിലെ ബിക്കാനിറിലുമാണ്.
19. പഞ്ചായത്ത് രാജ് സംവിധാനം നിലവിൽവന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം രാജസ്ഥാനും ആദ്യ തെക്കേ ഇന്ത്യൻ സംസ്ഥാനം ആന്ധ്രാപ്രദേശുമാണ് (1959). എന്നാൽ, 1993 ഏപ്രിലിൽ നിലവിൽവന്ന 73–ാം ഭേദഗതിയിലൂടെ ഭരണഘടനയുടെ പിൻബലം ലഭിച്ചശേഷം പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തിയ ആദ്യ സംസ്ഥാനം മധ്യപ്രദേശാണ്.
20. തമിഴ്നാട്ടിൽ ഓഫ്സെറ്റ് അച്ചടിക്കു പ്രസിദ്ധമായ സ്ഥലം ശിവകാശിയാണ്. സിൽക്കു വ്യവസായത്തിനു പ്രസിദ്ധമായ തമിഴ്നാട്ടിലെ സ്ഥലമാണ് കാഞ്ചീപുരം.
21. ഭാരതീയാർ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം കോയമ്പത്തൂരും ഭാരതിദാസൻ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം തിരുച്ചിറപ്പള്ളിയുമാണ്.
22. വാഗൺ ട്രാജഡിയിൽ തടവുകാർ മരണമടഞ്ഞു എന്ന് മനസ്സിലാക്കിയത് പോത്തന്നൂർ സ്റ്റേഷനിൽ വച്ചാണ്. പരിക്കേറ്റവരെ പ്രവേശിപ്പിച്ചത് കോയമ്പത്തൂർ ആശുപത്രിയിലാണ്.
23. ഇന്ത്യയുടെ മെയിൻലാൻഡിൽ ഏറ്റവും തെക്കേയറ്റത്തെ

ലോക്സഭാ മണ്ഡലം കന്യാകുമാരിയാണ്. എന്നാൽ, ഇന്ത്യൻ യൂണിയനിലെ ഏറ്റവും തെക്കേയറ്റത്തെ ലോക്സഭാ മണ്ഡലം ആന്തമാൻ നിക്കോബാറാണ്.


24. നീലഗിരിക്കുന്നുകളിലാണ് ഊട്ടി. പളനി മലനിരകളിലാണ് കൊഡൈക്കനാൽ. രണ്ടും പശ്ചിമ ഘട്ടത്തിലാണ്. പൂർവഘട്ടത്തിലെ ഷെവറോയ് മലനിരകളിൽ സ്ഥിതി ചെയ്യുന്ന സുഖവാസകേന്ദ്രമാണ് യെറുകാട്.
25. ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റത്തെ സംസ്ഥാനം തമിഴ്നാടാണെങ്കിലും തെക്കേയറ്റത്തെ ഭരണഘടകം കേന്ദ്രഭരണപ്രദേശമായ ആന്തമാൻ നിക്കോബാറാണ്.
26. ഇന്ത്യയിൽ ഹിന്ദുക്കൾ എണ്ണത്തിൽ കൂടുതലുള്ള സംസ്ഥാനം ഉത്തർപ്രദേശും ശതമാനാടിസ്ഥാനത്തിൽ കൂടുതലുള്ള ഹിമാചൽ പ്രദേശമാണ്.
27. നോർത്ത് സെൻട്രൽ റെയിൽവേ സോണിന്റെ ആസ്ഥാനം അലഹബാദും നോർത്ത് ഈസ്റ്റേൺ റെയിൽവേ സോണിന്റെ ആസ്ഥാനം ഗോരഖ്പൂരുമാണ്.
28. പട്ന വിഹാർ പക്ഷി സങ്കേതം ഉത്തർപ്രദേശിലെ ഇട്ടാ ജില്ലയിലാണ്. പട്ന നഗരം ബീഹാറിന്റെ തലസ്ഥാനമാണ്.
29. അലഹബാദ് നഗരം ഉത്തർപ്രദേശിൽ ആണെങ്കിലും അലഹബാദ് ബാങ്കിന്റെ ആസ്ഥാനം കൊൽക്കത്തയിലാണ്.
30. എവറസ്റ്റും കാഞ്ചൻജംഗയും ഒരുമിച്ചുകാണാൻ കഴിയുന്ന സ്ഥലമാണ് ഡാർജിലിങിലെ ടൈഗർ ഹിൽ. എന്നാൽ, ജമ്മു കശ്മീരിലെ കാർഗിൽ ജില്ലയിലും ടൈഗർ ഹിൽ അഥവാ പോയിന്റ് 4660 എന്ന ഒരു സ്ഥലമുണ്ട്. 1999–ലെ കാർഗിൽ യുദ്ധസമയത്ത് ഒരു തന്ത്രപ്രധാന സ്ഥാനമായിരുന്നു ടൈഗർ ഹിൽ
31. ദേശീയ തലസ്ഥാന പ്രദേശമായ ഡെൽഹിയിൽനിന്നുള്ള ലോക്സഭാംഗങ്ങൾ ഏഴും രാജ്യസഭാംഗങ്ങൾ മൂന്നുമാണ്.
32. ഇന്ത്യയിൽ സംസ്ഥാന മുഖ്യമന്ത്രിമാരെ നിയമിക്കുന്നത് ഗവർണറാണ്. എന്നാൽ, കേന്ദ്ര ഭരണപ്രദേശങ്ങളായ ഡൽഹിയിലും പുതുച്ചേരിയിലും മുഖ്യമന്ത്രിമാരെ ലഫ്റ്റനന്റ് ഗവർണറുടെ ഉപദേശ പ്രകാരം രാഷ്ട്രപതിയാണ് നിയമിക്കുന്നത്.
33. ഡൽഹിയിലെ ചെങ്കോട്ടയുടെ പ്രവേശന കവാടമാണ് ലാഹോർ ഗേറ്റ്. ഡൽഹിയിലെ തന്നെ ഷാജഹാനാബാദ് എന്ന മുഗൾ നഗരത്തിന്റെ കവാടമാണ് കാശ്മീരി ഗേറ്റ്.
34. വോട്ടർമാരുടെ എണ്ണം ഏറ്റവും കുറഞ്ഞ ലോക്സഭാ മണ്ഡലം ലക്ഷദ്വീപും വിസ്തീർണം കുറഞ്ഞത് ഡൽഹിയിലെ ചാന്ദ്നി ചൗക്കുമാണ്.
35. 'ജാതി ഒന്ന്, മതം ഒന്ന്, കുലം ഒന്ന് ദൈവം ഒന്ന്' എന്ന സന്ദേശം നൽകിയ സാമൂഹിക പരിഷ്കർത്താവാണ് വൈകുണ്ഠസ്വാമികൾ. ഇന്ത ഉലകിലേ ഒരേ ഒരു ജാതി താൻ, ഒരേ ഒരു മതം താൻ, ഒരേ ഒരു കടവുൾ താൻ എന്ന തൈക്കാട് അയ്യയുടെ വചനത്തിന്റെ മലയാള പരിഭാഷയായ ഒരു ജാതി ഒരു മതം ഒരു ദൈവം പ്രസിദ്ധമാക്കിയത് ശ്രീനാരായണഗുരുവാണ്.
36. പുലയൻ അയ്യപ്പൻ എന്നു വിളിക്കപ്പെട്ട സാമൂഹിക പരിഷ്കർത്താവ് സഹോദരൻ അയ്യപ്പൻ. പുലയൻ മത്തായി എന്നു വിളിച്ചത് കുമാരഗുരുദേവനെ (പൊയ്കയിൽ യോഹന്നാൻ)യാണ്. മഹാത്മാഗാന്ധി കേരളസന്ദർശനത്തിനിടെ പുലയ രാജാവ് എന്ന് വിശേഷിപ്പിച്ചത് അയ്യങ്കാളിയെ ആണ്.
37. അഖിലാണ്ഡമണ്ഡലം അണിയിച്ചൊരുക്കി എന്നു തുടങ്ങുന്ന ഗാനം രചിച്ചത് പന്തളം കെ.പി.രാമൻപിള്ളയാണ്. ദൈവമേ കൈതൊഴാം കേൾക്കുമാറാകണം എന്ന ഗാനം രചിച്ചത് പന്തളം കേരള വർമയാണ്.
38. കേരളത്തിലെ ജില്ലകളിൽ കടൽത്തീരം ഏറ്റവും കൂടുതൽ കണ്ണൂരിനാണ്. എന്നാൽ, കടൽത്തീരമുള്ള ജില്ലകളിൽ ഏറ്റവും വിസ്തീർണം കൂടിയത് മലപ്പുറമാണ് (3550 ച.കി.മീ). പാലക്കാടാണ് കേരളത്തിലെ ഏറ്റവും വലിയ ജില്ല.
39. പൊൻമുടി സുഖവാസകേന്ദ്രം തിരുവനന്തപുരം ജില്ലയിലാണ്. പൊൻമുടി അണക്കെട്ട് ഇടുക്കിയിൽ.
40. നായർ ഭൃത്യജനസംഘം എന്ന പേരു നിർദ്ദേശിച്ചത് കപ്പന കണ്ണൻ മേനോനായിരുന്നു. നായർ സർവീസ് സൊസൈറ്റി എന്ന പേരിന്റെ ഉപജ്ഞാതാവ് കെ.പരമുപിള്ളയായിരുന്നു.




41. പദവിയിലിരിക്കെ അന്തരിച്ച, കേരളത്തിലെ ആദ്യ എംഎൽഎ ഡോ.എ.ആർ.മേനോനും മന്ത്രി, വി.കെ.വേലപ്പനുമാണ്.
42. പ്രാചീന കേരളത്തിലെ ജൂത വ്യാപാരികളുടെ സംഘമായിരുന്നു അഞ്ചുവണ്ണം. പ്രാചീന കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികളുടെ സംഘമായിരുന്നു മണിഗ്രാമം.
43. ശ്രീനാരായണഗുരു രചിച്ച ആത്മോപദേശശതകം സെന്റിലോക്കി ടു ദ സെൽഫ് എന്ന പേരിൽ നടരാജഗുരുവും സോങ്സ് ഓഫ് ദ സെൽഫ് എന്ന പേരിൽ കെ.ശ്രീനിവാസനും ഇംഗ്ളീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.
44. ശ്രീനാരായണഗുരു ജനിച്ച സ്ഥലം ചെമ്പഴന്തിയാണ്. എന്നാൽ, അദ്ദേഹം സമാധിവരിച്ച സ്ഥലം വർക്കലയാണ്.
45. ട്രാവൻകൂർ സ്റ്റേറ്റ് മാന്വലിന്റെ കർത്താവ് വി.നാഗമയ്യയാണ് (1906). കൊച്ചിൻ സ്റ്റേറ്റ് മാന്വൽ രചിച്ചത് (1911) സി.അച്യുതമേനോനാണ് (കേരളമുഖ്യമന്ത്രി ആയിരുന്ന വ്യക്തി അല്ല).
46. പാമ്പുകടിയേറ്റ് മരണമടഞ്ഞ കമ്യൂണിസ്റ്റ് നേതാവ് പി.കൃഷ്ണപിള്ള. കുറുക്കന്റെ കടിയേറ്റ് രോഗബാധിതനായി മരിച്ച നേതാവ് കല്ലൻ വൈദ്യർ. 1957–ൽ നീലേശ്വരം ദ്വയാംഗമണ്ഡലത്തിൽ ഇ.എം.എസിന്റെ ഒപ്പം തിരഞ്ഞെടുക്കപ്പെട്ടത് ഇദ്ദേഹമാണ്.
47. 1903 മെയ് 15നാണ് ശ്രീനാരായണ ധർമപരിപാലന യോഗം രജിസ്റ്റർ ചെയ്തത്. ശ്രീനാരായണ ധർമസംഘം രജിസ്റ്റർ ചെയ്ത വർഷമാണ് 1928. ആർ.ശങ്കർ സെക്രട്ടറിയായി എസ്.എൻ.ട്രസ്റ്റ് രജിസ്റ്റർ ചെയ്തത് 1949–ലാണ്.
48. 1903–ൽ ശ്രീനാരായണ ധർമപരിപാലന യോഗത്തിന്റെ ആജീവനാന്ത അധ്യക്ഷനായി തിരഞ്ഞെടുത്തത് ശ്രീനാരായണഗുരുവിനെയാണ്. സെക്രട്ടറി കുമാരനാശാൻ.
49. 1903–ലാണ് കുമാരനാശാൻ എസ്എൻഡിപിയോഗം സെക്രട്ടറിയായത്. 1923–ൽ ആശാൻ എസ്എൻഡിപിയോഗത്തിന്റെ പ്രസിഡന്റായി.


Ip-am-c-\m-im-³

50. 1904–ൽ പ്രസിദ്ധീകരണമാരംഭിച്ച വിവേകോദയത്തിന്റെ ആദ്യ ഔദ്യോഗിക എഡിറ്റർ ആയിരുന്നത് എം.ഗോവിന്ദൻ (പിന്നീട് കുമാരനാശാൻ എഡിറ്ററായി). 1905–ൽ ആരംഭിച്ച സ്വദേശാഭിമാനിയുടെ ആദ്യ എഡിറ്ററായിരുന്നത് സി.പി.ഗോവിന്ദപ്പിള്ള (പിന്നീട് കെ.രാമകൃഷ്ണപിള്ള എഡിറ്ററായി).
51. 1912–ൽ ശിവഗിരിയിൽ ശാരദാ പ്രതിഷ്ഠാ സ്ഥാപന കമ്മിറ്റിയുടെ അധ്യക്ഷൻ ഡോ.പൽപുവും സെക്രട്ടറി കുമാരനാശാനുമായിരുന്നു.
52. മന്നത്ത് പദ്മനാഭവനും ആർ.ശങ്കറും ചേർന്ന് രൂപവത്കരിച്ച പാർട്ടിയാണ് ഡെമോക്രാറ്റിക് കോൺഗ്രസ് പാർട്ടി . എൻഎസ്എസ് രൂപം നൽകിയ രാഷ്ട്രീയ പ്രസ്ഥാനമാണ് നാഷണൽ ഡെമോക്രാറ്റിക് പാർട്ടി (എൻ.ഡി.പി).
53. അറയ്ക്കൽ രാജകുടുംബത്തിലെ പുരുഷ ഭരണാധികാരി ആലി രാജയെന്നും സ്ത്രീയാണെങ്കിൽ അറയ്ക്കൽ ബീവി എന്നുമാണ് അറിയപ്പെട്ടിരുന്നത്.
54. മലയാള പത്രരംഗത്ത് ഓഫ്സെറ്റ് സംവിധാനം നടപ്പാക്കിയ ആദ്യപത്രം ദേശാഭിമാനിയും (1979) ഫാക്സിമിലി(ഒരു യൂണിറ്റിൽനിന്ന് മറ്റൊരു യൂണിറ്റിലേക്ക് പേജുകൾ ട്രാൻസ്മിറ്റ് ചെയ്ത് അച്ചടിക്കുന്ന രീതി) സംവിധാനം ആരംഭിച്ച ആദ്യ പത്രം മലയാള മനോരമയും (1986) ആണ്.
55. മലയാളമനോരമ കമ്പനി സ്ഥാപിതമായത് 1888–ൽ. പത്രം ആരംഭിച്ചത് 1890–ൽ. ദിനപ്പത്രമായത് 1928–ൽ.
56. അഷ്ടമുടിക്കായൽ അറബിക്കടലുമായി യോജിക്കുന്നിടത്താണ് നീണ്ടകര അഴി. ഇതിന്റെ ഇരുകരകളിലാണ് ശക്തികുളങ്ങര, നീണ്ടകര ഹാർബറുകൾ. വേമ്പനാട് കായൽ അറബിക്കടലുമായി യോജിക്കുന്നിടത്താണ് അന്ധകാരനഴി.
57. മാനാഞ്ചിറ മൈതാനം കോഴിക്കോട്ടാണ്. എന്നാൽ, പുത്തരിക്കണ്ടം മൈതാനം തിരുവനന്തപുരത്താണ്.
58. മാനവേദൻ എന്ന സാമൂതിരി രാജാവാണ് കൃഷ്ണനാട്ടത്തിന്റെ ഉപജ്ഞാതാവ്. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് കൊട്ടാരക്കര തമ്പുരാനാണ്.
59. മൂന്നാറിൽ സംഗമിക്കുന്ന നദികൾ മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള. മൂവാറ്റുപുഴയിൽ സംഗമിക്കുന്നവ തൊടുപുഴ, കാളിയാർ, കോതമംഗലം.
60. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് രചിച്ചത് വി.ടി.ഭട്ടതിരിപ്പാട് ആണ്. അടുക്കളയിൽനിന്ന് പാർലമെന്റിലേക്ക് രചിച്ചത് ഭാരതി ഉദയഭാനു ആണ്.


hn.-Sn.-`-«-Xn-cn-,m-Sv-

61. കേരള മാർക്സ് എന്നറിയപ്പെട്ടത് കെ.ദാമോദരനാണ്. എന്നാൽ, കേരള ക്രൂഷ്ചേവ് എന്നറിയപ്പെട്ടത് എം.എൻ.ഗോവിന്ദൻനായർ.
62. കേരള മുഖ്യമന്ത്രിമാരിൽ കാലാവധി പൂർത്തിയാക്കിയ ആദ്യത്തെ വ്യക്തി സിപിഐ നേതാവായ സി.അച്യുതമേനോൻ. കാലാവധി പൂർത്തിയാക്കിയ ആദ്യ കോൺഗ്രസ് മുഖ്യമന്ത്രി കെ.കരുണാകരൻ. സിപിഎം നേതാക്കളിൽ കേരളമുഖ്യമന്ത്രി സ്ഥാനത്ത് ആദ്യമായി കാലാവധി പൂർത്തിയാക്കിയത് വി എസ് അച്യുതാനന്ദൻ.
63. കേരള വ്യാസൻ എന്നറിയപ്പെട്ടത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ. കേരള വാല്മീകി, വള്ളത്തോൾ.
64. കേരള കലാമണ്ഡലം സ്ഥാപിതമായ വർഷം 1930. കേരള കലാമണ്ഡലത്തെ കേരള സർക്കാർ ഏറ്റെടുത്ത വർഷം 1957.
65. കേരള കിസിഞ്ജർ എന്നറിയപ്പെട്ടത് ബേബി ജോൺ ആണ്. കേരള സുഭാഷ് ചന്ദ്രബോസ് എന്നറിയപ്പെടുന്നത് മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ്.
66. കേരള കൗമുദി പത്രം സി.വി.കുഞ്ഞുരാമൻ 1911–ൽ ആരംഭിച്ചത് കൊല്ലത്ത് മയ്യനാട്ടുനിന്നാണ്. എന്നാൽ, ഇപ്പോൾ കേരള കൗമുദിയുടെ ആസ്ഥാനം തിരുവനന്തപുരത്ത് പേട്ടയിലാണ്.
67. കേരള ഗവർണറായ ആദ്യ വനിത ജ്യോതി വെങ്കിടാചലമാണ്. എന്നാൽ, ഇന്ത്യയിൽ ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഗവർണർ പദവിയിലെത്തിയ ആദ്യ വനിത എം.എസ്.ഫാത്തിമാബീവിയാണ്.
68. കേരള സാഹിത്യ അക്കാദമിയുടെ ആദ്യ അധ്യക്ഷനാണ് സർദാർ കെ. എം.പണിക്കർ. എന്നാൽ, കേരള സാഹിത്യ അക്കാദമിയുടെ ആദ്യ ഉപാധ്യക്ഷൻ വള്ളത്തോൾ നാരായണമേനോനാണ്. വള്ളത്തോളിനൊപ്പം ഉപാധ്യക്ഷ പദവി വഹിച്ച മറ്റൊരു വ്യക്തി കെ.പി.കേശവമേനോനാണ് (ആദ്യം നിയമിതനായത് വള്ളത്തോൾ )
69. കേരള സിംഹം എന്നറിയപ്പെട്ടത് പഴശ്ശി രാജാ. സിംഹള സിംഹം സി.കേശവൻ.
70. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായ ആദ്യ വനിത സുജാതാ മനോഹർ. ആ പദവി വഹിച്ച ആദ്യ കേ

# മൂന്നാറിലും മൂവാറ്റുപുഴയിലും സംഗമിക്കുന്ന നദികൾ

രളീയ വനിത കെ.കെ. ഉഷ.

71. കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപറേഷൻെറ ആസ്ഥാനം കോട്ടയമാണ്. എന്നാൽ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിലെ പീച്ചിയിലാണ്.
72. കേരളത്തിൽ ക്രിസ്ത്യാനികൾ ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കോട്ടയത്തും ഏറ്റവും കുറവ് മലപ്പറത്തുമാണ്.
73. കേരളത്തിൽ മുസ്ലിങ്ങൾ ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മലപ്പുറത്തും ഏറ്റവും കുറവ് കോട്ടയത്തുമാണ്.
74. കേരളത്തിൽ നിന്ന് പാർലമെന്റംഗമായ ആദ്യ വനിത ആനി മസ്ക്രീൻ. കേരളത്തിൽനിന്ന് രാജ്യസഭാംഗമായ ആദ്യ മലയാളി വനിത ലക്ഷ്മി എൻ മേനോനാണ്. ബിഹാറിൽനിന്ന് 1952–ൽ തിരഞ്ഞെടുക്കപ്പെട്ടു. തിരുകൊച്ചിയിൽനിന്ന് രാജ്യസഭയിലെത്തിയ ആദ്യ വനിത ഭാരതി ഉദയഭാനു (1954).
75. കേരളത്തിൽ ആദ്യമായി ഓണം ആഘോഷിച്ചത് തൃക്കാക്കരയിലായിരുന്നുവെന്നാണ് ഐതിഹ്യം, ഓണത്തോടനുബന്ധിച്ചുള്ള ആഘോഷമായ അത്തച്ചമയം നടക്കുന്നത് തൃപ്പൂണിത്തുറയിലാണ്.
76. കേരളത്തിൽ ശരാശരി താപനില ഏറ്റവും കൂടിയ ജില്ലയാണ് പാലക്കാട്. എന്നാൽ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്ന സ്ഥലം കൊല്ലം ജില്ലയിലെ പുനലൂരാണ്.
77. കേരളത്തിൽ ഹിന്ദുക്കൾ ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ തിരുവനന്തപുരത്തും ഏറ്റവും കുറവ് മലപ്പുറത്തുമാണ്.
78. കേരളത്തിൽ ജൂതക്കുന്ന് ചാവക്കാട്ടാണ്. എന്നാൽ ജൂതക്കുളം മാടായിയിലാണ് സ്ഥിതിചെയ്യുന്നത്.
79. കേരളത്തിൽ ടെലിവിഷൻ സംപ്രേക്ഷണം ആരംഭിച്ചത് 1982–ലാണ്. എന്നാൽ, മലയാള പരിപാടികളുടെ സംപ്രേക്ഷണം ആരംഭിച്ചത് 1985–ലാണ്.
80. കേരളത്തിൽ ലോട്ടറി ആരംഭിച്ച മന്ത്രി പി.കെ. കുഞ്ഞ്. ലക്ഷംവീട് പദ്ധതി ആവിഷ്കരിച്ച മന്ത്രി എം.എൻ.ഗോവിന്ദൻ നായർ.
81. കേരളത്തിലാദ്യമായി നിയമസഭയിലേക്ക് ഉപതിരഞ്ഞെടുപ്പ് നടന്നത് ദേവികുളം മണ്ഡലത്തിലാണ് (1958). എന്നാൽ, കേരളത്തിൽ ലോക്സഭയിലേക്ക് ആദ്യമായി ഉപതിരഞ്ഞെടുപ്പ് നടന്നത് മുകുന്ദപുരം മണ്ഡലത്തിലാണ് (1970).
82. കേരളത്തിലാദ്യമായി സിനിമാ പ്രദർശനം നടന്നത് കോഴിക്കോട്ടാണ്. ആദ്യത്തെ സിനിമാ സ്റ്റുഡിയോ സ്ഥാപിതമായത് ആലപ്പുഴയിൽ.
83. കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്തെ നദിയാണ് നെയ്യാർ. എന്നാൽ, കേരളത്തിലെ ഏറ്റവും വടക്കേയറ്റത്തെ നദി മഞ്ചേശ്വരം പുഴയാണ്.
84. കേരളത്തിന്റെ വിസ്തീർണം 38863 ചതുരശ്രകിലോമീറ്ററാണ്. എന്നാൽ, ഇത് 15005 ചതുരശ്രമൈലിനു തുല്യമാണ്.
85. കേരളത്തിലെ അക്കാദമിക് സർവകലാശാലകളുടെ ചാൻസലർ ഗവർണറാണ്. എന്നാൽ നിയമ സർവകലാശാല (നുവാൽസ്) യുടെ ചാൻസലർ ഹൈക്കോടതി ചീഫ് ജസ്റ്റിസാണ്.
86. കേരളത്തിലെ അശോകൻ എന്നു വിശേഷിപ്പിക്കപ്പെട്ടത് വരഗുണൻ. ദക്ഷിണേന്ത്യയിലെ അശോകൻ അമോഘവർഷൻ.
87. കേരളത്തിലെ ആദ്യത്തെ സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരത്തേത്. സ്വകാര്യ മെഡിക്കൽ കോളേജ് ടി.ഡി.മെഡിക്കൽ കോളേജ്, ആലപ്പുഴ. പിന്നീട് അതിനെ സർക്കാർ ഏറ്റെടുത്തു.
88. കേരളത്തിലെ ആദ്യത്തെ അന്താരാഷ്ട്ര വിമാനത്താവളം തിരുവനന്തപുരമാണ്. ഇന്ത്യയിൽ ആദ്യമായി ജനകീയ പങ്കാളിത്തത്തോടെ നിർമിച്ച വിമാനത്താവളം എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരിയാണ്.
89. കേരളത്തിലെ ആദ്യത്തെ ഇ.എം.എസ് മന്ത്രിസഭ അധികാരത്തിൽവന്ന തീയത് 1957 ഏപ്രിൽ 5. മന്ത്രിസഭയെ കേന്ദ്രം പിരിച്ചുവിട്ട തീയതി 1959 ജൂലൈ 31.
90. കേരളത്തിലെ ആദ്യത്തെ ശിൽപനഗരമാണ് കോഴിക്കോട്. എന്നാൽ, കേരളത്തിലെ ആദ്യത്തെ ചുമർചിത്ര നഗരം കോട്ടയമാണ്.
91. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുതപദ്ധതി ഇടുക്കി ജില്ലയിലെ പള്ളിവാസൽ. എന്നാൽ, മലബാറിലെ ആദ്യത്തെ ജലവൈദ്യുതപദ്ധതി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി.
92. തിരുനക്കര ബീച്ച് തിരുവനന്തപുരം ജില്ലയിൽ വർക്കലയ്ക്ക് സമീപമാണ്. [illegible] കോട്ടയത്താണ്. എന്നാൽ, തേക്കിൻകാട് മൈതാനം തൃശ്ശൂരിലാണ്.
93. തിരുവനന്തപുരത്ത് ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഭദ്രദീപം നടക്കുന്നത് ആറുമാസത്തിലൊരിക്കലാണ്. എന്നാൽ, മുറജപം നടക്കുന്നത് ആറു വർഷത്തിലൊരിക്കലാണ്.
94. തിരുവനന്തപുരം റേഡിയോ നിലയം പ്രവർത്തനമാരംഭിച്ച വർഷം 1943. എന്നാൽ, തിരുവനന്തപുരം റേഡിയോ നിലയം ആൾ ഇന്ത്യാറേഡിയോ ഏറ്റെടുത്ത വർഷം 1951
95. പഴശ്ശി രാജാ മ്യൂസിയം കോഴിക്കോട്ടാണ്. എന്നാൽ, പഴശ്ശി ജലസംഭരണി കണ്ണൂർ ജില്ലയിലാണ്.
96. തിരുവിതാംകൂറിൽ പണ്ട് താലൂക്കുകൾ മണ്ഡപത്തുംവാതുക്കൽ എന്നാണറിയപ്പെട്ടിരുന്നത്. എന്നാൽ, കൊച്ചിയിൽ കോവിലകത്തുംവാതുക്കൽ എന്നാണ് അറിയപ്പെട്ടിരുന്നത്.
97. തിരുവിതാംകൂറിലെ ആദ്യത്തെ ദളവ അറുമുഖം പിള്ള. ദിവാൻ എന്ന പേരോടെ മുഖ്യസചിവപദം കൈയാളിയ ആദ്യ വ്യക്തി രാജാ കേശവദാസൻ.
98. ഇന്ത്യയിലെ ആദ്യത്തെ മെഴുകു മ്യൂസിയം സ്ഥാപിച്ചത് കന്യാകുമാരിയിൽ. കേരളത്തിലെ ആദ്യത്തെ മെഴുകു മ്യൂസിയം സ്ഥാപിച്ചത് തേക്കടിയിൽ.
99. കേരളത്തിലെ ആദ്യത്തെ പോസ്റ്റോഫീസ് ആരംഭിച്ചത് തിരുവിതാംകൂറിലെ ആലപ്പുഴയിൽ (1857). ആദ്യ സ്പീഡ് പോസ്റ്റ് സെന്റർ കൊച്ചിയിൽ (1986).
100. കേരളത്തിലെ ആദ്യത്തെ കോസ്റ്റൽ പൊലീസ് സ്റ്റേഷൻ നീണ്ടകര. ടൂറിസം പൊലീസ് സ്റ്റേഷൻ മട്ടാഞ്ചേരി.
101. തേക്കടിയുടെ കവാടംഎന്നറിയപ്പെടുന്നത് കുമളിയാണ്. എന്നാൽ, ഹൈറേഞ്ചിലേക്കുള്ള കവാടം കോതമംഗലമാണ്. വയനാടിന്റെ കവാടം ലക്കിടി. തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്കുള്ള കവാടം പാലക്കാട് ചുരം.
102. കേരളത്തിലെ ഏറ്റവും വലിയ തീവണ്ടിയപകടം പെരുമൺ (1988). മലബാറിലെ ഏറ്റവും വലിയ തീവണ്ടിയപകടം കടലുണ്ടി (2001).
103. കേരളത്തിലെ വൃന്ദാവനം എന്നറിയപ്പെടുന്നത് മലമ്പുഴ ഉദ്യാനം. എന്നാൽ, കേരളത്തിലെ കശ്മീർ എന്നറിയപ്പെടുന്നത് മൂന്നാർ.
104. കോഴഞ്ചേരി പ്രസംഗണ്ടവുമായി ബന്ധപ്പെട്ട നേതാവ് സി.കേശവൻ. എന്നാൽ, മുതുകുളം പ്രസംഗവുമായി ബന്ധപ്പെട്ട നേതാവ് മന്നത്ത് പദ്മനാഭൻ.കുളത്തൂർ പ്രസംഗവുമായി ബന്ധപ്പെട്ടത് പത്രാധിപർ കെ.സുകുമാരൻ.
105. കേരളത്തിലെ കാശി എന്നറിയപ്പെടുന്നത് തിരുനെല്ലി. എന്നാൽ, തെക്കൻ കൈലാസം എന്നറിയപ്പെടുന്നത് തൃശ്ശൂർ മഹാദേവക്ഷേത്രം.
106. തമിഴ്നാട് ഗവർണറായ മലയാളി വനിതയാണ് ജസ്റ്റിസ് എം.എസ്.ഫാത്തിമാബീവി. എന്നാൽ, കേരളത്തിൽ ഗവർണറായ തമിഴ്നാട്ടിലെ വനിതയാണ് ജ്യോതി വെങ്കിടാചലം.
107. കേരളത്തിലെ താറാവു വളർത്തൽ കേന്ദ്രം പത്തനംതിട്ടയിലെ നിരണം, മയിൽ പരിരക്ഷണ കേന്ദ്രം പാലക്കാട് ജില്ലയിലെ ചൂലന്നൂർ.
108. ഡൽഹി ഗാന്ധി സി.കൃഷ്ണൻ നായർ. കേരള ഗാന്ധി കെ.കേളപ്പൻ.
109. കേരളമുഖ്യമന്ത്രിപദം വഹിച്ചശേഷം (മറ്റൊരു സംസ്ഥാനത്ത്)ഗവർണായ വ്യക്തി യാണ് പട്ടം താണുപിള്ള. ആദ്യം പഞ്ചാബിലും (1962) പിന്നീട് ആന്ധ്രപ്രദേശിലും(1964). എന്നാൽ, അതിനുമുമ്പ് തിരു–കൊച്ചി മുഖ്യമന്ത്രിയായിരുന്ന എ.ജെ.ജോൺ തമിഴ്നാട്ടിൽ (അന്നത്തെ മദ്രാസ്) ഗവർണർപദം വഹിച്ചിട്ടുണ്ട് (1956). മുഖ്യമന്ത്രിയായശേഷം ഗവർണറായ ആദ്യ മലയാളി എ.ജെ.ജോൺ ആണ്.
110. ദേശീയതലത്തിൽ മികച്ച ചിത്രത്തിനുള്ള വെള്ളിമെഡൽ നേടിയ ആദ്യമലയാളചിത്രം നീലക്കുയിൽ ആണ്. ദേശീയതലത്തിൽ മികച്ച ചിത്രത്തിനുള്ളസ്വർണ മെഡൽ നേടിയ ആദ്യമലയാളചിത്രം ചെമ്മീൻ ആണ്.
111. കേരളസംസ്ഥാനത്തെ ആദ്യത്തെ കമ്യൂണിസ്റ്റ് മുഖ്യമന്ത്രി ഇ.എം.എസ്, ആദ്യത്തെ കോൺഗ്രസ് മുഖ്യമന്ത്രി ആർ.ശങ്കർ.
112. കേരളം ഏറ്റവും കൂടുതൽ കാലം ഭരിച്ച മുഖ്യമന്ത്രി ഇ.കെ.നായനാരാണ്. എന്നാൽ, കേരളത്തിൽ ഏറ്റവും കൂടുതൽ മുഖ്യമന്ത്രിയായത് കെ.കരുണാകരൻ.
113. കോട്ടയം ജില്ലയിലെ അതിരമ്പുഴ ആസ്ഥാനമായ മഹാത്മാഗാന്ധി സർവകലാശാലയാണ് ഒരു വ്യക്തിയുടെ പേരിൽ നാമകരണം ചെയ്യപ്പെട്ട കേരളത്തിലെ ആദ്യത്തെ സർവകലാശാല. ഒരു കേരളീയന്റെ പേരിൽ നാമകരണം ചെയ്യപ്പെട്ട കേരളത്തിലെ ആദ്യത്തെ സർവകലാശാല എറണാകുളം ജില്ലയിലെ കാലടി ആസ്ഥാനമായ ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയാണ്.
114. യജമാനൻ എന്ന മാസിക വാഗ്ഭടാനന്ദനാണ് ആരംഭിച്ചത്. സഹോദരൻ അയ്യപ്പൻ ആരംഭിച്ച പ്രസിദ്ധീകരണമാണ് വേലക്കാരൻ.
115. കുമാരനാശാൻ രചിച്ച ബുദ്ധമതാദർശാധിഷ്ഠിതമായ രണ്ട് കൃതികളാണ് ചണ്ഡാലഭിക്ഷുകിയും (1922) കരുണയും (1923). വാസവദത്ത എന്ന വാരസുന്ദരിക്ക് ബുദ്ധശിഷ്യനായ ഉപഗുപ്തനോട് തോന്നുന്ന ആസക്തിയാണ് കരുണയിലെ പ്രമേയം. മാതംഗി എന്ന ചണ്ഡാലയുവതിക്ക് ബുദ്ധശിഷ്യനായ ആനന്ദഭിക്ഷുവിനോട് തോന്നുന്ന അഭിനിവേശമാണ് ചണ്ഡാലഭിക്ഷുകിയിലെ പ്രമേയം.
116. കുമാരനാശാൻ ജനിച്ചത് തിരുവനന്തപുരം ജില്ലയിൽ കായിക്കരയിൽ. ബോട്ടുമുങ്ങി മരിച്ചത് ആലപ്പുഴ ജില്ലയിൽ പല്ലനയാറ്റിൽ (കുമാരകോടി).
117. കുമാരനാശാനെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്ന് വിശേഷിപ്പിച്ചത് ജോസഫ് മുണ്ടശ്ശേരിയാണ്. ആശാനെ നവോത്ഥാനത്തിന്റെ കവി എന്നു വിശേഷിപ്പിച്ചത് തായാട്ട് ശങ്കരനാണ്.
118. കൃഷിമന്ത്രിയാണ് കേരള കാർഷിക സർവകലാശാലയുടെ പ്രോ–ചാൻസലർ. എന്നാൽ, ആരോഗ്യ സർവകലാശാലയുടെ പ്രോ–ചാൻസലർ ആരോഗ്യമന്ത്രിയാണ്.
119. കൃഷ്ണനാട്ടത്തിന്റെ ഉപജ്ഞാതാവ് മാനവേദൻ എന്ന സാമൂതിരി രാജാവാണ്. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് കൊട്ടാരക്കര തമ്പുരാൻ. രാമനാട്ടത്തിൽനിന്നാണ് കഥകളി വികാസം പ്രാപിച്ചത്.
120. സിപിഎം കേരളഘടകത്തിന്റെ മുഖപത്രമാണ് ദേശാഭിമാനി .സിപിഐ കേരളഘടകത്തിന്റെ മുഖപത്രമാണ് ജനയുഗം. . കോൺഗ്രസ് കേരളഘടകത്തിന്റേത് വീക്ഷണം.
121. ചട്ടമ്പി സ്വാമികൾ ജനിച്ചത് തിരുവനന്തപുരം ജില്ലയിലെ കണ്ണമ്മൂലയിലാണ്. എന്നാൽ, അദ്ദേഹം സമാധിയായത് കൊല്ലം ജില്ലയിലെ പന്മനയിൽ വച്ചാണ്.
122. ചട്ടമ്പിസ്വാമികൾക്ക് ജ്ഞാനോദയം ലഭിച്ച സ്ഥലം വടിവിശ്വരം. ശ്രീനാരായണഗുരു ആത്മീയോന്നതി കൈവരിച്ചത് മരുത്വാമലയിൽ.
123. കൊച്ചി രാജാക്കൻമാരുടെ കിരീടധാരണം നടന്നിരുന്ന സ്ഥലമാണ് ചിത്രകൂടം. എന്നാൽ, സാമൂതിരിയുടെ കിരീട ധാരണം നടന്നിരുന്ന സ്ഥലമാണ് കോട്ടപ്പറമ്പ്.
124. ടാഗോറിന് ആദരവ് അർപ്പിച്ചുകൊണ്ട് ദിവ്യകോകിലം രചിച്ചത് കുമാരനാശാൻ. ചട്ടമ്പിസ്വാമികൾ അന്തരിച്ചപ്പോൾ സമാധി സങ്കൽപം രചിച്ചത് പണ്ഡിറ്റ് കറുപ്പൻ.
125. കൊച്ചി തുറമുഖത്തിന്റെ ഉദ്ഘാടനം 1928–ൽ ആയിരുന്നു. എന്നാൽ, കൊച്ചി മേജർ തുറമുഖമായ വർഷമാണ് 1936.
126. വേണാടു രാജാക്കൻമാരുടെ ബിരുദമാണ് കുലശേഖരപ്പെരുമാൾ. കൊച്ചി രാജാക്കൻമാർ കോയിലധികാരികൾ എന്ന ബിരുദമാണ് സ്വീകരിച്ചത്.
127. ഹൈക്കോടതി ജഡ്ജിയായ ആദ്യ മലയാളി വനിത അന്നാ ചാണ്ടിയാണ്. സുപ്രീം കോടതി ജഡ്ജിയായ ആദ്യ മലയാളി വനിത എം.എസ്. ഫാത്തിമാ ബീവിയാണ്.
128. കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപകൻ ടി.കെ. നായർ. എന്നാൽ, കൊച്ചിയിൽ പ്രജാമണ്ഡലം സ്ഥാപിച്ചത് (1941) വി.ആർ.കൃഷ്ണനെഴുത്തച്ഛൻ.
129. കേരള നിയമസഭയിൽ ഡെപ്യൂട്ടി സ്പീക്കറായ ആദ്യ വനിതയാണ് കെ.ഒ.അയിഷാഭായി. എന്നാൽ, കേരള നിയമസഭയിൽ പ്രോട്ടേം സ്പീക്കറായ ആദ്യ വനിത റോസമ്മാ പുന്നൂസാണ്. കേരള നിയമസഭയിൽ ആക്ടിങ് സ്പീക്കറായ ആദ്യ വനിത നഫീസത്തുബീവിയാണ്.
130. കൊച്ചിയിലെ ഡച്ചുകൊട്ടാരം നിർമിച്ചത് പോർച്ചുഗീസുകാർ. എന്നാൽ, ഡച്ചുകാർ പുതുക്കിപ്പണിതതിനാലാണ് ആ പേരുലഭിച്ചത്.
131. ക്രൈസ്തവ കാളിദാസൻ എന്നറിയപ്പെടുന്നത് കട്ടക്കയം ചെറിയാൻ മാപ്പിള. കേരള കാളിദാസൻ എന്നറിയ

# ദക്ഷിണ ദ്വാരകയും കേരളത്തിലെ പഴനിയും

പ്പെട്ടത് കേരള വർമ വലിയ കോയിത്തമ്പുരാൻ.

132. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത തമിഴ്നാട്ടിലെ നേതാവാണ് ഇ.വി. രാമസ്വാമി നായ്ക്കർ. എന്നാൽ, തമിഴ്നാട്ടിൽ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത തിരുവിതാംകൂറുകാരനാണ് ജി.രാമചന്ദ്രൻ.
133. 2011–ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളുള്ള ഏക സംസ്ഥാനം കേരളവും ഏക കേന്ദ്രഭരണ പ്രദേശം പുതുച്ചേരിയുമാണ്.
134. ദക്ഷിണ ദ്വാരക എന്നറിയപ്പെടുന്നത് ഗുരുവായൂർ. എന്നാൽ, 'കേരളത്തിലെ പഴനി' എന്നറിയപ്പെടുന്നത് ഹരിപ്പാട് സുബ്രമണ്യ ക്ഷേത്രം.
135. 'കേരളത്തിലെ പക്ഷിഗ്രാമം' എന്നറിയപ്പെടുന്നത് ആലപ്പുഴ ജില്ലയിലെ നൂറനാട്. എന്നാൽ, പക്ഷിപാതാളം വയനാട് ജില്ലയിലാണ്.
136. അഭിനവ കേരളം എന്ന പ്രസിദ്ധീകരണമാരംഭിച്ചത് വാഗ്ഭടാനന്ദൻ. പ്രബുദ്ധകേരളം ആരംഭിച്ചത് സ്വാമി ആഗമാനന്ദൻ.
137. കേരള സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം ക്യാബിനറ്റ് പദവി വഹിച്ച നേതാവ് കെ.കരുണാകരനാണ്. ഈ പ്രത്യേകതയുള്ള കമ്യൂണിസ്റ്റ് നേതാവ് വിഎസ് അച്യുതാനന്ദൻ.
138. കേരളത്തിലാണ് ഏതെങ്കിലുമൊരു മണ്ഡലത്തിൽ ആദ്യമായി ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ചത്– 1982 ൽ പറവൂർ ഉപതിരഞ്ഞെടുപ്പിൽ. എന്നാൽ, ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ ഇലക്ഷൻ നടത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം ഗോവയാണ്.
139. കേരളത്തിലെ ഏറ്റവും വലിയ തീവണ്ടിയപകടം പെരുമൺ (1988). മലബാറിലെ ഏറ്റവും വലിയ തീവണ്ടിയപകടം കടലുണ്ടി (2001).
140. വടക്കൻ കേരളത്തിൽ പാറ്റ അറിയപ്പെടുന്ന പേരാണ് കൂറ. എന്നാൽ, തെക്കൻ കേരളത്തിൽ ഈ വാക്ക് ഉപയോഗിക്കുന്നത് മുഷിഞ്ഞ തുണി എന്ന അർഥത്തിലാണ്.
141. കമ്യൂണിസ്റ്റ് പാർട്ടി 1964–ൽ പിളർന്നപ്പോൾ കേരളത്തിൽ സി.പി.എമ്മിന് ഇ.എം.എസാണ് നേതൃത്വം നൽകിയത്. എന്നാൽ, സി.പി.ഐയെ എം.എൻ.ഗോവിന്ദൻ നായരാണ് നയിച്ചത്.
142. സി.പി.എമ്മിന്റെ കേരളഘടകത്തിന്റെ ആസ്ഥാനം എ.കെ.ജി. സെന്റർ. സി.പി.ഐ. കേരളഘടകത്തിന്റെ ആസ്ഥാനം എം.എൻ.സ്മാരകം. രണ്ടും തിരുവനന്തപുരത്താണ്.
143. നളചരിതം ആട്ടക്കഥ ഉണ്ണായിവാര്യരുടെ രചനയാണ്. കുഞ്ചൻ നമ്പ്യാരാണ് നളചരിതം തുള്ളൽ രചിച്ചത്.
144. പത്തനംതിട്ട ജില്ലയിലെ മണ്ണടിയിലാണ് വേലുത്തമ്പി ദളവ ആത്മഹത്യചെയ്തത്. എന്നാൽ, വേലുത്തമ്പിയുടെ മൃതശരീരം കഴുവിലേറ്റിയ സ്ഥലം തിരുവനന്തപുരത്തെ കണ്ണമ്മൂലയാണ്.
145. ക്ഷയരോഗംമൂലം അന്തരിച്ച മലയാള കവി ചങ്ങമ്പുഴ കൃഷ്ണപിള്ള. പേപ്പട്ടി വിഷബാധമൂലം മരിച്ചത് കുഞ്ചൻ നമ്പ്യാർ.
146. 1931–ൽ യാചനയാത്ര നയിച്ചത് വി.ടി. ഭട്ടതിരിപ്പാട്. 1936–ൽ പട്ടിണി ജാഥ നയിച്ചത് എ.കെ. ഗോപാലൻ.
147. മാധവിക്കുട്ടിയും അനുജത്തി സുലോചനയും ചേർന്നെഴുതിയ നോവലാണ് കവാടം. മാധവിക്കുട്ടിയും കെ.എൽ. മോഹനവർമയും ചേർന്നെഴുതിയ നോവലാണ് അമാവാസി.
148. ആഭ്യന്തര അടിയന്തരാവസ്ഥക്കാലത്തെ കേരള മുഖ്യമന്ത്രി സി.അച്യുതമേനോൻ ആയിരുന്നു. എന്നാൽ, ആഭ്യന്തര അടിയന്തരാവസ്ഥക്കാലത്തെ കേരള ആഭ്യന്തരമന്ത്രി കെ.കരുണാകരൻ ആയിരുന്നു.
149. ആറ്റിങ്ങൽ കലാപം നടന്നത് 1721–ലാണ്. മലബാർ കലാപത്തിന്റെ ഭാഗമായ വാഗൺ ട്രാജഡി നടന്നത് 1921–ലാണ്.
150. ആലപ്പുഴയെ തുറമുഖമായി വികസിപ്പിച്ചത് രാജാ കേശവദാസനാണ്. എന്നാൽ, കിഴക്കിന്റെ വെനീസ് എന്ന് ആലപ്പുഴയെ വിശേഷിപ്പിച്ചത് ഇന്ത്യാ വൈസ്രോയിയായിരുന്ന കഴ്സൺ പ്രഭുവാണ്.
151. ആശ്ചര്യമഞ്ജരി രചിച്ചത് കുലശേഖരആഴ്വാർ ആണ്. ആശ്ചര്യചൂഡാമണി രചിച്ചത് ശക്തിഭദ്രൻ.
152. ആദ്യ മലയാളി വനിതാ ഐ.എ.എസ്. ഓഫീസറാണ് അന്നാ രാജം ജോർജ്. എന്നാൽ, ആദ്യ മലയാളി വനിതാ ഐ.പി.എസ്. ഓഫീസർ ആർ.ശ്രീലേഖയാണ്.
153. കേരളത്തിലെ ആദ്യത്തെ വനിതാ ചീഫ് സെക്രട്ടറി പദ്മാ രാമചന്ദ്രൻ. സംസ്ഥാനത്ത് ഡിജിപി റാങ്കിലെത്തിയ ആദ്യ വനിത ആർ.ശ്രീലേഖ.
154. ഇടുക്കി ജില്ലയിലെ വട്ടവട വെളുത്തുള്ളി കൃഷിക്ക് പ്രസിദ്ധമാണ്. പാലക്കാട് ജില്ലയിലെ മുതലമട മാമ്പഴ കൃഷിക്ക് പ്രസിദ്ധമാണ്.
155. കേരളത്തിലെ ഇപ്പോഴത്തെ സെക്രട്ടേറിയറ്റ് മന്ദിരം പണികഴിപ്പിച്ച രാജാവ് ആയില്യം തിരുനാൾ. എന്നാൽ, സെക്രട്ടേറിയറ്റ് മന്ദിരം പണികഴിപ്പിക്കുമ്പോൾ ദിവാനായിരുന്നത് ടി.മാധവറാവു.
156. ഉപ്പുസത്യാഗ്രഹത്തിന്റെ ഭാഗമായി കോഴിക്കോട്ടുനിന്ന് പയ്യന്നൂരേക്ക് പുറപ്പെട്ട ജാഥ കെ. കേളപ്പനാണ് നയിച്ചത്. എന്നാൽ, പാലക്കാട്ടുനിന്ന് പുറപ്പെട്ട ജാഥ ടി.ആർ.കൃഷ്ണസ്വാമി അയ്യരാണ് നയിച്ചത്.
157. ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിലാണ്. പി.ടി. ഉഷ കോച്ചിംഗ് സെന്റർ തിരുവനന്തപുരത്താണ്.
158. ഉജ്ജ്വലശബ്ദാഢ്യൻ എന്നറിയപ്പെട്ടത് ഉള്ളൂർ. ശബ്ദസുന്ദരൻ എന്നറിയപ്പെട്ടത് വള്ളത്തോൾ.
159. എറണാകുളം ജില്ലയിൽ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം സ്ഥിതിചെയ്യുന്ന സ്ഥലമാണ് കടവന്ത്ര. ജവഹർലാൽ നെഹ്രു ഇന്റർനാഷണൽ സ്റ്റേഡിയം സ്ഥിതിചെയ്യുന്നത് കലൂരിലാണ്.
160. എസ്എൻഡിപി യോഗത്തിന്റെ മാതൃകയിലാണ് അയ്യങ്കാളി, സാധുജനപരിപാലനസംഘം ആരംഭിച്ചത് (1907). ഗോപാലകൃഷ്ണ ഗോഖലെയുടെ സെർവന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റിയുടെ മാതൃകയിലാണ് മന്നത്ത് പദ്മനാഭൻ, നായർ സർവീസ് സൊസൈറ്റി സ്ഥാപിച്ചത് (1914).
161. എസ്എൻഡിപി യോഗത്തിന്റെ മുൻഗാമി വാവൂട്ടു യോഗം. എന്നാൽ, എൻഎസ്എസിന്റെ മുൻഗാമി നായർ ഭൃത്യജനസംഘം.
162. ഏലം ബോർഡിന്റെ ആസ്ഥാനം കോട്ടയം. ഏലം ഗവേഷണ കേന്ദ്രം പാമ്പാടുംപാറ.
163. ഒരു ജാതി ഒരുമതം,ഒരു ദൈവം മനുഷ്യന് എന്ന് പറഞ്ഞത് നാരായണഗുരു. ജാതി വേണ്ടാ. മതം വേണ്ടാ മനുഷ്യന് ദൈവം വേണ്ടാ മനുഷ്യന് എന്നു പറഞ്ഞത് സഹോദരൻ അയ്യപ്പൻ.
164. ഒളിമ്പിക്സ് സെമിഫൈനലിലെത്തിയ ആദ്യ മലയാളി വനിതയാണ് ഷൈനി വിൽസൺ. എന്നാൽ, ഒളിമ്പിക്സ് ഫൈനലിലെത്തിയ ആദ്യ മലയാളി വനിത പി.ടി.ഉഷയാണ് (1984, ലോസ് ആഞ്ചലസ്).
165. കണ്ണൂരിലെ സെന്റ് ആഞ്ജലോ കോട്ട നിർമിച്ചത് പോർച്ചുഗീസുകാരാണ് (1505). തലശ്ശേരിക്കോട്ട നിർമിച്ചത് ബ്രിട്ടീഷുകാരാണ് (1708).
166. കാസർകോട് ജില്ലയിലെ ചന്ദ്രഗിരിക്കോട്ട നിർമിച്ചത് ബിദനൂരിലെ ശിവപ്പനായക്, ഹോസ്ദുർഗ് കോട്ട നിർമിച്ചത് ഇക്കേരിവംശത്തിലെ സോമശേഖര നായക്.
167. ഏഷ്യാഡിൽ സ്വർണം നേടിയ ആദ്യ മലയാളി വനിതയാണ് എം.ഡി.വത്സമ്മ. എന്നാൽ, ലോക അത്‌ലറ്റിക് മീറ്റിൽ മെഡൽ നേടിയ ആദ്യ മലയാളി വനിത അഞ്ജു ബോബി ജോർജാണ്.
168. മഹാത്മാഗാന്ധിയെക്കുറിച്ച് എന്റെ ഗുരുനാഥൻ എന്ന കവിത രചിച്ചത് വള്ളത്തോളാണ്.ഗാന്ധിജിയും ഗോഡ്സെയും എന്ന കവിത എഴുതിയത് എൻ.വി.കൃഷ്ണവാര്യരാണ്. ഗാന്ധിയും അരാജകത്വവും രചിച്ചത് സി.ശങ്കരൻ നായർ.
169. ഗദ്യവും പദ്യവും ഇടകലർത്തിയുള്ള സാഹിത്യരൂപമാണ് ചമ്പു. മലയാളവും സംസ്കൃതവും ഇടകലർത്തിയുള്ള രചനാരീതിയാണ് മണിപ്രവാളം.
170. ഹാൻടെക്സിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. എന്നാൽ, ഹാനിവീവിന്റേത് കണ്ണൂരാണ്.
171. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻെറ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നത് മാന്നാനത്താണ്. എന്നാൽ, സിസ്റ്റർ അൽഫോൻസയുടെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നത് ഭരണങ്ങാനത്താണ്.
172. ചീനവലയ്ക്കു പ്രസിദ്ധമായ കേരളത്തിലെ സ്ഥലമാണ് കൊച്ചി. പ്രസിദ്ധമായ ചീനക്കൊട്ടാരം കൊല്ലത്താണ്.
173. ജനകീയ കവിതയുടെ ശുക്രനക്ഷത്രമെന്ന് നിരൂപകർ വിലയിരുത്തിയ കവി കുഞ്ചൻ നമ്പ്യാർ. വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്ന് ജോസഫ് മുണ്ടശ്ശേരി വിലയിരുത്തിയത് കുമാരനാശാനെയാണ്.
174. ജീവിതസമരം രചിച്ചത് സി.കേശവൻ. സമരംതന്നെ ജീവിതം–വിഎസ് അച്യുതാനന്ദൻ.
175. കൊല്ലം എന്ന പേരുള്ള സ്ഥലം മലബാറിലും തിരുവിതാംകൂറിലുമുണ്ട്. തിരുവിതാംകൂറിലെ കൊല്ലത്തുനിന്നും നിരവധി പേർ മലബാറിലേക്ക് കുടിയേറിയതിന്റെ ഫലമായിട്ടാണ് ഈ പേരുണ്ടായതെന്ന് കരുതപ്പെടുന്നു. മലബാറിൽ കൊയിലാണ്ടിക്കടുത്തെ കൊല്ലം, പന്തലായനി കൊല്ലം എന്നും തിരുവിതാംകൂറിലേത് കുരക്കേണി കൊല്ലം എന്നും അറിയപ്പെട്ടിരുന്നു.
176. നൈൽ ഡയറി എഴുതിയത് എസ്.കെ. പൊറ്റക്കാട്ട്. എന്റെ റഷ്യൻ ഡയറി എഴുതിയത് ഇ.കെ.നായനാർ.
177. തൈക്കാട് അയ്യയുടെ യഥാർഥ പേര് സുബ്ബരായൻ. വൈകുണ്ഠസ്വാമികളുടേത് മുത്തുക്കുട്ടി.
178. തൊണ്ണൂറാമാണ്ട് ലഹള എന്നറിയപ്പെടുന്നത് ഊരൂട്ടമ്പലം ലഹളയാണ്. കൊല്ലവർഷം 1090–ൽ നടന്നതിനാലാണ് തൊണ്ണൂറാമാണ്ട് ലഹള എന്നറിയപ്പെട്ടത് (1915). 99–ലെ വെള്ളപ്പൊക്കം 1924–ൽ ആയിരുന്നു. കൊല്ലവർഷം 1099–ലാണ് അത് സംഭവിച്ചത്.
179. പേവിഷബാധയേറ്റ് മരിച്ച കവിയാണ് കുഞ്ചൻ നമ്പ്യാർ. എന്നാൽ, ബോട്ടുമുങ്ങിമരിച്ചത് കുമാരനാശാൻ.
180. ട്രാവൻകൂർ സിമൻറ്സ് കോട്ടയം ജില്ലയിലെ നാട്ടകത്താണ്. എന്നാൽ, മലബാർ സിമന്റ്സ് പാലക്കാട് ജില്ലയിലെ വാളയാറിലാണ്.
181. തപാൽസ്റ്റാമ്പ്, നാണയം എന്നിവയിൽ മുദ്രണം ചെയ്യപ്പെട്ട ആദ്യ മലയാളി ശ്രീനാരായണഗുരുവാണ്. എന്നാൽ, തപാൽ സ്റ്റാമ്പിലെയും നാണയത്തിലെയും ആദ്യ മലയാളി വനിത അൽഫോൻസാമ്മയാണ്.
182. കേരളത്തിൽ ആദ്യം പത്രം പുറത്തിറങ്ങിയത് തലശ്ശേരിയിലാണ് (1847–രാജ്യസമാചാരം). തിരുവിതാംകൂറിൽ ആദ്യപത്രം പുറത്തിങ്ങിയത് കോട്ടയത്താണ് (1848–ജ്ഞാനനിക്ഷേപം). കൊച്ചീരാജ്യത്തെ ആദ്യ മലയാളപത്രം പശ്ചിമ താരകയാണ് (1864).
183. തിരുവനന്തപുരത്തുനിന്ന് 1930–1935 കാലയളവിൽ കേസരി പ്രസിദ്ധീകരിച്ചത് എ.ബാലകൃഷ്ണപിള്ളയാണ്. രാഷ്ട്രീയ സ്വയം സേവക് സംഘം കേരള ഘടകത്തിന്റെ മുഖപത്രമായ കേസരി കോഴിക്കോട്ട് ആരംഭിച്ചത് 1950–ൽ ആണ്.
184. തീയരുടെ ബൈബിൾ എന്ന് പരിഹസിക്കപ്പെട്ട പത്രമാണ് മിതവാദി. ഈഴവ ഗസറ്റ് എന്ന് വിളിച്ചത് വിവേകോദയത്തെയാണ്.
185. കേരളത്തിൽ അവിശ്വാസ പ്രമേയം നേരിട്ട ആദ്യ മുഖ്യമന്ത്രി ആർ. ശങ്കർ. ഏറ്റവും കൂടുതൽ അവിശ്വാസ പ്രമേയങ്ങളെ നേരിട്ട മുഖ്യമന്ത്രിയും ഏറ്റവും കൂടുതൽ അവിശ്വാസ പ്രമേയങ്ങളെ അതിജീവിച്ച മുഖ്യമന്ത്രിയും കെ.കരുണാകരൻ.
186. സ്വദേശാഭിമാനി പത്രം 1905–ൽ ആരംഭിച്ചത് വക്കം മൗലവിയും സ്വദേശാഭിമാനി എന്ന മാസിക 1923–ൽ ആരംഭിച്ചത് കെ.രാമകൃഷ്ണപിള്ളയുടെ മരുമകൻ എ.കെ. പിള്ളയുമാണ്. സ്വദേശാഭിമാനി പത്രത്തിന്റെ ചരിത്രവും അത് നിരോധിക്കാനിടയായ സാഹചര്യവും പ്രമേയമാക്കി സ്വദേശാഭിമാനി എന്ന നാടകം രചിച്ചത് വക്കം മൗലവിയുടെ മകൻ വക്കം അബ്ദുൾ ഖാദറാണ്.
187. കേരള ലൈബ്രറി കൗൺസിലിന്റെ പഴയ പേരാണ് കേരള ഗ്രന്ഥശാലാ സംഘം. കേരള മീഡിയ അക്കാദമി മുമ്പ് കേരള പ്രസ് അക്കാദമി ആയിരുന്നു.
188. അമൃത് ബസാർ പത്രികയുടെ മാതൃകയിലാരംഭിച്ച മലയാള പത്രമാണ് കേരള പത്രിക (1884). മഹാത്മജിയുടെ യങ് ഇന്ത്യയുടെ മാതൃകയിൽ തുടങ്ങിയ മലയാള പത്രമാണ് മാതൃഭൂമി (1923).
189. കേരള കൗമുദിയുടെ സ്ഥാപകൻ സി.വി.കുഞ്ഞുരാമനാണ് (1911). കൗമുദി എന്ന പത്രം 1937–ൽ ആരംഭിച്ചത് സി.കേശവനാണ്. 1950–ൽ കൗമുദി വാരിക ആരംഭിച്ചത് കെ.ബാലകൃഷ്ണനാണ് (സി.വി.കുഞ്ഞുരാമന്റെ മരുമകനായിരുന്ന സി.കേശവന്റെ മകനാണ് കെ.ബാലകൃഷ്ണൻ).
190. കോഴിക്കോട് ആസ്ഥാനമായി മാതൃഭൂമി പത്രം തുടങ്ങിയത് 1923–ൽ ആണ്. ദിനപ്പത്രമായത് ഉപ്പുസത്യാഗ്രഹത്തോട് അനുബന്ധിച്ച് 1930–ൽ.
191. ലോകത്തിലെ ആദ്യത്തെ ആന്റി സെപ്റ്റിക്കാണ് ഫിനോൾ. ആദ്യത്തെ ആന്റി ബയോട്ടിക് പെനിസെലിൻ.
192. ന്യൂമറോളജി സംഖ്യകളെക്കുറിച്ചുള്ള പഠനമാണ്. ന്യൂറോളജി നാഡീവ്യൂഹത്തെക്കുറിച്ചുള്ള പഠനമാണ്.
193. ന്യൂട്രോൺ കണ്ടുപിടിച്ചത് ജെയിംസ് ചാഡ്വിക്ക്. എന്നാൽ, ന്യൂട്രോൺ ബോംബ് കണ്ടുപിടിച്ചത് സാമുവൽ കോഹൻ.
194. നദികളെക്കുറിച്ചുള്ള പഠനമാണ് പോട്ടമോളജി. പർവതങ്ങളെക്കുറിച്ചുള്ള പഠനമാണ് ഓറോളജി.
195. പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട ആദ്യ രാജ്യമാണ് മെ

# പഴങ്ങളുടെ രാജാവും റാണിയും

ക്സിക്കോ. എയ്ഡ്സ് രോഗം ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടത് അമേരിക്കൻ ഐക്യനാടുകളിലാണ്.

196. സാർസ് രോഗം ലോകത്താദ്യമായി റിപ്പോർട്ട് ചെയ്തത് ചൈനയിലാണ് (2002). ഇന്ത്യയിൽ ആദ്യമായി സാർസ് രോഗം റിപ്പോർട്ട് ചെയ്തത് ഗോവയിലാണ് (2003).
197. പക്ഷികൾ വഴിയുള്ള പരാഗണമാണ് ഓർണിത്തോഫിലി. എന്നാൽ, ജന്തുക്കൾവഴിയുള്ളത് സൂഫിലി.
198. പഴങ്ങളുടെ രാജാവ് മാമ്പഴമാണ്. എന്നാൽ, പഴങ്ങളുടെ റാണിയാണ് മാങ്കോസ്റ്റൈൻ.
199. ബയോളജിയുടെ പിതാവ് അരിസ്റ്റോട്ടിലാണ്. എന്നാൽ, ബയോളജി എന്ന വാക്ക് രൂപവത്കരിച്ചത് ജീൻ ലാമാർക്ക്.
200. ബഹിരാകാശത്തുപോയ ആദ്യ ജീവി നായയാണ്. എന്നാൽ, ബഹിരാകാശത്തു ജന്മമെടുത്ത ആദ്യ ജീവി പാറ്റയാണ്.
201. പാലിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര ലാക്ടോസ്. എന്നാൽ, പാലിൽ അടങ്ങിയിരിക്കുന്ന മാംസ്യം കേസീൻ.
202. ഭൂമിയിൽനിന്ന് നോക്കിയാൽ ഏറ്റവും വലുപ്പത്തിൽ കാണാൻ കഴിയുന്ന നക്ഷത്രം സൂര്യനാണ്. സൂര്യൻ കഴിഞ്ഞാൽ ഭൂമിയിൽനിന്ന് നോക്കിയാൽ ഏറ്റവും വലുപ്പത്തിൽ കാണാൻ കഴിയുന്ന നക്ഷത്രം സിറിയസാണ്.
203. ഭൂമിയുടെ പലായന പ്രവേഗം 11.2 കി.മീ./സെക്കന്റും ചന്ദ്രന്റേത് 2.4 കി.മീ./സെക്കന്റും ആണ്.
204. പ്രകാശത്തിന് ഏറ്റവും വേഗം കൂടുതൽ ശൂന്യതയിലും ഏറ്റവും കുറവ് വജ്രത്തിലുമാണ്.
205. പ്രകാശത്തിന്റെ കണികാ സിദ്ധാന്തത്തിന്റെഉപജ്ഞാതാവാണ് ഐസക് ന്യൂട്ടൺ . എന്നാൽ, പ്രകാശത്തിന്റെ തരംഗസിദ്ധാന്തം ക്രിസ്ത്യൻ ഹൈജൻസാണ് രൂപപ്പെടുത്തിയത്.
206. പ്രകാശം ഏറ്റവും കൂടുതൽ വേഗത്തിൽ സഞ്ചരിക്കുന്നത് ശൂന്യതയിലാണ്. എന്നാൽ, ശബ്ദത്തിന് ശൂന്യതയിലൂടെ സഞ്ചരിക്കാനേ സാധ്യമല്ല.
207. പ്രകൃതിയുടെ തോട്ടി എന്നറിയപ്പെടുന്ന പക്ഷി കാക്ക. കാട്ടിലെ തോട്ടി കഴുതപ്പുലിയാണ്.
208. മനുഷ്യന് സ്ഥിരദന്തങ്ങൾ 32. എന്നാൽ, ആദ്യം മുളയ്ക്കുന്ന പാൽപ്പല്ലുകൾ 20.
209. മനുഷ്യൻ ഉപയോഗിച്ച ആദ്യത്തെ ലോഹം ചെമ്പും ലോഹസങ്കരം ഓടുമാണ്.
210. മനുഷ്യൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ബുദ്ധിയുള്ള ജന്തു ചിമ്പാൻസിയാണ്. ഏറ്റവും കൂടുതൽ ബുദ്ധിയുള്ള പക്ഷി ബ്ലൂ റ്റിറ്റ്. ഡോൾഫിനാണ് ഏറ്റവും കൂടുതൽ ബുദ്ധിയുള്ള ജലജീവി.
211. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം ഓക്സിജനാണ്. എന്നാൽ, ഏറ്റവും കൂടുതലുള്ള ലോഹം കാൽസ്യമാണ്.
212. മനുഷ്യശരീരത്തിലെ ഏറ്റവും നീളം കൂടിയ പേശി സാർട്ടോറിയസ് ആണ്. എന്നാൽ, ഏറ്റവും വലിയ പേശി യാണ് ഗ്ലൂട്ടിയസ് മാക്സിമസ്.
213. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അവയവം ത്വക്ക് ആണ്. എന്നാൽ, ഏറ്റവും വലിയ ആന്തരാവയവം കരൾ ആണ്.
214. മൃതശരീരങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുവാണ് ഫോർമാൽഡിഹൈഡ്. രക്തബാങ്കുകളിൽ രക്തം കേടുകൂടാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന രാസവസ്തു സോഡിയം സിട്രേറ്റ്.
215. അടിയന്തര ഹോർമോണാണ് അഡ്രിനാലിൻ. എന്നാൽ, യുവത്വ ഹോർമോണാണ് തൈമോസിൻ.
216. അടുത്തുള്ള വസ്തുക്കളെ കാണാൻ കഴിയാതിരിക്കുകയും അകലെയുള്ളതിനെ കാണാൻ കഴിയാത്തതുമായ കാഴ്ചവൈകല്യമാണ് ഹ്രസ്വദൃഷ്ടി (മയോപ്പിയ). എന്നാൽ, അകലെയുള്ളതിനെ വ്യക്തമായി കാണുകയും അടുത്തുള്ളതിനെ കാണാൻ കഴിയാത്തതുമായ കാഴ്ചവൈകല്യമാണ് ദീർഘദൃഷ്ടി (ഹൈപ്പർമെട്രോപ്പിയ).
217. മയോളജി പേശികളെക്കുറിച്ചുള്ള പഠനമാണ്. എന്നാൽ, മൈക്കോളജി ഫംഗസുകളെക്കുറിച്ചു പഠിക്കുന്നു.
218. മനുഷ്യഹൃദയത്തിന് നാലറകളാണുള്ളത്. മുകളിലത്തെ അറകൾ എട്രിയങ്ങൾ എന്നും താഴത്തെ അറകൾ വെൻട്രിക്കിളുകൾ എന്നും അറിയപ്പെടുന്നു.
219. അണലിയുടെ വിഷം രക്ത പര്യയന വ്യവസ്ഥയെ ബാധിക്കുന്നു. എന്നാൽ, മൂർഖന്റേത് നാഡീവ്യവസ്ഥയെയാണ് ബാധിക്കുന്നത്.
220. മനുഷ്യനെ ബഹിരാകാശത്ത് എത്തിച്ച ആദ്യ രാജ്യമാണ് റഷ്യ. എന്നാൽ, മനുഷ്യനെ ആദ്യമായി ചന്ദ്രനിൽ എത്തിച്ചത് യു.എസ്.എ.
221. മങ്ങിയ വെളിച്ചത്തിൽ കാണാൻ സഹായിക്കുന്നത് റോഡു കോശങ്ങളാണ്. ഇതിൽ അടങ്ങിയിരിക്കുന്ന വർണകമാണ് റോഡോപ്സിൻ. എന്നാൽ, നിറങ്ങൾ കാണാൻ സഹായിക്കുന്നത് കോൺ കോശങ്ങളാണ്. ഇതിൽ അടങ്ങിയിരിക്കുന്ന വർണകമാണ് ഫോട്ടോപ്സിൻ.
222. മണ്ണില്ലാതെ വെള്ളം മാത്രം ആവശ്യമുള്ള കൃഷിയാണ് ഹൈഡ്രോപോണിക്സ് . എന്നാൽ, മണ്ണോ വെള്ളമോ ഇല്ലാതെയുള്ള കൃഷിരീതിയാണ് എയ്റോപോണിക്സ്.
223. ആന കഴിഞ്ഞാൽ ഏറ്റവും വലുപ്പമുള്ള സസ്തനമാണ് ഹിപ്പോപൊട്ടാമസ് എങ്കിലും ഇവ സെമി–അക്വാട്ടിക് ആയതിനാൽ കരയിലെ മൃഗങ്ങളിൽ വലുപ്പത്തിൽ രണ്ടാം സ്ഥാനം കാണ്ടാമൃഗത്തിനാണ്.
224. മണ്ണിനെക്കുറിച്ചുള്ള പഠനമാണ് പെഡോളജി. അധ്യാപന ശാസ്ത്രമാണ് പെഡഗോജി.
225. അമിതമായി ജലം മൂത്രത്തിലൂടെ പുറന്തള്ളപ്പെടുന്ന അവസ്ഥയാണ് ഡയബറ്റിസ് ഇൻസിപ്പിഡസ്. എന്നാൽ, മൂത്രത്തിലൂടെ ഗ്ലൂക്കോസ് പുറന്തള്ളപ്പെടുന്ന അവസ്ഥയാണ് ഡയബറ്റിസ് മെലിറ്റസ്.
226. അലക്കുകാരം രാസപരമായി സോഡിയം കാർബണേറ്റാണ്. എന്നാൽ, അപ്പക്കാരം സോഡിയം ബൈകാർബണേറ്റാണ്.
227. ആന്റിജൻ അടങ്ങിയിട്ടില്ലാത്ത രക്തഗ്രൂപ്പ് ഒ ഗ്രൂപ്പാണ്. എന്നാൽ, ആന്റിബോഡി അടങ്ങിയിട്ടില്ലാത്ത രക്തഗ്രൂപ്പാണ് എ.ബി. ഗ്രൂപ്പ്.
228. ആററംബോംബിന്റെ അടിസ്ഥാന തത്ത്വം ന്യൂക്ലിയർ ഫിഷനാണ്. എന്നാൽ, ഹൈഡ്രജൻ ബോംബിന്റേത് ന്യൂക്ലിയർ ഫ്യൂഷനാണ്.
229. ആവർത്തന പട്ടികയിൽ കുറുകെയുള്ള കോളങ്ങൾക്കു പറയുന്ന പേര് പീരിഡുകൾ. കുത്തനെയുള്ളവ ഗ്രൂപ്പ്.
230. രക്താർബുദത്തിനെതിരെ ഉപയോഗിക്കുന്ന ഔഷധസസ്യം ശവംനാറി . എന്നാൽ, രക്തസമ്മർദ്ദത്തിനെതിരെ ഉപയോഗിക്കുന്നത് സർപ്പഗന്ധി.
231. രക്തചംക്രമണം കണ്ടുപിടിച്ചത് വില്യം ഹാർവി. എന്നാൽ, രക്തസംചരണം കണ്ടുപിടിച്ചത് ജീൻ ബാപ്റ്റിസ്റ്റ ഡെനിസ്.
232. രാസവസ്തുക്കളുടെ രാജാവ് എന്നറിയപ്പെടുന്നത് സൽഫ്യൂരിക് ആസിഡാണ്. എന്നാൽ, ധാതുക്കളുടെ രാജാവ് സ്വർണമാണ്.
233. എമുവിന്റെ കാലുകളിൽ മൂന്ന് വിരൽ വീതമാണുള്ളത്. എന്നാൽ, ഒട്ടകപ്പക്ഷിക്ക് രണ്ടുവിരൽ വീതമാണുള്ളത്.
234. ഏറ്റവും ഉച്ചത്തിൽ ശബ്ദമുണ്ടാക്കാൻ കഴിവുള്ള ജീവി ഒരിനം ചെമ്മീൻ (Tiger Pistol Shrimp) ആണ് (200 ഡെസിബെല്ലിനു മുകളിൽ) ഏറ്റവും ഉച്ചത്തിൽ ശബ്ദമുണ്ടാക്കാൻ കഴിയുന്ന സസ്തനം നീലത്തിമിംഗിലമാണ് (188 ഡെസിബെൽ). എന്നാൽ, കരയിൽ ഏറ്റവും ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്ന ജീവി, സസ്തനം എന്നീ പ്രത്യേകതകൾ Greater bulldog bat–ന് (140 ഡെസിബെല്ലിനു മുകളിൽ)സ്വന്തമാണ്.
235. ഏറ്റവും വലിയ ധമനി യാണ് മഹാധമനി(അയോർട്ട). എന്നാൽ, ഏറ്റവും വലിയ സിരയാണ് അധോമഹാസിര.
236. ഏറ്റവും വലിയ പക്ഷി ഒട്ടകപ്പക്ഷിയാണ്. എന്നാൽ, ഏറ്റവും ചെറുത് ഹമ്മിങ് പക്ഷിയാണ്.
237. ഏറ്റവും വലുപ്പമുള്ള മുട്ടയിടുന്ന പക്ഷി ഒട്ടകപ്പക്ഷിയാണ്. എന്നാൽ, ശരീരവലുപ്പവുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ചെറിയ മുട്ടയിടുന്ന പക്ഷിയാണിത്.
238. ഏറ്റവും കൂടുതൽ ഘ്രാണശക്തിയുള്ളത് സ്രാവിനാണ്. എന്നാൽ, കരയിലെ ജീവികളിൽ ഏറ്റവും കൂടുതൽ ഘ്രാണശക്തിയുള്ളത് നായയ്ക്കാണ്. ഏറ്റവും കൂടുതൽ ഘ്രാണശക്തിയുള്ള സസ്തനവും നായയാണ്.
239. ഏറ്റവും കൂടുതൽ ആയുസ്സുള്ള ജന്തു ആമയാണ്. ഏറ്റവും കൂടുതൽ ആയുസ്സുള്ള പക്ഷി ഒട്ടകപ്പക്ഷിയാണ്.
240. ഏറ്റവും വേഗം കൂടിയ സസ്തനി ചീറ്റയാണ്. എന്നാൽ, വേഗം ഏറ്റവും കുറഞ്ഞ സസ്തനിയാണ് സ്ലോത്ത്.
241. നാരങ്ങയിലിടങ്ങിയിരിക്കുന്ന വിറ്റാമിനായ വിറ്റാമിൻ സിയുടെ രാസനാമം അസ്കോർബിക് ആസിഡ്. എന്നാൽ, നാരങ്ങയിലുള്ള അമ്ലം സിട്രിക് ആസിഡ്.
242. പൂക്കളിലെ പുരുഷ ലൈംഗികാവയവം കേസരം. എന്നാൽ, സ്ത്രീലൈംഗികാവയവം ജനി.
243. ഗ്രിഗർ മെൻഡലാണ് ജനിതകശാസ്ത്രത്തിന്റെ പിതാവ് എന്നാൽ, ജീൻ എന്ന വാക്കിന്റെ ഉപജ്ഞാതാവ് വില്യം ജൊഹാൻസൺ ആണ്.
244. ഗ്ലൂക്കോസിനെ ഗ്ളൈക്കോജനാക്കുന്ന ഹോർമോണാണ് ഇൻസുലിൻ. ഗ്ലൈക്കോജനെ ഗ്ലൂക്കോസാക്കുന്നത് ഗ്ലൂക്കഗോൺ.
245. 20 ഹേർട്സിൽ താഴെയുള്ള ശബ്ദം ഇൻഫ്രാ സോണിക് എന്നും 20000 ഹേർട്സിൽ കൂടുതലുള്ളത് അൾട്രാ സോണിക് എന്നും അറിയപ്പെടുന്നു.
246. മാമ്പഴങ്ങളിൽ രാജാവ് എന്നറിയപ്പെടുന്ന ഇനം അൽഫോൻസോയും മാമ്പഴങ്ങളിലെ റാണി എന്നറിയപ്പെടുന്നത് മൽഗോവയുമാണ്.
247. യൂക്കാലിപ്റ്റസ് ഇലകൾ തിന്നു ജീവിക്കുന്ന ജന്തുവാണ് കൊവാല . പാണ്ടയുടെ പ്രധാന ആഹാരം മുളയിലകളാണ്. പട്ടുനൂൽപ്പുഴുവിന്റെ ഇഷ്ടഭക്ഷണം മൾബറിയിലകൾ.
248. രസതന്ത്രത്തിന്റെ പിതാവ് എന്നു വിശേഷിപ്പിക്കുന്നത് റോബർട്ട് ബോയ്ൽ ആണ്. മൂലകം എന്ന പദത്തെ ആദ്യമായി വ്യക്തമായി വ്യാഖ്യാനിച്ചത് ഇദ്ദേഹമാണ്. ആധുനിക രസതന്ത്രത്തിന് അടിസ്ഥാനമിട്ടത് ലാവോസിയെ.
249. ഉരഗങ്ങളെക്കുറിച്ചുള്ള പഠനമാണ് ഹെർപ്പറ്റോളജി. പാമ്പുകളെക്കുറിച്ചുള്ള പഠനമാണ് ഓഫിയോളജി.
250. റബ്ബറിന്റെ ലായകം ബെൻസീൻ. റബ്ബറിന്റെ അടിസ്ഥാന ഘടകം ഐസോപ്രീൻ. ആദ്യത്തെ കൃത്രിമ റബ്ബർ നിയോപ്രീൻ.
251. ഒരു വസ്തു വെളുത്ത നിറത്തിൽ കാണപ്പെടുന്നത് എല്ലാ നിറങ്ങളെയും പ്രതിഫലിപ്പിക്കുമ്പോഴാണ്. എന്നാൽ, എല്ലാ നിറങ്ങളെയും ആഗിരണം ചെയ്യുന്ന പ്രതലത്തിന്റെ നിറം കറുപ്പായിരിക്കും.
252. ഓർക്കിഡുകളുടെ റാണി കാറ്റ്ലിന. എന്നാൽ, ആന്തൂറിയങ്ങളുടെ റാണി വാറോക്വിയാനം.
253. ഓക്സിജൻ അന്തരീക്ഷവ്യാപ്തത്തിന്റെ 21 ശതമാനമാണ്. എന്നാൽ, ഭാരത്തിന്റെ അടിസ്ഥാനത്തിൽ ഇത് 23.1 ശതമാനമാണ്.
254. വിയർക്കാത്ത സസ്തനം ആന. ചുവന്ന വിയർപ്പുകണങ്ങളുള്ളത് ഹിപ്പോപൊട്ടാമസ്.
255. വിഷങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നത് ആഴ്സനിക്. രാജാക്കൻമാരുടെ വിഷം എന്നും ഇത് അറിയപ്പെടുന്നു.
256. വൃക്കകളെ ബാധിക്കുന്ന രോഗമാണ് നെഫ്രൈറ്റിസ്. വൃക്കം നീക്കം ചെയ്യലാണ് നെഫ്രക്ടമി.
257. ഒരേ അറ്റോമിക നമ്പരും വ്യത്യസ്ത മാസ് നമ്പരും ഉള്ളവയാണ് ഐസോടോപ്പുകൾ. എന്നാൽ, വ്യത്യസ്ത അറ്റോമിക നമ്പരും ഒരേ മാസ് നമ്പരുമുള്ളവയാണ് ഐസോബാറുകൾ.
258. കപ്പലുകളുടെ വേഗം സൂചിപ്പിക്കാൻ നോട്ട് (Knot) ഉപയോഗിക്കുന്നു. മാക് നമ്പർ ഉപയോഗിക്കുന്നത് സൂപ്പർ സോണിക് വിമാനങ്ങളുടെ വേഗം പ്രസ്താവിക്കുന്നതിന്.
259. കായ്കളുണ്ടെങ്കിലും വിത്തില്ലാത്ത സസ്യമാണ് വാഴ . എന്നാൽ, വിത്തുകളുണ്ടെങ്കിലും കായ്കളില്ലാത്ത സസ്യമാണ് പൈനസ്.
260. കാലിലെ അസ്ഥികൾ 30. എന്നാൽ കാൽപാദത്തിൽ 26 അസ്ഥികളാണുള്ളത്.
261. കാലിലെ ഏറ്റവും വലിയ അസ്ഥി ഫീമർ. കൈയിലേത് ഹ്യൂമറസ് (ഭുജാസ്ഥി).
262. കാസ്റ്റിക് സോഡയുടെ രാസനാമം സോഡിയം ഹൈഡ്രോക്സൈഡ്. കാസ്റ്റിക് പൊട്ടാഷ് പൊട്ടാസ്യം ഹൈഡ്രോക്സൈഡാണ്.
263. കമ്പ്യൂട്ടറിന്റെ പിതാവ് ചാൾസ് ബാബേജ് ആണ്. എന്നാൽ, സെയ്മോർ ക്രേ ആണ് സൂപ്പർ കംപ്യൂട്ടറിന്റെ പിതാവ്.
264. ശരീരത്തിലെ ഏറ്റവും വലിയ കോശമാണ് അണ്ഡം. എന്നാൽ, ശരീരത്തിലെ ഏറ്റവും നീളം കൂടിയ കോശം ന്യൂറോൺ ആണ്.
265. കറിയുപ്പിന്റെ രാസനാമം സോഡിയം ക്ലോറൈഡ്. ഇന്തുപ്പിന്റേത് പൊട്ടാസ്യം ക്ലോറൈഡ്.
266. കൗമാരത്തിലെ ശാരീരിക മാറ്റങ്ങളെയും അണ്ഡോൽപാദനത്തെയും സ്വാധീനിക്കുന്ന ഹോർമോണാണ് ഈസ്ട്രജൻ. ഗർഭാശയ വളർച്ചയ്ക്കും ഗർഭധാരണത്തി

# പെഡോളജിയും പെഡഗോജിയും

നും ഭ്രൂണത്തെ നിലനിർത്താനും സഹായിക്കുന്ന ഹോർമോണാണ് പ്രോജസ്റ്റെറോൺ.

267. കണങ്കാലിലെ അസ്ഥികളാണ് ടിബിയയും ഫിബുലയും. കണങ്കൈയിലെ അസ്ഥികളാണ് റേഡിയസും അൾനയും.

268. ക്വിക്ക് സിൽവർ മെർക്കുറിയാണ്. എന്നാൽ, ലിറ്റിൽ സിൽവർ എന്നറിയപ്പെടുന്നത് പ്ലാറ്റിനമാണ്.

269. സസ്യശാസ്ത്രത്തിന്റെ പിതാവ് തിയോഫ്രാസ്റ്റസ്. എന്നാൽ, ആധുനിക സസ്യശാസ്ത്രത്തിന്റെ പിതാവ് കരോലസ് ലിന്നീസ്.

270. ഹൃദയ അറകളുടെ സങ്കോചാവസ്ഥയാണ് സിസ്റ്റോൾ. ഹൃദയത്തിന്റെ വിശ്രാന്താവസ്ഥയാണ് ഡയാസ്റ്റോൾ.

271. മനുഷ്യശരീരത്തിലെ സിസ്റ്റോളിക് മർദ്ദം 120 മില്ലീമീറ്റർ മെർക്കുറിയും ഡയാസ്റ്റോളിക് മർദ്ദം 80 മില്ലീമീറ്റർ മെർക്കുറിയുമാണ്. സാധാരണ അവസ്ഥയിലെ മർദ്ദം 120/80 മില്ലീമീറ്റർ മെർക്കുറി എന്ന് അടയാളപ്പെടുത്തുന്നു.

272. സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ് കുരുമുളകാണ്. എന്നാൽ, സുഗന്ധവ്യഞ്ജനങ്ങളുടെ റാണി ഏലമാണ്.

273. സ്ത്രീകളുടെ മസ്തിഷ്കത്തിന് 1130 ക്യൂബിക് സെന്റീമീറ്ററും പുരുഷൻമാരുടേതിന് 1260 ക്യൂബിക് സെന്റീമീറ്ററും വ്യാപ്തമുണ്ടാകും.

274. ഹൃദയത്തിന്റെ ആവരണമാണ് പെരികാർഡിയം . എന്നാൽ, വൃക്കയുടെ ആവരണമാണ് പെരിട്ടോണിയം.

275. ചുവപ്പ് ലിറ്റ്മസിനെ നീലയാക്കുന്നത് ക്ഷാരപദാർഥങ്ങൾ(ബേസുകൾ). നീല ലിറ്റ്മസിനെ ചുവപ്പാക്കുന്നത് ആസിഡുകൾ.

276. ചുവന്ന രക്താണുക്കളുടെ കുറവ് അനീമിയ എന്ന അവസ്ഥയ്ക്ക് കാരണമാകുന്നു. ചുവന്ന രക്താണുക്കളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്ന അവസ്ഥയാണ് പോളിസൈത്തീമിയ.

277. ജലത്തിന് ഏറ്റവും ഉയർന്ന സാന്ദ്രതയും ഏറ്റവും കുറഞ്ഞ വ്യാപ്തവും ഉള്ളത് നാലു ഡിഗ്രി സെൽഷ്യസ് താപനിലയിലാണ്. എന്നാൽ, ഏറ്റവും കൂടിയ വ്യാപ്തവും ഏറ്റവും കുറഞ്ഞ സാന്ദ്രതയും ഉള്ളത് പൂജ്യം ഡിഗ്രി സെൽഷ്യസിൽ ആണ്.

278. പെട്രോളിന്റെ ഗുണമേന്മ ഒക്ടേൻ നമ്പരിലും ഡീസലിന്റേത് സീറ്റേൻ നമ്പരിലും അളക്കുന്നു.

279. ബെൻസീൻ കണ്ടുപിടിച്ചത് ഫാരഡേ . എന്നാൽ, ബെൻസീനിന്റെ ഘടന കണ്ടുപിടിച്ചത് കെക്കുളെയാണ്.

280. വെള്ളത്തിനടിയിൽ സൂക്ഷിക്കുന്ന മൂലകമാണ് വെള്ള ഫോസ്ഫറസ്. എന്നാൽ, മണ്ണെണ്ണയിൽ സൂക്ഷിക്കുന്ന ലോഹങ്ങളാണ് സോഡിയവും പൊട്ടാസ്യവും.

281. വെളുത്ത സ്വർണം എന്ന് അറിയപ്പെടുന്ന വിള കശുവണ്ടിയാണ്. എന്നാൽ, പച്ച സ്വർണം വാനിലയാണ്.

282. കൊബാൾട്ട് അയോണുകൾ ഗ്ലാസിന് നീലനിറം നൽകുന്നു. എന്നാൽ, മാംഗനീസ് ഡയോക്സൈസ് വയലറ്റ് നിറമാണ് നൽകുന്നത്.

283. വൈറ്റ് ലെഡ് എന്നറിയപ്പെടുന്നത് ലെഡ് കാർബണേറ്റാണ്. എന്നാൽ, റെഡ് ലെഡ് എന്നറിയപ്പെടുന്നത് ട്രൈപ്ലംബിക് ടെട്രോക്സൈഡാണ്.

284. ഹൈപ്പോകലേമിയ പൊട്ടാസ്യത്തിന്റെ കുറവുമൂലമുണ്ടാകുന്ന അസുഖമാണ്. എന്നാൽ, ഹൈപ്പോനട്രീമിയ സോഡിയത്തിന്റെ കുറവുമൂലമുണ്ടാകുന്ന അസുഖമാണ്.

285. ചൈനീസ് ആപ്പിൾ എന്നറിയപ്പെടുന്നത് ഓറഞ്ചാണ്. ചൈനീസ് വൈറ്റ് എന്നറിയപ്പെടുന്ന രാസവസ്തുവാണ് സിങ്ക് ഓക്സൈഡ്.

286. ചൈനീസ് റോസ് എന്നറിയപ്പെടുന്നത് ചെമ്പരത്തിയാണ്. ചൈനീസ് പൊട്ടറ്റോ എന്നറിയപ്പെടുന്നത് കൂർക്ക.

287. പ്ലേഗിനു കാരണമായ രോഗാണു ബാക്ടീരിയയാണ്. എന്നാൽ,പ്ലേഗ് പരത്തുന്നത് എലിച്ചെള്ളാണ്.

288. റോബോട്ട് എന്ന പദം ആദ്യമായി ഉപയോഗിച്ചത് കാൾ ചെപ്പെക് ആണ്. എന്നാൽ, റോബോട്ടിക്സിന്റെ പിതാവ് ജോ എംഗിൽബെർജർ ആണ്.

289. റേഡിയോ ആക്ടിവിറ്റി കണ്ടുപിടിച്ചത് ഹെൻറി ബെക്വറലാണ്. എന്നാൽ, ക്രിത്രിമ റേഡിയോ ആക്ടിവിറ്റി കണ്ടുപിടിച്ചത് ഐറീൻക്യൂറിയും ഫ്രെഡറിക് ജോലിയറ്റുമാണ്.

290. റേഡിയോ ആക്ടീവ് മൂലകമായ യുറേനിയം കണ്ടുപിടിച്ചത് മാർട്ടിൻ ക്ലാ പ്രോത്ത് . എന്നാൽ, യുറേനിയം ആദ്യമായി വേർതിരിച്ചത് യൂജിൻ പെലിഗോട്ട്.

291. ബ്രിട്ടീഷ് മലബാറിലെ ആദ്യത്തെ കലക്ടർ വില്യം മക്ലിയോഡ് ആയിരുന്നു. വധിക്കപ്പെട്ട മലബാർ കലക്ടറാണ് കൊനോലി.

292. നാളന്ദ സർവകലാശാല പുനരുദ്ധരിക്കണമെന്ന നിർദ്ദേശം ആദ്യമായി മുന്നോട്ടുവച്ചത് എ.പി.ജെ. അബ്ദുൾ കലാം. അതിനു നേതൃത്വം നൽകാൻ ഗവൺമെന്റ് നിയോഗിച്ചത് അമർത്യാ സെന്നിനെയാണ്.

293. 1936–ലെ ക്ഷേത്രപ്രവേശന വിളംബരത്തെ ആധുനിക കാലത്തെ അത്ഭുത സംഭവം എന്ന് വിശേഷിപ്പിച്ചത് മഹാത്മാഗാന്ധി. ആധുനിക കാലത്തെ ഏറ്റവും അഹിംസാത്മകവും രക്തരഹിതവുമായ വിപ്ലവം എന്നു വിലയിരുത്തിയത് സി.രാജഗോപാലാചാരി.

294. അഭിനവ ബുദ്ധൻ എന്നറിയപ്പെട്ടത് അംബേദ്കർ. ജി. ശങ്കരക്കുറുപ്പ് രണ്ടാം ബുദ്ധൻ എന്നു വിളിച്ചത് ശ്രീനാരായണഗുരുവിനെയാണ്.

295. മഹാത്മാഗാന്ധിയുടെ നിർദ്ദേശപ്രകാരം വൈക്കം സത്യാഗ്രഹം നിരീക്ഷിക്കാൻ കേരളത്തിലെത്തിയ നേതാവാണ് ആചാര്യ വിനോബ ഭാവെ. തമിഴ്നാട്ടിൽനിന്നെത്തി വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തത് ഇ.വി.രാമസ്വാമി നായ്ക്കർ.

296. ഇന്ത്യൻ പാർലമെന്റിലെ മികച്ച അംഗത്തിന് ഇന്ത്യൻ പാർലമെന്ററി ഗ്രൂപ്പ് നൽകുന്ന പുരസ്കാരമായ ഔട്ട്സ്റ്റാൻഡിങ് പാർലമെന്റേറിയൻ അവാർഡിന് ആദ്യമായി അർഹനായത് ചന്ദ്രശേഖർ ആണ് (1995). സുഷമാ സ്വരാജാണ് ഈ അംഗീകാരം നേടിയ ആദ്യ വനിത (2004).

297. ആദ്യ ജ്ഞാനപീഠം നേടിയത് മലയാള കവി ജി.ശങ്കരക്കുറുപ്പാണ്(1965) . ജ്ഞാനപീഠം നേടിയ ആദ്യ നോവലിസ്റ്റ് ബംഗാളിലെ താരാശങ്കർ ബാനർജിയാണ് (1966).

298. ഇന്ത്യയിൽ യുദ്ധമുഖത്ത് ആദ്യമായി പീരങ്കി ഉപയോഗിച്ചത് ബാബർ. യുദ്ധത്തിന് റോക്കറ്റുപയോഗിച്ച ആദ്യത്തെ ഇന്ത്യൻ ഭരണാധികാരി ടിപ്പു സുൽത്താൻ.

299. ഇന്ത്യയിൽ ഉപരാഷ്ട്രപതിയാകാതെ രാഷ്ട്രപതിയായ ആദ്യ വ്യക്തി ഫക്രുദ്ദീൻ അലി അഹമ്മദ്. പ്രസിഡന്റ് പദം (ആക്ടിംഗ്) വഹിച്ച ശേഷം വൈസ് പ്രസിഡന്റായത് എം.ഹിദായത്തുള്ള.

300. ഇന്ത്യയിൽ കൂറുമാറ്റ നിയമത്തിലൂടെ അയോഗ്യനാക്കപ്പെട്ട ആദ്യ ലോക്സഭാംഗമാണ് ലാൽഡുഹോമ (1988). കേരളത്തിലാദ്യമായി കൂറുമാറ്റനിയമത്തിലൂടെ അയോഗ്യനായത് ആർ.ബാലകൃഷ്ണപിള്ള.

301. ഇന്ത്യയിൽ സംസ്ഥാന നിയമസഭയിൽ പ്രതിപക്ഷനേതാവായ ആദ്യ വനിതയാണ് തമിഴ്നാട്ടിലെ ജയലളിത (1989). എന്നാൽ, ലോക്സഭയിൽ പ്രതിപക്ഷനേതാവായ ആദ്യ വനിത സോണിയാ ഗാന്ധിയാണ്.

302. രാമായണം തമിഴിലേക്ക് ആദ്യമായി പരിഭാഷപ്പെടുത്തിയത് (കമ്പരാമായണം) കമ്പർ. എന്നാൽ, രാമായണത്തിന്റെ ഹിന്ദി പരിഭാഷയാണ് തുളസീദാസ് രചിച്ച രാമചരിത മാനസം.

303. സമാധാന നൊബേലിനർഹനായ ഈജിപ്തിലെ അൻവർ സാദത്ത് വധിക്കപ്പെട്ട വർഷം 1981. സമാധാന നൊബേലിനർഹനായ ഇസ്രയേൽ പ്രധാനമന്ത്രി യിസ്ഹാക്ക് റബീൻ വധിക്കപ്പെട്ട വർഷം 1995.

304. സംഗീതമേഖലയിൽനിന്ന് ഭാരതരത്നം ആദ്യമായി നേടിയത് എം.എസ് സുബ്ബലക്ഷ്മിയാണ് (1998). ഭാരതരത്നത്തിനർഹനായ ആദ്യ ഉപകരണ സംഗീത വിദഗ്ധൻ പണ്ഡിറ്റ് രവിശങ്കറാണ് (1999) .

305. സ്വതന്ത്ര ഇന്ത്യയിൽ ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യത്തെ ധനമന്ത്രി ആർ.കെ.ഷൺമുഖം ചെട്ടിയാണ്. എന്നാൽ, ജനറൽ ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യ ധനമന്ത്രി സി. ഡി.ദേശ്മുഖ് ആണ് (1952).

306. സ്വതന്ത്ര ഇന്ത്യയിൽ തപാൽ സ്റ്റാമ്പിലൂടെ ആദരിക്കപ്പെട്ട ആദ്യ ഇന്ത്യൻ ചക്രവർത്തി ചന്ദ്രഗുപ്തമൗര്യനാണ്. എന്നാൽ, തപാൽ സ്റ്റാമ്പിലൂടെ ആദരിക്കപ്പെട്ട ആദ്യ കേരളീയ രാജാവ് സ്വാതി തിരുനാളാണ്.

307. സ്വതന്ത്ര ഇന്ത്യയുടെ നാണയത്തിൽ മുദ്രണം ചെയ്യപ്പെട്ട ആദ്യ വ്യക്തിയുടെ ചിത്രം ജവാഹർലാൽ നെഹ്റുവിന്റെതാണ്. സ്വതന്ത്ര ഇന്ത്യയുടെ നാണയത്തിൽ മുദ്രണം ചെയ്യപ്പെട്ട ആദ്യ വിദേശി ലൂയി ബ്രെയ്‌ലിയാണ്.

308. ഹിന്ദുമതത്തിലെ അക്വിനാസ് എന്നു വിശേഷിപ്പിക്കപ്പെട്ടത് ശങ്കരാചാര്യർ. ഹിന്ദുമതത്തിലെ കാൽവിൻ എന്നറിയപ്പെട്ടത് ദയാനന്ദ സരസ്വതി.

309. ജവാഹർലാൽനെഹ്റു ട്രസ്റ്റിന്റെ ആസ്ഥാനം അലഹബാദ്. മഹാത്മാഗാന്ധി സ്ഥാപിച്ച നവജീവൻ ട്രസ്റ്റിന്റെ ആസ്ഥാനം അഹമ്മദാബാദ്.

310. നൊബേൽ സമ്മാനാർഹനായ ആദ്യ ഇന്ത്യക്കാരൻ രബീന്ദ്രനാഥ ടാഗോർ(1913). എന്നാൽ, സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ നൊബേൽ ജേതാവായ ഹർഗോവിന്ദ് ഖുരാന (1968). സ്വതന്ത്ര ഇന്ത്യയിൽ ജനിച്ചവരിൽ (1952) ആദ്യമായി നൊബേൽ ജേതാവായത് വെങ്കട്രാമൻ രാമകൃഷ്ണൻ(2009).

311. ഇന്തോളജിയുടെ പിതാവ് എന്നറിയപ്പെടുന്നത് വില്യം ജോൺസ്. എന്നാൽ, ഇന്ത്യൻ പുരാവസ്തുശാസ്ത്രത്തിന്റെ പിതാവ് എന്നു വിളിക്കുന്നത് അലക്സാണ്ടർ കണ്ണിംഗ്ഹാമിനെയാണ്.

312. സിന്ധുനദീതട നിവാസികളുടെ പ്രധാന ആൺദൈവം പശുപതി മഹാദേവനും പെൺദൈവം മാതൃദേവതയുമായിരുന്നു.

313. പാകിസ്താനിലെ സിന്ധ് പ്രവിശ്യയിലെ ലാർഖാന ജില്ലയിലാണ് സൈന്ധവ സംസ്കാര കേന്ദ്രമായിരുന്ന മൊഹൻജൊദാരൊ. എന്നാൽ, സഹിവാൾ ജില്ലയിലാണ് ഹാരപ്പ.

314. പല്ലവൻമാരുടെ തലസ്ഥാനമായിരുന്നതും പട്ടുവ്യവസായത്തിനു പേരു കേട്ടതുമായ നഗരമാണ് കാഞ്ചീപുരം, എന്നാൽ പാണ്ഡ്യൻമാരുടെ തലസ്ഥാനം മധുരയും ചോളൻമാരുടെത് തഞ്ചാവൂരും ആയിരുന്നു.

315. ആര്യൻമാർ ആർട്ടിക് പ്രദേശത്ത് ജന്മമെടുത്തു എന്നാണ് ബാലഗംഗാധര തിലകന്റെ അഭിപ്രായം.എന്നാൽ, ദയാനന്ദ സരസ്വതിയുടെ അഭിപ്രായത്തിൽ ടിബറ്റ് ആണ്.

316. ബി.സി. 1500 മുതൽ 1000 ബി.സി. വരെയുള്ള കാലഘട്ടമാണ് പൂർവവേദകാലഘട്ടം. എന്നാൽ, 1000 ബി.സി. മുതൽ 600 ബി.സി. വരെയുള്ള കാലഘട്ടമാണ് പിൽക്കാല വേദകാലഘട്ടം.

317. പൂർവ വേദകാലഘട്ടത്തിൽ പ്രകൃതി ശക്തികളെയാണ് മുഖ്യമായും ആരാധിച്ചിരുന്നത്. പിൽക്കാല വേദങ്ങളുടെ സമയത്ത് ത്രിമൂർത്തികൾക്ക് പ്രാമുഖ്യം കൈവന്നു.

318. ഋഗ്വേദകാലത്ത് യവം എന്നറിയപ്പെട്ടിരുന്ന ധാന്യമാണ് ബാർലി. എന്നാൽ, ഋഗ്വേദകാലത്ത് വ്രിഹി എന്നറിയപ്പെട്ടിരുന്ന ധാന്യമാണ് അരി.

319. ഏറ്റവും വലിയ ഉപനിഷത്ത് ബൃഹദാരണ്യോപനിഷത്താണ്. എന്നാൽ, ഈശോവാസ്യോപനിഷത്താണ് ഏറ്റവും ചെറുത്.

320. ബുദ്ധൻ ജനിച്ച സ്ഥലം ലുംബിനിയാണ്. എന്നാൽ, ബുദ്ധൻ അന്തരിച്ച സ്ഥലം കുശിനഗരമാണ്.

321. ബുദ്ധമതക്കാർ ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം മഹാരാഷ്ട്രയാണ്. എന്നാൽ, ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സിക്കിമിലാണ്.

322. ബുദ്ധമതത്തിന് പ്രാചീന ഇന്ത്യയിൽ നാല് മഹാസമ്മേളനങ്ങളാണ് നടന്നത്. എന്നാൽ, ജൈനമതത്തിന് രണ്ട് മഹാ സമ്മേളനങ്ങളാണ് നടന്നത്.

323. ഒന്നാം ബുദ്ധമത സമ്മേളനം നടന്നത് രാജഗൃഹത്തിൽ വച്ചാണ്. എന്നാൽ, ഒന്നാം ജൈനമത സമ്മേളനം നടന്നത് പാടലീപുത്രത്തിലാണ്.

324. നളന്ദ സർവകലാശാലയുടെ സ്ഥാപകൻ ഗുപ്ത വംശത്തിലെ കുമാര ഗുപ്തനാണ്. പാലവംശത്തിലെ ധർമപാലനാണ് വിക്രംശിലയുടെ സ്ഥാപകൻ.

325. അഞ്ചാം നൂറ്റാണ്ടിന്റെ ഒടുവിലുണ്ടായ ഹൂണൻമാരുടെ ആക്രമണമാണ് തക്ഷശില സർവകലാശാലയുടെ തകർച്ചയ്ക്ക് കാരണമായത്. നാളന്ദ സർവകലാശാലയുടെ തകർച്ചയ്ക്ക് കാരണമായത് പന്ത്രണ്ടാം നൂറ്റാണ്ടിലുണ്ടായ മുസ്ലിം ആക്രമണമാണ്.

326. ജൈനമതം രണ്ടായി പിളർന്നപ്പോൾ ശ്വേതാംബരൻമാർ വെളുത്ത വസ്ത്രം ധരിച്ചവരും ദിഗംബരൻമാർ വസ്ത്രം ധരിക്കാത്തവരുമായിരുന്നു. ആദ്യ വിഭാഗത്തെ സ്ഥൂലഭദ്രനും രണ്ടാമത്തേതിനെ ഭദ്രബാഹുവും നയിച്ചു.

327. ജൈനമതം സ്വീകരിക്കാൻ ചന്ദ്രഗുപ്തമൗര്യനിൽ സ്വാധീനം ചെലുത്തിയത് ഭദ്രബാഹുവാണ്. ഉപഗുപ്തന്റെ പ്രേരണയാലാണ് അശോകൻ ബുദ്ധമതം സ്വീകരിച്ചത്.

328. ചാണക്യന്റെ യഥാർഥ പേരാണ് വിഷ്ണുഗുപ്തൻ. എന്നാൽ, വിഷ്ണുഗോപൻ എന്നത് ബാണഭട്ടന്റെ യഥാർഥ പേരാണ്.

329. ഇന്ത്യാചരിത്രത്തിലാദ്യമായി സ്വർണനാണയങ്ങൾ പു

# നളന്ദയുടെയും വിക്രംശിലയുടെയും സ്ഥാപകർ

റപ്പെടുവിച്ചത് ഇന്തോ–ഗ്രീക്കുകാരാണ്. എന്നാൽ, ഇന്ത്യയിൽ വ്യാപകമായി സ്വർണനാണയങ്ങളിറക്കിയ ആദ്യ ഭരണാധികാരികൾ കുഷാനരാണ്. എന്നാൽ, ഏറ്റവും കൂടുതൽ സ്വർണ നാണയങ്ങൾ നിർമിക്കപ്പെട്ടത് ഗുപ്തകാലത്താണ്.

330. ഉത്തരേന്ത്യയിലെ അവസാനത്തെ ഹിന്ദു ചക്രവർത്തി ഹർഷനാണ്. മുസ്ലിം ഭരണം സ്ഥാപിതമാകുംമുമ്പ് ഉത്തരേന്ത്യ ഭരിച്ചിരുന്ന ഹിന്ദു രാജാവ് പൃഥ്വിരാജ് ചൗഹാനാണ്.

331. ശകവർഷം ആരംഭിച്ചത് കുശാന വംശത്തിലെ കനിഷ്കന്റെ കാലത്താണ്. ശകവംശ രാജാക്കൻമാർ വ്യാപകമായി ഉപയോഗിച്ചതിനാലാണ് ഈ കാലഗണന സമ്പ്രദായം ശകവർഷം എന്നറിയപ്പെട്ടത്.

332. ചോളൻമാരുടെ രാജകീയ ചിഹ്നം കടുവയായിരുന്നു. എന്നാൽ, പാണ്ഡ്യൻമാരുടെത് മത്സ്യം. ചേരരുടേത് വില്ല്.

333. ഡോ.എ.സി. ദാസിന്റെ അഭിപ്രായത്തിൽ സപ്ത സിന്ധു പ്രദേശമാണ് ആര്യൻമാരുടെ ജന്മദേശം. ആര്യൻമാരുടെ ആദിമനാട് പശ്ചിമ സൈബീരിയ എന്ന് അഭിപ്രായപ്പെട്ടത് മോർഗൻ ആണ്.

334. ഗംഗാനാഥ് ജാ അഭിപ്രായപ്പെടുന്നത് ആര്യൻമാരുടെ സ്വദേശം ബ്രഹ്മർഷി ദേശം എന്നാണ്. ധ്യദേശം അഥവാ ആധുനിക ഉത്തർപ്രദേശാണ് ആര്യൻമാരുടെ സ്വന്തം നാട് എന്ന് അഭിപ്രായപ്പെട്ടത് രാജ്ബലി പാണ്ഡെ ആണ്.

335. നളന്ദ സർവകലാശാല പുതുക്കിപ്പണിത പുഷ്യഭൂതി വംശരാജാവ് ഹർഷനാണ്. ബഖ്തിയാർ ഖിൽജിയാണ് പന്ത്രണ്ടാം നൂറ്റാണ്ടിൽ (1193)നളന്ദയെ നശിപ്പിക്കാൻ നേതൃത്വം നൽകിയത്.

336. പാനിപ്പട്ടു യുദ്ധങ്ങൾ നടന്ന വർഷങ്ങൾ 1526, 1556, 1761 എന്നിവയാണ്. എന്നാൽ, താനേശ്വർ യുദ്ധങ്ങൾ നടന്ന വർഷങ്ങളാണ് 1191, 1192 എന്നിവ.

337. പാവങ്ങളുടെ താജ്മഹൽ എന്നറിയപ്പെടുന്നത് ഔറംഗബാദിലെ ബീബി കാ മഖ്ബരാ. ഇരുപതാം നൂറ്റാണ്ടിലെ താജ്മഹൽ എന്നറിയപ്പെടുന്നത് ഡൽഹിയിലെ ലോട്ടസ് ടെമ്പിൾ.

338. ഫത്തുഹത്ത് ഇ ഫിറോസ് ഷാഹി രചിച്ചത് ഫിറോസ് ഷാ തുഗ്ലക്. താരിഖ് ഇ ഫിറോസ് ഷാഹി രചിച്ചത് ബാർണി.

339. ഫത്തേപൂർ സിക്രിയുടെ കവാടമാണ് ബുലന്ദ് ദർവാസ. ഡെൽഹിയിലെ കുത്തബ് കോംപ്ലക്സിന്റെ കവാടമാണ് അലൈ ദർവാസ.

340. അമൃതസർ നഗരത്തിന് അടിത്തറയിട്ട സിഖ് ഗുരുവാണ് രാം ദാസ്. എന്നാൽ, അവിടെ സുവർണ ക്ഷേത്രം നിർമിച്ചത് അർജൻ ദേവ്.

341. അക്ബറാണ് ആഗ്രയ്ക്കടുത്ത് സിക്കന്ദ്രയിൽ സ്വന്തം ശവകുടീരം പണിത മുഗൾ ചക്രവർത്തി. അക്ബറാണ് നിർമാണം തുടങ്ങിയതെങ്കിലും പൂർത്തിയാക്കിയത് മകൻ ജഹാംഗീറാണ്.

342. അഷ്ടദിഗ്ഗജങ്ങൾ അലങ്കരിച്ചിരുന്നത് കൃഷ്ണദേവരായരുടെ സദസ്സിനെയാണ്. അഷ്ടപ്രധാൻ ശിവജിയുടെ മന്ത്രിസമിതിയായിരുന്നു.

343. മുഗൾ പെയിന്റിംഗിന്റെ സുവർണകാലം എന്നറിയപ്പെടുന്നത് ജഹാംഗീറിന്റെ ഭരണകാലമാണ്. മുഗൾ വാസ്തുവിദ്യയുടെ സുവർണകാലം എന്നറിയപ്പെടുന്നത് ഷാജഹാന്റെ കാലമാണ്.

344. ആത്മകഥ രചിക്കുകയും ഇപ്പോഴത്തെ ഇന്ത്യക്ക് വെളിയിൽ അന്ത്യനിദ്ര കൊള്ളുകയും ചെയ്യുന്ന മുഗൾ ചക്രവർത്തിമാരാണ് ബാബറും ജഹാംഗീറും(യഥാക്രമം കാബൂളും ലാഹോറും). ഹിന്ദു വനിതകളായിരുന്ന മാതാക്കൾക്ക് ജനിച്ച മുഗൾ ചക്രവർത്തിമാർ ജഹാംഗീറും ഷാജഹാനുമാണ്. ഭരണകാലത്തിന്റെ ദൈർഘ്യം ഏറെക്കുറെ സമാനമായ മുഗൾ ചക്രവർത്തിമാർ അക്ബറും ഔറംഗസീബുമാണ്. ബൈറാം ഖാന്റെ റീജൻസി കാലഘട്ടം ഉൾപ്പെടെ 49 വർഷമാണ് അക്ബറുടെ ഭരണകാലം.

345. ആദ്യകാല രാഷ്ട്രകൂട രാജാക്കൻമാർ ഹിന്ദുക്കളായിരുന്നു. എന്നാൽ, പിൽക്കാല രാജാക്കൻമാർ ജൈനമതസ്ഥരായിരുന്നു.

346. ഇന്ത്യയിലെ ഇസ്ലാമിക ഭരണത്തിന് അടിത്തറ പാകിയത് മുഹമ്മദ് ഗോറിയാണ്. എന്നാൽ, ഇന്ത്യാചരിത്രത്തിലെ ആദ്യ മുസ്ലിം ഭരണാധികാരി കുത്തബ്ദ്ദീൻ ഐബക്കാണ്.

347. ലാഹോറിനു പകരം ഡൽഹി തലസ്ഥാനമാക്കിയ അടിമവംശത്തിലെ സുൽത്താനാണ് ഇൽത്തുമിഷ്. എന്നാൽ, മുഗൾ സാമ്രാജ്യത്തിന്റെ തലസ്ഥാനം ആഗ്രയിൽനിന്ന് ഡൽഹിയിലേക്ക് മാറ്റിയത് ഷാജഹാനാണ്.

348. എ.ഡി.എട്ടാം ശതകത്തിൽ കിഴക്കൻ ബംഗാൾ വംഗദേശം എന്നാണറിയപ്പെട്ടിരുന്നത്. എന്നാൽ,ബംഗാളിന്റെ പശ്ചിമഭാഗം ഗൗഡ എന്നറിയപ്പെട്ടു.

349. ഏറ്റവും കുറച്ചുകാലം ജീവിച്ചിരുന്ന മുഗൾ ചക്രവർത്തി ബാബറാണ് (47 വയസ്സ്). ഏറ്റവും കൂടുതൽ കാലം ജീവിച്ചിരുന്ന മുഗൾ ചക്രവർത്തി ഔറംഗസീബാണ് (88 വയസ്സ്).

350. ഒന്നാം പാനിപ്പട്ടു യുദ്ധത്തിൽ (1526) ബാബർ, ഡൽഹി ഭരണാധികാരിയായ ഇബ്രാഹിം ലോധിയെ തോൽപിച്ചു. എന്നാൽ, രണ്ടാം പാനിപ്പട്ട് യുദ്ധത്തിൽ (1556) മുഗൾ സേനയെ അക്ബർക്കുവേണ്ടി നയിച്ച ബൈറാം ഖാൻ, ആദിൽഷായുടെ പടനായകനായ ഹേമുവിനെ തോൽപിച്ചു.

351. ഒന്നാം താനേശ്വർ യുദ്ധത്തിൽ (1191)മുഹമ്മദ് ഗോറിയുടെ തുർക്കിപ്പടയെ ഡൽഹി ഭരണാധികാരിയായ പൃഥിരാജ് ചൗഹാൻ പരാജയപ്പെടുത്തി. എന്നാൽ, രണ്ടാം താനേശ്വർ യുദ്ധത്തിൽ (1192)ചൗഹാനെ ഗോറി തോൽപിക്കുകയും ഡൽഹിയിൽ ഇസ്ലാമിക ഭരണത്തിന് അടിത്തറയിടുകയും ചെയ്തു.

352. കശ്മീരിലെ ഷാലിമാർ ഗാർഡൻ നിർമിച്ചത് ജഹാംഗീറാണ്. എന്നാൽ, ലാഹോറിലേത് ഷാജഹാനും ഡൽഹിയിലെത് ഔറംഗസീബുമാണ് പണികഴിപ്പിച്ചത്.

353. ശിവജിയുടെ വാൾ ഭവാനി. കുതിരയുടെ പേര് പഞ്ചകല്യാണി.

354. ഷാനാമ രചിച്ചത് ഫിർദൗസി. ബാബർനാമ രചിച്ചത് ബാബർ. അക്ബർനാമ രചിച്ചത് അബുൾ ഫാസൽ. സഫർനാമ രചിച്ചത് ഇബ്ൻ ബത്തൂത്ത. പാദ്ഷാനാമ രചിച്ചത് അബ്ദുൾ ഹമീദ് ലാഹോറി. തുഗ്ലക്നാമ രചിച്ചത് അമീർ ഖുസ്രു.

355. സുൽത്താനേറ്റ് കാലഘട്ടത്തിലെ രാജവംശങ്ങളിൽ ഏറ്റവും കൂടുതൽ കാലം ഭരിച്ചത് തുഗ്ലക്കുമാരും ഏറ്റവും കുറച്ചുകാലം ഭരിച്ചത് ഖിൽജിമാരുമാണ്.

356. ഗുജറാത്തിലെ മൊധേരയിലെ സൂര്യക്ഷേത്രം (1026) പണികഴിപ്പിച്ചത് സോളങ്കി വംശത്തിലെ ഭീമൻ ഒന്നാമൻ ആണ്. എന്നാൽ, ഇന്ത്യയിലെ ഏറ്റവും പ്രസിദ്ധമായ സൂര്യക്ഷേത്രം ഒറീസയിലെ കൊണാർക്കിൽ പണികഴിപ്പിച്ചത് ഗംഗാവംശത്തിലെ നരസിംഹദേവൻ ആണ്.

357. ഗംഗൈകൊണ്ട ചോളൻ എന്ന പേരു സ്വീകരിച്ചത് രാജേന്ദ്രൻ ഒന്നാമനാണ്. മധുരൈകൊണ്ട ചോളൻ എന്നു വിശേഷിപ്പിക്കപ്പെട്ട ചോളരാജാവാണ് പരാന്തകൻ ഒന്നാമൻ.

358. ഹിന്ദുകാലഘട്ടത്തിലെ അക്ബർ എന്നു വിശേഷിക്കപ്പെടുന്നത് ഹർഷവർധൻ. എന്നാൽ, കശ്മീരിലെ അക്ബർ എന്നറിയപ്പെട്ടത് സെയ്നുൽ അബ്ദിൻ.

359. ജയസിംഹനാണ് വാതാപിയിലെ ചാലൂക്യ വംശത്തിന്റെ സ്ഥാപകൻ. എന്നാൽ വേങ്ങിയിലെ കിഴക്കേ ചാലൂക്യ വംശത്തിന്റെ സ്ഥാപകൻ വിഷ്ണുവർധനനാണ്.

360. ജഹാംഗീറിന്റെ പത്നി നൂർജഹാന്റെ പഴയ പേര് മെഹറുന്നിസ. ഷാജഹാന്റെ പത്നി മുംതാസ്മഹലിന്റെ പഴയ പേര് അർജുമന്ദ് ബാനു ബീഗം.

361. ജഹാംഗീറിന്റെ കാലത്ത് വധിക്കപ്പെട്ട സിഖ് ഗുരുവാണ് അർജൻ ദേവ് (അഞ്ചാമത്തെ സിഖുഗുരു). എന്നാൽ, ഔറംഗസീബ് വധിച്ച സിഖ് ഗുരുവാണ് തേജ് ബഹദൂർ(ഒൻപതാമത്തെ സിഖുഗുരു).

362. ഡെൽഹി സുൽത്താനേറ്റിന് ഏറ്റവും കൂടുതൽ വിസ്തീർണം ഉണ്ടായിരുന്നത് മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ കാലത്താണ്. മുഗൾ സാമ്രാജ്യം വിസ്തൃതിയുടെ പാരമ്യത പ്രാപിച്ചത് ഔറംഗസീബിന്റെ കാലത്താണ്. മറാത്താ സാമ്രാജ്യം വിസ്തൃതിയുടെ പരമാവധിയിലെത്തിയത് ബാലാജി ബാജിറാവുവിന്റെ കാലത്താണ്.

363. പോളോ കളിച്ചുകൊണ്ടിരിക്കെ കുതിരപ്പുറത്തുനിന്നു വീണു മരിച്ച ഡൽഹി സുൽത്താനാണ് കുത്തബ്ദീൻ ഐബക്. പന്തൽ തകർന്നുവീണ് മരണമടഞ്ഞ ഡൽഹി സുൽത്താനാണ് ഗിയാസുദ്ദീൻ തുഗ്ലക്.

364. റോമാൻസ് ഇൻ സ്റ്റോൺ എന്നറിയപ്പെടുന്നത് ഫത്തേപൂർ സിക്രിയിലെ കെട്ടിടങ്ങളാണ്. താജ്മഹലാണ് മാർബിളിലെ സ്വപ്നം എന്നറിയപ്പെടുന്നത്.

365. ഡൽഹി ഭരിച്ച ആദ്യത്തെ സുൽത്താനേറ്റ് വംശം അടിമ വംശം. അവസാനത്തെ സുൽത്താൻവംശം ലോദി.

366. താജ്മഹലിന്റെ മുൻഗാമി എന്നറിയപ്പെട്ടത് ഹുമയൂണിന്റെ ശവകുടീരം. ബേബി താജ് എന്നറിയപ്പെട്ടത് ഇത്തിമാദ് ദൗളയുടെ ശവകുടീരം.

367. തീർഥാടകരിൽ രാജകുമാരൻ എന്നറിയപ്പെട്ടത് ഹ്യുയാൻ സാങ്. സഞ്ചാരികളിൽ രാജകുമാരൻ മാർക്കോ പോളോ.

368. ബാബർ പിതൃപക്ഷത്തിൽ തിമൂറിന്റെയും മാതൃപക്ഷത്തിൽ ചെങ്കിസ്ഖാന്റെയും പിൻതലമുറക്കാരൻ ആയിരുന്നു.

369. ബാബർ അന്തരിച്ചത് ആഗ്രയിൽ വച്ചാണ്. ആഗ്രയിലെ ആരാംബാഗിലെ ആദ്യം അടക്കം ചെയ്തതെങ്കിലും പിന്നീട് ഭൗതികാവശിഷ്ടം കാബൂളിലേക്ക് മാറ്റി.

370. നൂർജഹാന് ആദ്യ ഭർത്താവായ ഷേർ അഫ്ഗാനിൽ ജനിച്ച മകളായ ലാദ്ജി ബീഗത്തെ വിവാഹം ചെയ്ത മുഗൾ രാജകുമാരനാണ് ഷഹരിയാർ. നൂർജഹാന്റെ സഹോദരനായ ആസഫ് ഖാന്റെ മകളെ വിവാഹം കഴിച്ച മുഗൾ രാജകുമാരനാണ് ഖുറം (ഷാജഹാൻ)

371. തനിക്കെതിരെ കലാപം നടത്തിയ മുഗൾ രാജകുമാരനായ ഖുസ്രുവിനെ അന്ധനാക്കിയത് ജഹാംഗീറാണ്. ജഹാംഗീറിന്റെ മറ്റൊരു പുത്രനായ ഷഹരിയാറെ അന്ധനാക്കിയത് ഷാജഹാന്റെ ഭാര്യാപിതാവായ ആസഫ് ഖാനാണ്.

372. ഖുറം രാജകുമാരന് ആ പേര് നൽകിയത് മുത്തച്ഛനായ അക്ബറാണ്. ഷാജഹാൻ എന്ന പേര് നൽകിയത് പിതാവ് ജഹാംഗീറാണ്. ഷാജഹാൻ എന്ന വാക്കിനർഥം ലോകത്തിന്റെ രാജാവ്.

373. നാണയ നിർമാതാക്കളിൽ രാജകുമാരൻ എന്നറിയപ്പെട്ട തുഗ്ലക് സുൽത്താനാണ് മുഹമ്മദ് ബിൻ തുഗ്ലക്. ആത്മകഥാ രചയിതാക്കളിൽ രാജകുമാരൻ എന്നറിയപ്പെട്ട മുഗൾ ഭരണാധികാരി ബാബർ. നിർമിതികളുടെ രാജകുമാരൻ എന്നറിയപ്പെട്ട മുഗൾ ഭരണാധികാരി ഷാജഹാൻ.

374. ശ്രീനഗറിൽ ഷാലിമർ ബാഗ് എന്ന ഉദ്യാനം നിർമിച്ചത് ജഹാംഗീറാണ്. ലാഹോറിലെ ഷാലിമർ ബാഗ് നിർമിച്ചത് ഷാജഹാനാണ്.

375. ബോംബെ ബോംബർ എന്നറിയപ്പെടുന്നത് സച്ചിൻ ടെൻഡുൽക്കർ. എന്നാൽ, ഹരിയാന ഹരിക്കേൻ എന്നു വിളിക്കുന്നത് കപിൽദേവിനെയാണ്.

376. കാതൽമന്നൻഎന്നറിയപ്പെട്ടിരുന്ന തമിഴ് നടനാണ് ജമിനി ഗണേശൻ. എന്നാൽ, സ്റ്റൈൽ മന്നൻ എന്നുവിളിച്ചത് രജനീകാന്തിനെയാണ്.

377. ലോക് നായക് എന്നറിയപ്പെട്ടത് ജയപ്രകാശ് നാരായൺ. ദേശ് നായക് നേതാജി ബോസ്.

378. വേദങ്ങളിലേക്ക് മടങ്ങുക എന്നു പറഞ്ഞത് ദയാനന്ദ സരസ്വതി. ഗീതയിലേക്ക് മടങ്ങുക എന്നു പറഞ്ഞത് സ്വാമി വിവേകാനന്ദൻ.

379. മഹാരാഷ്ട്രയിലെ സോക്രട്ടീസ്–ഗോപാലകൃഷ്ണ ഗോഖലെ, ജാട്ട് സമുദായത്തിന്റെ പ്ലേറ്റോ സൂരജ്മൽ.

380. ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ വ്യക്തി വിക്ടോറിയ മഹാറാണി. സ്വതന്ത്ര ഇന്ത്യയുടെ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ വ്യക്തി മഹാത്മാ ഗാന്ധി.

381. വേദസമാജം സ്ഥാപിച്ചത് ശ്രീധരലു നായിഡു. ദേവസമാജത്തിന്റെ സ്ഥാപകൻ ശിവനാരായൺ അഗ്നിഹോത്രി.

382. ബാപ്പുജി എന്നറിയപ്പെട്ടത് മഹാത്മാ ഗാന്ധി. ബാബുജി എന്ന അപരനാമത്തിൽ അറിയപ്പെട്ടത് ജഗ്ജീവൻ റാം.

383. ബ്രിട്ടീഷുകാർ ഇന്ത്യയിൽ സ്ഥാപിച്ച ആദ്യത്തെ യൂണിവേഴ്സിറ്റി കൊൽക്കത്ത. ബ്രിട്ടീഷ് അധികാരത്തിന് വെളിയിൽ ഇന്ത്യയിൽ സ്ഥാപിതമായ ആദ്യ ആധുനിക സർവകലാശാല മൈസൂർ.

384. ജാലിയൻവാലാബാഗ് കൂട്ടക്കൊലയെക്കുറിച്ച് അന്വേഷിക്കാൻ ബ്രിട്ടിഷ് സർക്കാർ നിയോഗിച്ചത് ഹണ്ടർ കമ്മിറ്റിയെയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിയോഗിച്ച കമ്മിറ്റിക്ക് നേതൃത്വം നൽകിയത് അബ്ബാസ് തയബ്ജിയാണ്.

385. 1600–ൽ ലണ്ടനിലാണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി സ്ഥാപിക്കപ്പെട്ടത്. ഇത് ജോൺ കമ്പനി എന്നും അറിയപ്പെട്ടു. അപ്പോൾ ബ്രിട്ടൺ ഭരിച്ചിരുന്നത് കന്യകാറാണി എന്നറിയപ്പെട്ട ഒന്നാം എലിസബത്ത് രാജ്ഞിയാണ്. അക്ബറായിരുന്നു അപ്പോൾ ഇന്ത്യയിലെ മുഗൾ ചക്രവർത്തി. എന്നാൽ സൂറത്തിൽ ഫാക്ടറി സ്ഥാപിച്ചപ്പോൾ ജഹാംഗീറായിരുന്നു മുഗൾ ചക്രവർത്തി.

386. ആദ്യമായി ഇന്ത്യയിൽ തപാൽ സ്റ്റാമ്പിറക്കിയത് ബ്രിട്ടീഷുകാരാണ്– കറാച്ചിയിൽ. എന്നാൽ, ഇന്ത്യയിൽ ആദ്യമായി തപാൽ സ്റ്റാമ്പ് പുത്തിറക്കിയ നാട്ടുരാജ്യം ക

# താജ്മഹലിന്റെ മുൻഗാമിയും ബേബിതാജും

ത്തിയവാഡ് ആണ്.

387. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറ പാകാൻ സഹായകമായ പ്ലാസി യുദ്ധം നടന്നത് 1757–ൽ ബംഗാളിലാണ്. എന്നാൽ, 1764–ൽ ബീഹാറിൽനടന്ന ബക്സാർ യുദ്ധത്തോടെയാണ് ഇന്ത്യയിൽ ബ്രിട്ടീഷുകാർ മേധാവിത്വം ഉറപ്പിച്ചത്.
388. വന്ദേമാതരത്തിന്റെ ഇംഗ്ലീഷ് പരിഭാഷ നിർവഹിച്ചത് അരവിന്ദഘോഷാണ്. വന്ദേമാതരം തമിഴിലേക്ക് പരിഭാഷപ്പെടുത്തിയത് സുബ്രമണ്യഭാരതിയാണ്. രബിന്ദ്രനാഥ് ടാഗോർ രചിച്ച ജനഗണമന ഇംഗ്ലീഷിലേക്ക് തർജമ ചെയ്തത് ടാഗോർ തന്നെയാണ്.
389. സെർവന്റ്സ് ഓഫ് ഇന്ത്യ എന്ന സംഘടന സ്ഥാപിച്ചത് ഗോപാലകൃഷ്ണ ഗോഖലെ ആണ്. സെർവന്റ്സ് ഓഫ് ഗോഡ് സ്ഥാപിച്ചത് ഖാൻ അബ്ദുൾ ഗാഫർ ഖാൻ .
390. ടിപ്പു സുൽത്താനിൽ നിന്ന് മലബാർ ബ്രിട്ടീഷുകാർക്കു ലഭിച്ച വർഷം 1792 ആണ്. ബ്രിട്ടീഷ് മലബാർ നിലവിൽവന്നത് 1793–ലാണ്. അപ്പോൾ ബോംബെ പ്രവിശ്യയുടെ കീഴിലായിരുന്നു മലബാർ. മലബാറിനെ ബോംബെ പ്രവിശ്യയിൽനിന്നുമാറ്റി മദ്രാസ് പ്രവിശ്യയോട് ചേർത്ത വർഷം 1800.
391. ദേശബന്ധു എന്നറിയപ്പെട്ടത് സി.ആർ.ദാസ്. വംഗബന്ധു ഷെയ്ഖ് മുജീബ് റഹ്മാൻ.
392. 'മഹർഷി' എന്നറിയപ്പെട്ട ഭാരതരത്നമാണ് ഡി.കെ കാർവേ. 'രാജർഷി' എന്നറിയപ്പെട്ടത് പുരുഷോത്തം ദാസ് ഠണ്ഡൻ.
393. ബ്രിട്ടിഷുകാർ ഫോർട്ട് വില്യം നിർമിച്ചത് കൽക്കട്ട (കൊൽക്കത്ത)യിലാണ്. സെന്റ് ജോർജ് കോട്ട നിർമിച്ചത് മദ്രാസിൽ (ചെന്നൈ) ആണ്.
394. ക്വിറ്റിന്ത്യാ സമരകാലത്ത് ആദ്യത്തെ സമാന്തര സർക്കാർ നിലവിൽവന്നത് ബലിയ എന്ന സ്ഥലത്താണ്. ഏറ്റവും കൂടുതൽ കാലം പ്രവർത്തിച്ച സമാന്തര സർക്കാർ സത്താറയിലേതായിരുന്നു.
395. ബർമയും ഏഡനും ബ്രിട്ടിഷ് ഇന്ത്യയിൽനിന്ന് വേർപെടുത്തിയ നിയമമാണ് 1935–ലെ ഗവ.ഓഫ് ഇന്ത്യ നിയമം. ഇന്ത്യയെ വിഭജിച്ച് പാകിസ്താന് രൂപം നൽകിയ നിയമമാണ് ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട്.
396. തെക്കുനിന്നുള്ള യോദ്ധാവ് എന്നറിയപ്പെട്ടത് സി.രാജഗോപാലാചാരി. തെക്കേ ഇന്ത്യയിലെ സിംഹം എന്നു വിളിച്ചത് വിജയരാഘവാചാര്യയെ ആണ്.
397. പ്രാദേശിക കാരണങ്ങൾ കൊണ്ടല്ലാതെ യൂറോപ്പിലെ ഓസ്ട്രിയൻ പിന്തുടർച്ചാവകാശ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ നടന്ന ഏറ്റുമുട്ടലാണ് ഒന്നാം കർണാട്ടിക് യുദ്ധം.യൂറോപ്പിൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ നടന്ന സപ്തവത്സര യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ നടന്ന യുദ്ധമാണ് മൂന്നാം കർണാട്ടിക് യുദ്ധം
398. ബ്രിട്ടിഷ് ഇന്ത്യയിൽ മേയോ കോളേജ് സ്ഥാപിതമായത് അജ്മീരിലും റിപ്പൺ കോളേജ് സ്ഥാപിതമായത് കൽക്കട്ടയിലും ലേഡി ഇർവിൻ കോളേജ് സ്ഥാപിതമായത് ഡൽഹിയിലുമാണ്.
399. ഇന്ത്യയിലെ വിപ്ലവചിന്തകളുടെ പിതാവായി വാഴ്ത്തപ്പെടുന്നത് ബിപിൻ ചന്ദ്ര പാൽ ആണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സായുധ കലാപത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്നത് വസുദേവ് ബൽവന്ത് ഫാഡ്കെ.
400. ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനി ആദ്യ ഫാക്ടറി സ്ഥാപിച്ചത് സൂറത്തിലാണ്. ഇംഗ്ലീഷുകാർക്ക് പരമാധികാരം ലഭിച്ച ആദ്യ ഭൂഭാഗം ബോംബെ ദ്വീപാണ്. ഇംഗ്ലണ്ടിലെ രാജകുമാരൻ പോർച്ചുഗൽ രാജകുമാരിയെ വിവാഹം കഴിച്ചപ്പോൾ ബോംബെ ദ്വീപ് സ്ത്രീധനമായി നൽകുകയായിരുന്നു.
401. 1857–ലെ കലാപശേഷം നാനാ സാഹിബും അവധിലെ ബീഗവും പലായനം ചെയ്തത് നേപ്പാളിലേക്കാണ്. ബഹദൂർഷാ രണ്ടാമനെ ബ്രിട്ടിഷുകാർ നാടുകടത്തിയത് ബർമയിലേക്കാണ്.
402. ബ്രിട്ടിഷിന്ത്യയിലെ മനു എന്നറിയപ്പെട്ടത് മെക്കാളെ പ്രഭു. ആധുനിക മനു എന്നറിയപ്പെടുന്നത് ഹിന്ദു കോഡ് ബില്ലിനു രൂപം നൽകിയ ഡോ.ബി.ആർ.അംബേദ്കർ.
403. ബീഹാർ വിദ്യാപീഠം സ്ഥാപിച്ചത് ഡോ.രാജേന്ദ്രപ്രസാദ്. ഭാരതീയ വിദ്യാ ഭവന്റെ സ്ഥാപകൻ കെ.എം.മുൻഷി.
404. സത്യാഗ്രഹികളുടെ രാജകുമാരൻ എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് യേശു ക്രിസ്തുവിനെയാണ്. അധ്വാനിക്കുന്നവരുടെ രാജകുമാരൻ എന്ന ഗോപാല കൃഷ്ണ ഗോഖലെയെ വിശേഷിപ്പിച്ചത് ബാല ഗംഗാധര തിലകനാണ്.
405. ബ്രിട്ടീഷ് പാർലമെന്റംഗമായ ആദ്യത്തെ ഇന്ത്യക്കാരൻ ദാദാഭായ് നവറോജിയാണ്.ബ്രിട്ടീഷ് പാർലമെന്റംഗമായ രണ്ടാമത്തെ ഇന്ത്യക്കാരൻ ടശ്യ ങമിരവലൃഷലല ആവീിമഴൃലല (1896–1906) ആണ്. പ്രഭു സഭ അഥവാ ഹൗസ് ഓഫ് ലോർഡ്സിൽ അംഗമായ ആദ്യ ഇന്ത്യക്കാരൻ എസ്.പി.സിൻഹയാണ്.
406. 1946 സെപ്തംബർ രണ്ടിന് ഇടക്കാല സർക്കാർ അധികാരമേറ്റ ഇടക്കാല മന്ത്രിസഭയുടെ അംഗബലം 12 ആയിരുന്നു. എന്നാൽ, മുസ്ലിം ലീഗ് മന്ത്രിസഭയിൽ ചേരാൻ തീരുമാനിച്ചതിന്റെ ഫലമായി 1946 ഒക്ടോബർ 15–ന് മന്ത്രിസഭ പുന:സംഘടിപ്പിച്ചതോടെ അംഗബലം 14 ആയി. സ്വതന്ത്ര ഇന്ത്യയിലെ പ്രഥമ ക്യാബിനറ്റിന്റെ അംഗബലം 15 ആയിരുന്നു.
407. ബ്രിട്ടന്റെ വന്ദ്യവയോധികൻ എന്നു വിളിക്കപ്പെട്ട പ്രധാനമന്ത്രിയായിരുന്നു വില്യം എവാർട്ട് ഗ്ലാഡ്സ്റ്റൺ (1809–1898). ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെട്ടത് ദാദാഭായ് നവറോജി (1825–1917) ആണ്.
408. ദക്ഷിണേന്ത്യയുടെ വന്ദ്യവയോധികൻ ജി.സുബ്രമണ്യ അയ്യർ. കേരളത്തിന്റെ വന്ദ്യവയോധികൻ കെ.പി.കേശവമേനോൻ.
409. ജാലിയൻ വാല്ബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയത് ജനറൽ റെജിനാൾഡ് ഡയർ. എന്നാൽ, ആ സമയത്ത് പഞ്ചാബ് ഗവർണറായിരുന്നത് മൈക്കൽ ഒ ഡയർ.
410. ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് പ്രതികാരമായി, ആ നരഹത്യയെ ന്യായീകരിച്ച അന്നത്തെ പഞ്ചാബ് ഗവർണർ മൈക്കൽ ഒഡയറിനെ പിൽക്കാലത്ത് കൊലപ്പെടുത്തിയ ഉദ്ദം സിങ് ജനിച്ചത് പഞ്ചാബിലാണ്. എന്നാൽ, അദ്ദേഹത്തിന്റെ സ്മരണാർഥം നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ഉദ്ദംസിങ് നഗർ ഉത്തരാഖണ്ഡിലാണ്.
411. വൈസ്രോയി എന്ന സ്ഥാനപ്പേര് ബ്രിട്ടീഷ് ഇന്ത്യയിൽ ആരംഭിച്ചത് 1858–ലും നിർത്തലാക്കിയത് 1947–ലും ആയിരുന്നു.
412. മറാത്ത മാക്യവെല്ലി എന്നറിയപ്പെട്ടത് നാനാ ഫഡ്നാവിസ്. മറാത്ത കേസരിയെന്നു വിളിച്ചത് ബാലഗംഗാധര തിലകനെയാണ്.
413. ഇന്ത്യയിലെ ധവള വിപ്ളവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ഡോ.വർഗീസ് കുര്യനാണ്. എന്നാൽ, ഇന്ത്യയിലെ ഹരിത വിപ്ളവത്തിന്റെ പിതാവ് ഡോ.എം.എസ്.സ്വാമിനാഥനാണ്.
414. മീരാ റിച്ചാർഡ് അരവിന്ദഘോഷിന്റെ ശിഷ്യയായിരുന്നു. മീരാ ബെഹ്ൻ ഗാന്ധിജിയുടെ ശിഷ്യയും.
415. ഓൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ് രൂപംകൊണ്ടത് 1920–ൽ ആണ്. ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ് രൂപംകൊണ്ടത് 1947–ൽ ആണ്.
416. സന്ന്യാസി കലാപവും തേഭാഗ കലാപവും നടന്നത് ബംഗാളിലാണ്.
417. കുക്കാ കലാപം നടന്നത് പഞ്ചാബിലാണ്. മുണ്ടാ കലാപം നടന്നത് ജാർഖണ്ഡിലാണ്.
418. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1907–ലെ സൂറത്ത് (ഗുജറാത്ത്) സമ്മേളനത്തിൽ മിതദേശീയവാദികളെന്നും തീവ്രദേശീയവാദികളെന്നും രണ്ടായി പിളർന്നിരുന്നു. ഇവർ വീണ്ടും ഒരുമിച്ചത് 1916–ലെ ലക്നൗ സമ്മേളനത്തിലാണ്.
419. പോണ്ടിച്ചേരി സ്ഥാപിച്ചത് ഫ്രാൻസിസ് മാർട്ടിൻ. മദ്രാസ് നഗരത്തിന്റെ സ്ഥാപകൻ ഫ്രാൻസിസ് ഡേ.
420. മുഹമ്മദൻ ലിറ്ററി സൊസൈറ്റിയുടെ സ്ഥാപകൻ നവാബ് അബ്ദുൾ ലത്തീഫ്. മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ചത് സർ സയ്യദ് അഹമ്മദ് ഖാൻ.
421. നാംദരി പ്രസ്ഥാനം (കുക്കാ പ്രസ്ഥാനം) ആരംഭിച്ചത് ദയാൽ ദാസ്. നാംദരി പ്രസ്ഥാനം (കുക്കാ പ്രസ്ഥാനം ) തുടങ്ങിയത് ബാലക് സിങ്.
422. ആധുനിക ആന്ധ്രയുടെ പിതാവ് എന്നറിയപ്പെട്ടത് വീരേശലിംഗം. എന്നാൽ, 'തെലുങ്കു പിതാമഹൻ' എന്നറിയപ്പെട്ടത് കൃഷ്ണദേവരായർ.
423. ഇന്ത്യൻ ദേശീയതയുടെ പിതാമഹൻ എന്നറിയപ്പെടുന്നത് രാജ് നാരായൺ ബോസ് ആണ്. പാകിസ്താൻ ദേശീയതയുടെ പിതാമഹൻ എന്നറിയപ്പെടുന്നത് റഹ്മത്ത് അലിയാണ്.
424. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബ്രിട്ടിഷ് കമ്മിറ്റി ലണ്ടനിൽ ആരംഭിച്ചത് 1889–ൽ ആണ്. ബ്രിട്ടീഷ് സർക്കാരിന്റെ ഒരു വകുപ്പ് എന്ന നിലയിൽ ഇന്ത്യാ ഓഫീസ് ആരംഭിച്ചത് 1858–ൽ ആണ്.
425. ഇന്ത്യയിലെ ആദ്യത്തെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് സ്റ്റാൻലി പ്രഭുവും അവസാനത്തേത് ലിസ്റ്റോവൽ പ്രഭുവും (അഥവാ William Francis Hare) ആയിരുന്നു.
426. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് രാജാവ് ജോർജ് അഞ്ചാമൻ (1911). ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് മാക്മില്ലൻ.
427. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ ബ്രിട്ടിഷ് രാജാവ് ജോർജ് ആറാമനും പ്രധാനമന്ത്രി ക്ലമന്റ് ആറ്റ്ലിയും ആയിരുന്നു.
428. ക്വിറ്റിന്ത്യാ സമര പ്രഖ്യാപനം (1942)നടത്തിയ മൈതാനമാണ് ഗോവാലിയ ടാങ്ക്. എന്നാൽ, ഗോവാലിയ ടാങ്ക് ഇപ്പോൾ ഓഗസ്റ്റ് ക്രാന്തി മൈതാനം എന്നാണറിയപ്പെടുന്നത്.
429. ഷെയ്ഖ് അബ്ദുള്ള (1906–82)യാണ് കശ്മീർ സിംഹം എന്നറിയപ്പെട്ടിരുന്നത്. പഞ്ചാബ് സിംഹം ലാലാ ലജ്പത് റായി (1865–1928)യാണ്.
430. ഇന്ത്യയുമായി വ്യാപാരബന്ധത്തിലേർപ്പെട്ട ആദ്യ യൂറോപ്യൻ ശക്തി പോർച്ചുഗീസുകാരാണ്. എന്നാൽ, ഇത്തരമൊരു ബന്ധം സ്ഥാപിച്ച ആദ്യത്തെ പ്രൊട്ടസ്റ്റന്റ് ജനത ഡച്ചുകാരാണ് .
431. ഷഹീദ്–ഇ–അസം എന്നറിയപ്പെട്ടത് ഭഗത് സിങ് ആണ്. ക്വായിദ്–ഇ–അസം എന്നറിയപ്പെട്ടത് മുഹമ്മദ് അലി ജിന്നയാണ്.
432. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വന്ദ്യവയോധിക എന്നറിയപ്പെട്ടത് ആനി ബെസന്റ്. ഇന്ത്യൻ വിപ്ലവത്തിന്റെ മാതാവ് എന്നു വിളിച്ചത് മാഡം ഭിക്കാജി കാമയെ ആണ്.
433. ബാല ഗംഗാധര തിലകൻ കേസരി പത്രം ആരംഭിച്ചത് മറാഠിയിലും മറാത്ത എന്ന പത്രം ആരംഭിച്ചത് ഇംഗ്ലിഷിലും ആണ്.
434. സൈമൺ കമ്മിഷനെ നിയമിച്ചത് 1927–ൽ. കമ്മിഷൻ ഇന്ത്യയിൽ വന്നത് 1928–ൽ. റിപ്പോർട്ട് സമർപ്പിച്ചത് 1930–ൽ.
435. ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ സ്ഥാപിച്ചത് വില്യം ജോൺസ്. റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാളിന്റെ സ്ഥാപകൻ വാറൻ ഹേസ്റ്റിങ്സ്.
436. സതി നിരോധിച്ച ഗവർണർ ജനറൽ വില്യം ബെന്റിക് പ്രഭു. അതിനായി സമ്മർദ്ദം ചെലുത്തിയ ഭാരതീയ നേതാവ് രാജാറാം മോഹൻ റോയ്.
437. ഗുരുദേവ് എന്നറിയപ്പെട്ടത് രബീന്ദ്രനാഥ് ടാഗോർ. ഗുരുജി എന്നറിയപ്പെട്ടത് എം.എസ്.ഗോൾവൽക്കർ.
438. ലോകമാന്യ എന്നറിയപ്പെട്ടത് ബാലഗംഗാധര തിലകൻ. മഹാമന എന്നറിയപ്പെട്ടത് മദൻ മോഹൻ മാളവ്യ.
439. സ്വരാജ് പാർട്ടി സ്ഥാപിച്ചത് സി.ആർ.ദാസും മോത്തിലാൽ നെഹ്റുവും ചേർന്നാണ്. സ്വതന്ത്ര പാർട്ടിയുടെ സ്ഥാപകൻ സി.രാജഗോപാലാചാരി.
440. മഹാത്മാഗാന്ധി പ്രാഥമിക വിദ്യാഭ്യാസം നേടിയ സ്ഥലങ്ങളാണ് പോർബന്ദറും രാജ്കോട്ടും. നിയമപഠനത്തിനുശേഷം അദ്ദേഹം ഇന്ത്യയിൽ പ്രാക്ടീസ് ചെയ്ത സ്ഥലങ്ങൾ മുംബൈയും രാജ്കോട്ടുമാണ്.
441. മഹാത്മാഗാന്ധി സ്ഥാപിച്ച ഹരിജൻ സേവക് സമാജിന്റെ ആദ്യ പ്രസിഡന്റ് ജി.ഡി.ബിർളയും ആദ്യ സെക്രട്ടറി അമൃത്‌ലാൽ താക്കറും ആയിരുന്നു.
442. രാജ്യസ്നേഹികളുടെ രാജകുമാരൻ എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് സുഭാഷ് ചന്ദ്ര ബോസിനെയാണ്. സത്യാഗ്രഹികളിൽ രാജകുമാരൻ എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് യേശുക്രിസ്തുവിനെയാണ്.
443. മഹാത്മാഗാന്ധി ആദ്യമായി സമാധാന നൊബേലിന് നാമനിർദ്ദേശം ചെയ്യപ്പെട്ട വർഷമാണ് 1937. അദ്ദേഹത്തെ അവസാനമായി സമാധാന നൊബേലിന് നാമനിർദ്ദേശം ചെയ്തത് 1948–ലാണ്.
444. ഇൻ സെർച്ച് ഓഫ് ഗാന്ധി എന്ന പുസ്തകമെഴുതിയത് റിച്ചാർഡ് അറ്റൻബറോയാണ്. ആർ.കെ.നാരായൺ ആണ് വെയ്റ്റിങ് ഫോർ ദ് മഹാത്മ രചിച്ചത്.
445. ഗാന്ധി സിനിമയുടെ സംവിധായകൻ റിച്ചാർഡ് അറ്റൻബറോ. ഗാന്ധിജിയുടെ വേഷം അഭിനയിച്ചത് കൃഷ്ണ ഭാൻജി.
446. ബാല്യകാലത്ത് ഗാന്ധിജിയെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഇതിഹാസ കഥാപാത്രം ഹരിശ്ചന്ദ്രനാണ്.ഗാന്ധിജിയുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുള്ള സന്ന്യാസിയാണ് റായ് ചന്ദ് ഭായ്.
447. ഐ ഫോളോ ദ മഹാത്മ എന്ന പുസ്തകമെഴുതിയത്

# ഗാന്ധിജിയുടെ ആത്മീയ പിൻഗാമിയും ആത്മീയ പുത്രനും

കെ.എം.മുൻഷിയാണ്. ലൂയി ഫിഷർ എഴുതിയ പുസ്തകമാണ് ലൈഫ് ഓഫ് മഹാത്മാഗാന്ധി.

448. മേക്കിങ് ഓഫ് മഹാത്മാ എന്ന ചിത്രം സംവിധാനം ചെയ്തത് ശ്യാം ബെനഗൽ ആണ്. മഹാത്മാ എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തത് വിതൽഭായ് ജാവേരിയാണ്.

449. ഗാന്ധിജി ഇന്ത്യയിൽ ആദ്യമായി നിരാഹാരസമരം അനുഷ്ഠിച്ച അഹമ്മദാബാദ് മിൽസമരം നടന്നത് 1918–ലാണ്. സത്യാഗ്രഹ സമരത്തിന്റെ ജന്മഭൂമി എന്നറിയപ്പെടുന്നത് ദക്ഷിണാഫ്രിക്കയാണ്.

450. ബനാറസ് ഹിന്ദു സർവകലാശാലയുടെ ഉദ്ഘാടനമാണ് ഗാന്ധിജി ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം പങ്കെടുത്ത ആദ്യത്തെ പൊതുചടങ്ങ്. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ സത്യാഗ്രഹമാണ് ചമ്പാരൻ സത്യാഗ്രഹം (1917).

451. 1925–ൽ സബർമതി ആശ്രമത്തിലെത്തി ഗാന്ധിജിയുടെ അനുയായിയായ ഇംഗ്ളണ്ടുകാരിയാണ് മീരാ ബെഹൻ. മെഡലിൻ സ്ലേഡ് എന്നായിരുന്നു അവരുടെ യഥാർഥ പേര്.ഗാന്ധി ശിഷ്യയായിരുന്ന സരളാ ബെന്നിന്റെ യഥാർഥ പേര് കാതറിൻ മെരി ഹെയ്‌ലിമാൻ എന്നായിരുന്നു.

452. ദണ്ഡിയാത്രയിൽ സന്നദ്ധഭടൻമാർക്ക് ആവേശം പകർന്ന രഘുപതി രാഘവ രാജാറാം എന്ന ഗാനത്തിനു സംഗീതം പകർന്നത് വിഷ്ണു ദിഗംബർ പലുസ്കാർ ആണ്. എന്നാൽ, ഗാന്ധിജിയുടെ ഇഷ്ട പ്രാർഥനാഗാനമായ വൈഷ്ണവ ജനതോ രചിച്ചത് ഗുജറാത്തി കവി നർസി മേത്തയാണ്.

453. മഹാത്മാഗാന്ധിയുടെ രാഷ്ട്രീയ പരീക്ഷണ ശാല എന്നറിയപ്പെടുന്നത് ദക്ഷിണാഫ്രിക്ക. ഇന്ത്യയുടെ രാഷ്ട്രീയ പരീക്ഷണ ശാല എന്നറിയപ്പെടുന്നത് കേരളം.

454. ഗാന്ധിജി ആകെ തടവറയിൽ കഴിഞ്ഞത് 2338 ദിവസം. അതിൽ 249 ദിവസം ദക്ഷിണാഫ്രിക്കയിലും 2089 ദിവസം ഇന്ത്യയിലും ആയിരുന്നു.

455. ഗാന്ധിജിയുടെ രാഷ്ട്രീയ പിൻഗാമി ജവാഹർലാൽ നെഹ്രു. ആത്മീയ പിൻഗാമി വിനോബാ ഭാവെ. ആത്മീയ പുത്രൻ എന്നറിയപ്പെട്ടത് ജംനലാൽ ബജാജ്.

456. പ്രവാസ ജീവിതത്തിന് തിരശ്ശീലയിട്ട് ഗാന്ധിജി ദക്ഷിണാഫ്രിക്ക വിട്ട വർഷം 1914. അദ്ദേഹം ഇന്ത്യയിൽ മടങ്ങിയെത്തിയ വർഷം 1915 (ജനുവരി 9).

457. ഗാന്ധിജിയെ ആദ്യമായി മഹാത്മാ എന്ന് സംബോധന ചെയ്തത് ടാഗോറാണ്. രാഷ്ട്ര പിതാവ് എന്ന് ആദ്യമായി വിളിച്ചത് സുഭാഷ് ചന്ദ്ര ബോസ്.

458. ദക്ഷിണാഫ്രിക്കയിൽവച്ച് ഗാന്ധിജിയെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കാൻ ശ്രമിച്ച ബാരിസ്റ്ററാണ് ഡബ്ല്യൂ. ബേക്കർ. ഗാന്ധിജിയെ ഇസ്ലാംമതത്തിലേക്ക് പരിവർത്തനംചെയ്യാൻ ശ്രമിച്ചവരിൽ പ്രമുഖൻ ദാദാ അബ്ദുള്ളയായിരുന്നു.

459. ദക്ഷിണാഫ്രിക്കയിൽവച്ച് ജനറൽ സ്മട്സുമായി ഗാന്ധിജി ഉടമ്പടിയിലേർപ്പെട്ടതിനാൽ അദ്ദേഹത്തെ ആക്രമിച്ച ഇന്ത്യൻ തീവ്രവാദിയാണ് മിർ ആലം ഖാൻ. തയ്യബ് ഹാജി ഖാന്റെ സഹായത്തോടെയാണ് ഗാന്ധിജി പ്രിട്ടോറിയയിൽ അവിടുത്തെ ഇന്ത്യക്കാരുടെ യോഗം വിളിച്ചു ചേർത്തത്.

460. ബ്രിട്ടിഷിന്ത്യയിലെ അക്ബർ എന്നറിയപ്പെട്ടത് വെല്ലസ്ലി പ്രഭു. എന്നാൽ, ബ്രിട്ടിഷിന്ത്യയിലെ ഔറംഗസീബ് എന്നറിയപ്പെട്ടത് കഴ്സൺ പ്രഭു.

461. കോൺഗ്രസ് രൂപവത്കരിക്കപ്പെട്ട സമയത്ത് വൈസ്രോയിയായിരുന്നത് ഡഫറിൻ പ്രഭു. കോൺഗ്രസിനെ സമാധാനപരമായ മരണത്തിന് സഹായിക്കുമെന്ന് പ്രഖ്യാപിച്ച വൈസ്രോയി കഴ്സൺ പ്രഭു. തന്നെ സന്ദർശിക്കുന്നതിന് കോൺഗ്രസ് പ്രതിനിധി സംഘത്തിന് അനുമതി നിഷേധിച്ച വൈസ്രോയിയാണ് മിന്റോ രണ്ടാമൻ.

462. നെപ്പോളിയനിക് യുദ്ധത്തിൽ ഒരു കൈ നഷ്ടമായശേഷം ഇന്ത്യയിലെ ഗവർണർ ജനറലായത് ഹാർഡിഞ്ച് ഒന്നാമൻ. ഒന്നാം ലോകമഹായുദ്ധത്തിൽ ഒരു കണ്ണു നഷ്ടപ്പെട്ടശേഷം ഇന്ത്യയുടെ വൈസ്രോയിയായത് വേവൽ പ്രഭു.

463. ബ്രിട്ടീഷ് ഇന്ത്യയിലെ ഗവർണർ ജനറൽമാരിൽ ഏറ്റവും കൂടുതൽകാലം ആ പദവി വഹിച്ചത് വാറൻ ഹേസ്റ്റിങ്സ് ആണ്(1773–85). ഏറ്റവും കൂടുതൽകാലം അധികാരത്തിൽ തുടർന്ന വൈസ്രോയി ലിൻലിത്ഗോ പ്രഭുവാണ് (1936–43).

464. ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനം കൽക്കട്ടയിൽനിന്ന് ഡൽഹിയിലേക്ക് മാറ്റുന്നതായി 1911–ൽ ജോർജ് അഞ്ചാമൻ രാജാവ് ഡൽഹി ദർബാറിൽ പ്രഖ്യാപിക്കുകയും 1912–ൽ അത് നടപ്പാകുകയും ചെയ്തു.

465. ഗവർണർ ജനറലായിരുന്നതിനുശേഷം വൈസ്രോയിയായത് കാനിങ് പ്രഭു. വൈസ്രോയിയായിരുന്നതിനുശേഷം ഗവർണർ ജനറലായത് (സ്വതന്ത്ര ഇന്ത്യയിൽ ) മൗണ്ട്ബാറ്റൺ പ്രഭു.

466. തഗ്ഗുകളെ അമർച്ച ചെയ്ത ഗവർണർ ജനറൽ വില്യം ബെന്റിക് ആണ്. പിണ്ടാരികളെ അമർച്ച ചെയ്തത് ഹേസ്റ്റിങ്സ് ഒന്നാമൻ.

467. ഇന്ത്യയിൽ റെയിൽവേ സംവിധാനം നിലവിൽവന്നത് ഡൽഹൗസി പ്രഭുവിന്റെ കാലത്താണ്. റെയിൽവേ ബോർഡ് നിലവിൽവരുമ്പോൾ കഴ്സൺ പ്രഭുവായിരുന്നു വൈസ്രോയി.

468. ആധുനിക ഇന്ത്യയുടെ സ്രഷ്ടാവ് ഡൽഹൗസി പ്രഭു. ആധുനിക ഇന്ത്യയുടെ ശിൽപി ജവാഹർലാൽ നെഹ്രു.

469. ഒന്നാം വട്ടമേശ സമ്മേളന സമയത്തെ വൈസ്രോയി ഇർവിൻ പ്രഭു. രണ്ട്, മൂന്ന് വട്ടമേശ സമ്മേളനങ്ങളുടെ സമയത്തെ വൈസ്രോയി വില്ലിങ്ടൺ പ്രഭു.

470. ഇന്ത്യൻ നാഷനൽ കോൺഗ്രസ് പ്രസിഡന്റായ രണ്ടാമത്തെ വനിത സരോജിനി നായിഡു. എന്നാൽ, സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് പ്രസിഡന്റായ രണ്ടാമത്തെ വനിത സോണിയാ ഗാന്ധി. സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് പ്രസിഡന്റായ ആദ്യ വനിത ഇന്ദിര ഗാന്ധി.

471. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ പ്രസിഡന്റ് ഡബ്ല്യൂ സി ബാനർജി. എന്നാൽ, ആദ്യത്തെ ജനറൽ സെക്രട്ടറി എ.ഒ.ഹ്യൂം.

472. ഇന്ത്യൻ നാഷനൽ കോൺഗ്രസ് പ്രസിഡന്റായ ആദ്യ വനിത ആനി ബെസന്റ്. ഈ പദവിയിലെത്തിയ ആദ്യ ഭാരതീയ വനിത സരോജിനി നായിഡു.

473. കോൺഗ്രസ് ആദ്യമായി പിളർന്നത് 1907–ൽ ആണ്. സ്വാതന്ത്ര്യാനന്തരം കോൺഗ്രസ് ആദ്യമായി പിളർന്നത് 1969–ൽ ആണ്.

474. കോൺഗ്രസിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം അധ്യക്ഷപദം വഹിച്ചത് സോണിയ ഗാന്ധി. സ്വാതന്ത്ര്യത്തിനുമുമ്പ് ഏറ്റവും കൂടുതൽ കാലം കോൺഗ്രസ് അധ്യക്ഷനായിരുന്നത് മൗലാനാ അബുൾ കലാം ആസാദ്.

475. ഗാന്ധിജി പങ്കെടുത്ത ആദ്യ കോൺഗ്രസ് സമ്മേളനം 1901–ലേത്. നെഹ്രു പങ്കെടുത്ത ആദ്യ സമ്മേളനം 1912–ലേത്.

476. ഗാന്ധിജി അധ്യക്ഷനായ ഏക കോൺഗ്രസ് സമ്മേളനം 1924–ലേത്. നെഹ്രു ആദ്യമായി കോൺഗ്രസ് അധ്യക്ഷനായത് 1929–ൽ.

477. കോൺഗ്രസിന്റെ നൂറാം വാർഷികം ആഘോഷിച്ചപ്പോൾ പ്രസിഡന്റായിരുന്നത് രാജീവ് ഗാന്ധി. 125–ാം വാർഷികാഘോഷസമയത്തെ കോൺഗ്രസ് പ്രസിഡന്റ് സോണിയ ഗാന്ധി.

478. കോൺഗ്രസ് അധ്യക്ഷ പദത്തിലെത്തിയ ആദ്യ വിദേശിയാണ് ജോർജ് യൂൾ(1888). ഇരുപതാം നൂറ്റാണ്ടിൽ കോൺഗ്രസ് അധ്യക്ഷപദം വഹിച്ച ആദ്യ വിദേശി സർ ഹെൻറി കോട്ടൺ (1904).

479. നിസ്സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് കോൺഗ്രസിന്റെ പ്രത്യേക സമ്മേളനം ചേർന്നത് 1920 സെപ്തംബറിൽ കൽക്കത്തയിലാണ്. ലാലാ ലജ്പത് റായിയായിരുന്നു അധ്യക്ഷൻ. അതേ വർഷം റഗുലർ ആന്വൽ സെഷൻ നടന്നത് നാഗ്പൂരിലാണ്. സി.വിജയരാഘവാചാര്യർ ആയിരുന്നു അധ്യക്ഷൻ.

480. പ്രസിഡന്റിനെ സംഭാവന ചെയ്ത ആദ്യ ദക്ഷിണേന്ത്യൻ സംസ്ഥാനം തമിഴ്നാടാണ് (ഡോ.രാധാകൃഷ്ണൻ). എന്നാൽ, പ്രസിഡന്റിനെയും പ്രധാനമന്ത്രിയെയും (നീലം സഞ്ജീവ റെഡ്ഡി, പി.വി. നരസിംഹറാവു) സംഭാവന ചെയ്ത ആദ്യ ദക്ഷിണേന്ത്യൻ സംസ്ഥാനം ആന്ധ്രാപ്രദേശാണ്.

481. ഇന്ത്യ ഒന്നാമത്തെ അണുവിസ്ഫോടനം (1974) നടത്തുമ്പോൾ ഇന്ദിരാഗാന്ധിയും രണ്ടാമത്തേത് നടത്തുമ്പോൾ (1998) വാജ്പേയിയുമായിരുന്നു പ്രധാനമന്ത്രിമാർ.

482. ഇന്ത്യൻ ബഹിരാകാശശാസ്ത്രത്തിന്റെ പിതാവ് വിക്രം സാരാഭായ്. എന്നാൽ, ഇന്ത്യൻ ആണവശാസ്ത്രത്തിന്റെ പിതാവ് ഹോമി ജഹാംഗീർ ഭാഭ.

483. ഇന്ത്യയുടെ ആദ്യത്തെ ആണവപരീക്ഷണത്തിന്റെ രഹസ്യനാമമാണ് ഓപ്പറേഷൻ സ്മൈലിങ് ബുദ്ധ. ഇന്ത്യൻ വിദേശകാര്യ വകുപ്പ് ഇതിനെ പൊഖ്രാൻ–1 എന്നാണ് വിശേഷിപ്പിച്ചത്. 1998 മെയ് 11, 13 തീയതികളിലാണ് പൊഖ്രാൻ–2 പരീക്ഷണം ഇന്ത്യ നടത്തിയത്.

484. ഇന്ദിര ഗാന്ധിയെ വധിച്ചത് (1984 ഒക്. 31) അംഗരക്ഷകരായിരുന്ന സത്‌വന്ത് സിങ്ങും ബിയാന്ത് സിങ്ങുമാണ്. ഇന്ദിര ഗാന്ധി വധക്കേസിൽ തൂക്കിലേറ്റപ്പെട്ടത് (തിഹാർ ജയിൽ, 1989 ജനുവരി 6) സത്‌വന്ത് സിങ്ങും കെഹാർ സിങ്ങുമാണ് (ബിയാന്ത് സിങ് ഇന്ദിര ഗാന്ധിയുടെ വധസമയത്തുതന്നെ ഐ.ടി.ബി.പി. കമാൻഡോകളുടെ വെടിയേറ്റ് മരിച്ചു).

485. 'ബീഹാർ ഗാന്ധി' യെന്നറിയപ്പെട്ടത് ഡോ. രാജേന്ദ്രപ്രസാദാണ്. ആധുനിക ഗാന്ധി ബാബാം ആംതെ.

486. 'മിസൈൽ മാൻ ഓഫ് ഇന്ത്യ' ഡോ. എ.പി.ജെ. അബ്ദുൾ കലാമാണ്. മിസൈൽ വിമൻ ഓഫ് ഇന്ത്യ എന്നറിയപ്പെടുന്നത് ടെസ്സി തോമസ്.

487. നൂറാം വയസ്സിൽ (1958) ഭാരതരത്നത്തിലൂടെ ആദരിക്കപ്പെട്ട ധോണ്ഡോ കേശവ കാർവെ (1858–1962) എന്ന സാമൂഹിക പരിഷ്കർത്താവാണ് ഏറ്റവും കൂടിയ പ്രായത്തിൽ ഭാരതരത്നയ്ക്ക് അർഹനായത്. ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഭാരതരത്നയ്ക്ക് അർഹനായത് സച്ചിൻ ടെൻഡുൽക്കർ (2014).

488. ഫാൽക്കേ അവാർഡും (1984) ഭാരത രത്നവും (1992) നേടിയ ആദ്യ വ്യക്തി സത്യജിത് റേ ആണ്. ഇതു രണ്ടും നേടിയ ഏക വനിത ലതാ മങ്കേഷ്കറാണ്.

489. ഓപ്പറേഷൻ ബ്ലൂസ്റ്റാറിന്റെ സമയത്ത് (1984) ഇന്ദിര ഗാന്ധിയായിരുന്നു പ്രധാനമന്ത്രി. ഓപ്പറേഷൻ ബ്ലാക്ക് തണ്ടറിന്റെ സമയത്ത് (1986) രാജീവ് ഗാന്ധി.

490. ഇന്ത്യൻ പ്രധാനമന്ത്രിയായ ഏക അവിവാഹിതൻ എ.ബി.വാജ്പേയി. ഇന്ത്യൻ പ്രസിഡന്റായ ഏക അവിവാഹിതൻ എ.പി.ജെ.അബ്ദുൾ കലാം.

491. ഇന്ത്യൻ അണുബോംബിന്റെ പിതാവ് രാജാ രാമണ്ണ. എന്നാൽ, ഇന്ത്യൻ മിസൈൽ പദ്ധതിയുടെ പിതാവ് എ.പി.ജെ. അബ്ദുൾ കലാം

492. ഇന്ത്യൻ തപാൽസ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ വിദേശി ഹെൻറി ഡ്യുനാന്റ്, നാണയത്തിലേത് ലൂയി ബ്രയ്ൽ.

493. ഇന്ത്യയിൽ പദവിയിരിക്കെ അന്തരിച്ച ആദ്യ പ്രധാനമന്ത്രി ജവാഹർലാൽനെഹ്രുവും പദവിയിരിക്കെ അന്തരിച്ച ആദ്യ പ്രസിഡന്റ് ഡോ.സക്കീർ ഹുസൈനുമാണ്.

494. ഇന്ത്യയിൽ പദവിയിലിരിക്കെ വധിക്കപ്പെട്ട ഏക പ്രധാനമന്ത്രി ഇന്ദിരാഗാന്ധി. ഇന്ത്യയിലെ ആദ്യത്തെ വധിക്കപ്പെട്ട മുഖ്യമന്ത്രി ബിയാന്ത് സിങ്.

495. ഇന്ത്യയിൽ മുഖ്യ വിവരാവകാശ കമ്മീഷണറായ ആദ്യ വനിത ദീപക് സന്ധു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായ ആദ്യ വനിത വി.എസ്. രമാദേവി.

496. ഇന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണർ സരോജിനി നായിഡുവാണ് (ഉത്തർപ്രദേശ്). ദക്ഷിണേന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണറാണ് ശാരദാ മുഖർജി (ആന്ധ്രാപ്രദേശ്).

497. ഇന്ത്യയുടെ ആദ്യത്തെ വനിതാ വിദേശ കാര്യ സെക്രട്ടറി ചൊക്കില അയ്യർ, വനിതാ വിദേശകാര്യ വക്താവ് നിരുപമാ റാവു.

498. ഇന്ത്യയുടെയും (1991) പാകിസ്താൻെയും(1990) പരമോന്നത ബഹുമതി (നിഷാൻ–ഇ–പാകിസ്താൻ) നേടിയ വ്യക്തിയാണ് മൊറാർജി ദേശായി. ഈ പ്രത്യേകതയുള്ള മറ്റൊരു നേതാവ് നെൽസൺ മണ്ടേലയാണ്.

499. ഇന്ദിരാഗാന്ധി വധിക്കപ്പെട്ടത് ന്യൂഡൽഹിയിൽ വച്ചാണ്. രാജീവ് ഗാന്ധി വധിക്കപ്പെട്ട സ്ഥലം ശ്രീപെരുംപുതൂർ.

500. ഇന്ത്യയിൽനിന്ന് ആദ്യമായി ഓസ്കർ നേടിയത് ഭാനു അത്തയ്യ എന്ന വനിതയാണ്. 1982–ൽ ഗാന്ധി എന്ന ചിത്രത്തിലെ വസ്ത്രാലങ്കാരമാണ് അവരെ അവാർഡിനർഹയാക്കിയത്.ഓണററി ഓസ്കർ നേടിയ ഇന്ത്യക്കാരനാണ് സത്യജിത് റേ (1992). ചലച്ചിത്ര നിർമാണത്തിന് അർപ്പിച്ച സമഗ്രസംഭാവന പരിഗണിച്ചായിരുന്നു ഈ ബഹുമതി.

(c) Nepal (d) Bhutan

12. 'Dome of the Rock' is the holy place of:
 (a) Muslims (b) Christians
 (c) Parsis (d) Bahai Religion
13. In which country 'Mount Communism' is situated?
 (a) China (b) Russia
 (c) Tajikistan (d) Poland
14. 'Where one can watch 'the Dolphin's nose'?
 (a) Munnar (b) Thekkady
 (c) Yercaud (d) Kodaikanal
15. April 17 is observed as:
 (a) World TB Day
 (b) Anti-Leprosy Day
 (c) World Haemophilia Day
 (d) None of these
16. 'Wolf Prize' is presented by the Wolf foundation of:
 (a) Sweden (b) Israel
 (c) Switzerland (d) United Kingdom
17. Poona Pact was signed in:
 (a) 1931 (b) 1932
 (c) 1933 (d) 1934
18. Vellore Mutiny was in:
 (a) 1805 (b) 1806
 (c) 1807 (d) 1809
19. The importance of September 2,1945 in the world history:
 (a) End of Second World War
 (b) Bombing of Nagasacki
 (c) Pearl Harbour Attack
 (d) Foundation of U.N.O.
20. To which mineral 'Raniganj' is associated?
 (a) Coal (b) Copper
 (c) Diamond (d) Gold
21. The day which is known as 'D-Day' in world history:
 (a) June 6, 1944 (b) October 24,1945
 (c) September 2,1945 (d) August 6,1945
22. The full form of 'http':
 (a) Hyper text transfer protocol
 (b) Hyper text transfer procedure
 (c) Hyper text transport protocol
 (d) Hyper text transfer programme
23. Triplumbic tetroxide is also known as:
 (a) Yellow cake (b) Red lead
 (c) Blue vitriol (d) White lead
24. The film 'The Great Dictactor' by Charlie Chaplin was based on the life of :
 (a) Benito Mussolini (b) Joseph Stalin
 (c) Adolf Hitler (d) General Franco
25. The Oscar statue was designed by:
 (a) Cedric Gibbons
 (b) Catherine Hepburn (c) John Ford
 (d) Emil Jennings

### Answers

1 (a) 2(b) 3 (d) 4 (a) 5(a) 6(b) 7(c) 8(b) 9(d) 10(d) 11(b) 12(a) 13(c) 14(d) 15(c) 16(b) 17(b) 18(b) 19(a) 20(a) 21(a) 22(a) 23(b) 24(c) 25(a)

## General Knowledge-4

1. The study of Law Making:
 (a) Metrology (b) Legislation
 (c) Nomology (d) None of these
2. Who said "Remember that time is money":
 (a) Abraham Lincoln
 (b) Benjamin Franklin
 (c) Mahathma Gandhi
 (d) Winston Churchill
3. The number Suras in Holy Khuran:
 (a) 112 (b) 114
 (c) 116 (d) 118
4. Whose birthday is observed as Panchayat Day?
 (a) Balwant Rai Mehta (b) Lord Rippon
 (c) Jawaharlal Nehru (d) Ashok Mehta
5. The viceroy of India during the partition of Bengal:




 (a) Dufferin (b) Curzon
 (c) Hardinge (d) Chelmsford
6. Bangra is the dance form of:
 (a) Punjab (b) Asom
 (c) Bihar (d) West Bengal
7. Who was the Prime Minister of India when Prime Minister's Rozgar Yojana(PMRY) was started?
 (a) Rajiv Gandhi (b) Indira Gandhi
 (c) Narasimha Rao (d) Jawaharlal Nehru
8. Beaufort scale is used to measure:
 (a) Speed of sound
 (b) Intensity of earth quake
 (c) Speed of Wind (d) Temperature
9. What is known as 'the alternative Nobel Prize':
 (a) Magsaysay Awd.
 (b) Oscar Award
 (c) Right Livelihood Awd.
 (d) Lasker Award
10. The Governor General who introduced the idea of 'Little Republics' related to village administration?
 (a) Lord Mayo (b) Charles Metcaf
 (c) Lord Dalhousie (d) Lord Canning
11. 'Cervantes' is a writer in ……. language:
 (a) German (b) Russian
 (c) Greek (d) Spanish
12. The National Institute of Visually Handicapped is situated at:
 (a) New Delhi (b) Dehra Dun
 (c) Kolkatta (d) Chennai
13. Konidella Sivasankara Varaprasad is popularly known as:
 (a) Rajanikant (b) Chiranjeevi
 (c) Kamalahasan (d) Rajkapoor
14. Which Indian state has the largest number of Loksabha seats?
 (a) Uttar Pradesh (b) Bihar
 (c) Maharashtra (d) West Bengal
15. Which element is also known as 'Wolfram'?
 (a) Tungsten (b) Gold
 (c) Silicon (d) Aluminium
16. The charector in Greek mythology whose touch turned eveything into gold:
 (a) Apollo (b) Zeus
 (c) Midas (d) Jupiter
17. The deity of Badrinath:
 (a) Shiva (b) Srikrishna
 (c) Mahavishnu (d) Brahma
18. The normal temperature of human body in Kelvin Scale:
 (a) 300 (b) 310
 (c) 320 (d) 400
19. The hormone produced in the body while frightening:
 (a) Adrenalin (b) Ptyalin
 (c) Oestrogen (d) Insulin
20. The architect of Victoria Memorial:
 (a) William Emerson (b) Edwin Lutyens
 (c) Herbert Baker (d) Le Courbusier
21. The maximum number of nominated members in Indian Parliament:
 (a) 12 (b) 14
 (c) 9 (d) 15
22. Nelson Mandela was released from jail:
 (a) 1990 (b) 1991
 (c) 1992 (d) 1993
23. The number of schedules in the Constitution of India when it was brought into force in 1950:
 (a) 12 (b) 10
 (c) 8 (d) 6
24. Who discovered benzene?
 (a) Michael Faraday (b) Marconi
 (c) Edison (d) Alexander Flemming
25. Gandhiji spent 2089 days in Indian prisons. Where was his last confinement?
 (a) Aga Khan Palace, Pune
 (b) Yervada jail
 (c) Thihar jail (d) None of these

### Answers

1 (c) 2(b) 3 (b) 4 (a) 5(b) 6(a) 7(c) 8(c) 9(c) 10(b) 11(d) 12(b) 13(b) 14(a) 15(a) 16(c) 17(c) 18(b) 19(a) 20(a) 21(b) 22(a) 23(c) 24(a) 25(a)

## General Knowledge -5

1. The venue of first National Games held in 1985:
 (a) Pune (b) Mumbai
 (c) New Delhi (d) Imphal
2. Sea of Galilee is a ……in Israel:
 (a) Mountain (b) Lake
 (c) river (d) Dam
3. Tulu is a ….. language:
 (a) Indo-Aryan (b) Dravidian
 (c) Sino-Tibetan (d) Austric
4. The city which is known as 'Big Apple'?
 (a) New York (b) Paris
 (c) London (d) Moscow
5. The element with atomic number 100:
 (a) Einsteinium (b) Germanium
 (c) Fermium (d) Rutherfordium
6. Which bank was formerly known as 'Imperial Bank of India'?
 (a) State Bank of Travancore
 (b) State Bank of India
 (c) Bank of Baroda (d) Canara Bank
7. Chandranagar, a former European colony was added to the State of ……. in 1954
 (a) Andhra Pradesh (b) West Bengal
 (c) Tamil Nadu (d) Orissa
8. The author who was called 'the last of



the Victorians':
 (a) Thomas Hardy
 (b) William Shakespeare
 (c) Bernard Shaw (d) Thomas Moore
9. Onomotology is the study of:
 (a) Birds (b) Molluscs
 (c) Names (d) languages
10. To which religion the term 'Akal Takht' is associated?
 (a) Hinduism (b) Jainism
 (c) Buddhism (d) Sikh religion
11. Crimea is an autonomous republic within:
 (a) Russia (b) Ukraine
 (c) Mongolia (d) Uzbekistan
12. The first American President to live in White House:
 (a) George Washington
 (b) Abraham Lincoln (c) John Adams
 (d) Thomas Jefferson
13. The number of Gospels in New Testament:
 (a) 4 (b) 5
 (c) 6 (d) 3
14. David Ben Gurion was the first Prime Minister of:
 (a) France (b) Syria
 (c) Poland (d) Israel
15. The most abundant fruit in India:
 (a) Jack fruit (b) Mango
 (c) Guava (d) Apple
16. The oldest and most widely used spice in the world:
 (a) Cardomamom (b) Black Pepper
 (c) Saffron (d) None of these
17. Subash Chandra Bose established provisional government of Free India on October 21, 1943 at:
 (a) Tokyo (b) Rangoon
 (c) Taipei (d) Singapore
18. Govind Ballabh Pant University of Agriculture & Technology is the first agricultural university in India. It is in the state of:
 (a) Uttarakhand (b) Uttar Pradesh
 (c) Himachal Pradesh (d) Haryana
19. When the Indian National Congress was split in 1969, who led the pro-Indira Gandhi faction?
 (a) C.Subramanyam (b) Nijalingappa
 (c) Rajendra Prasad (d) V.V.Giri
20. In India ballot paper was used for the first time in the …. elections
 (a) 1952 (b) 1957
 (c) 1962 (d) 1967
21. Which country is 'the Britain of the East'?
 (a) New Zealand (b) Japan
 (c) Sweden (d) Srilanka
22. Who was normally the ex-officio chairman of the Planning Commission of India?
 (a) Deputy Prime Minister
 (b) Finance Minister (c) Prime Minister
 (d) Minister of state for Planning
23. Khadi and Village Industries Commission was set up in the ___ Five Year Plan
 (a) First (b) Second
 (c) Third (d) Fourth
24. In 1938, the National Planning Committee was set up under the chairmanship of:
 (a) Jawaharlal Nehru
 (b) Subash Chandra Bose
 (c) Dr. Rajendra Prasad
 (d) Pattabhi Seetharamayya
25. In India, Community Development Project was started in:
 (a) October 2, 1952 (b) August 15, 1952
 (c) January 1, 1952 (d) April 1, 1952


### Answers

1 (c) 2(b) 3 (b) 4 (a) 5(c) 6(b) 7(b) 8(a) 9(c) 10(d) 11(b) 12(c) 13(a) 14(d) 15(b) 16(b) 17(d) 18(a) 19(b) 20(c) 21(b) 22(c) 23(b) 24(a) 25(a)

# അന്ത്യമൊഴികൾ

***'എല്ലാ സങ്കീർണവസ്തുക്കളും നശിക്കും'***
(All Composite Things Decay; Strive Diligently)

**ശ്രീബുദ്ധൻ**




ഉത്തർ പ്രദേശിലെ കുശിനഗരത്തിൽവച്ച് എൺപതാം വയസ്സിലാണ് ബുദ്ധൻ ഇഹ ലോകവാസം വെടിഞ്ഞത്. മരണസമയത്ത് അദ്ദേഹത്തിനടുത്തുണ്ടായിരുന്നത് പ്രിയ ശിഷ്യനായ ആനന്ദനാണ്.

നാണയത്തിൽ രൂപം മുദ്രണം ചെയ്യപ്പെട്ട ആദ്യ ഭാരതീയനാണ് ബുദ്ധൻ.

***'വേണ്ടതിലധികം വൈദ്യൻമാരുടെ സഹായത്തോടെയാണ് ഞാൻ മരിക്കുന്നത്'*** "(I am dying with the help of too many physicians.")

**മഹാനായ അലക്സാണ്ടർ**




ലോകജേതാവാകാൻ ഇറങ്ങിത്തിരിക്കുകയും പടയോട്ടത്തിനിടെ മുപ്പത്തിമൂന്നാം വയസ്സിൽ വിധിക്കു കീഴടങ്ങുകയും ചെയ്ത യോദ്ധാവാണ് അലക്സാണ്ടർ. ഇന്ത്യ ആക്രമിച്ച ആദ്യത്തെ യൂറോപ്യനാണ് അദ്ദേഹം. ബിസി 327–326 കാലയളവിൽ 19 മാസക്കാലം നീണ്ട ആക്രമണത്തിനുശേഷം അലക്സാണ്ടർ പിൻവാങ്ങി. മടക്കയാത്രയ്ക്കിടെ വിജയമാഘോഷിക്കാൻ നടത്തിയ ഗംഭീരവിരുന്നിനെത്തുടർന്നു ബാധിച്ച അജീർണമാണ് അക്കാലത്തെ വൈദ്യശാസ്ത്രത്തിന്റെ പരിമിതിക്കു മുന്നിൽ ആ യവനവീരനെ മുട്ടുകുത്തിച്ചത്.

ബാബിലോണിൽവച്ചാണ് അലക്സാണ്ടർ അന്തരിച്ചത്. ഇപ്പോൾ ഇറാക്കിലാണ് ഈ പ്രദേശം.

***'ഭയങ്കര തലവേദന'***

**ഫ്രാങ്ക്ലിൻ ഡി. റൂസ്വെൽറ്റ്**



32ാമത്തെ അമേരിക്കൻ പ്രസിഡന്റായ ഫ്രാങ്ക്ലിൻ ഡി. റൂസ്വെൽറ്റിന്റെ അവസാനവാക്കുകളാണിത്. രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുമ്പോളാണ് അദ്ദേഹം അന്തരിച്ചത് (1945).

ബ്രിട്ടണിലെ വിൻസ്റ്റൺ ചർച്ചിൽ, സോവിയറ്റ് യൂണിയനിലെ സ്റ്റാലിൻ എന്നീ നേതാക്കൾക്കൊപ്പം ഐക്യരാഷ്ട്രസഭയ്ക്ക് അടിത്തറ പാകിയ അദ്ദേഹമാണ് സംഘടനയ്ക്ക് ആ പേരു നിർദ്ദേശിച്ചത്.

ഏറ്റവും കൂടുതൽ പ്രാവശ്യം (നാല്) അമേരിക്കൻ പ്രസിഡന്റായ വ്യക്തി എന്ന അദ്ദേഹത്തിന്റെ വിശേഷണം ഇനി മറ്റാർക്കും സ്വന്തമാക്കാൻ കഴിയില്ല, കാരണം അതിനുശേഷം ഒരു ഭേദഗതിയിലൂടെ പ്രസിഡന്റ് പദവി ഒരാൾ പരമാവധി രണ്ടുപ്രാവശ്യമേ വഹിക്കാവൂ എന്ന വ്യവസ്ഥ നടപ്പാക്കിയിട്ടുണ്ട്.

***'ഫ്രാൻസ്, സൈന്യം, സൈന്യത്തലവൻ, ജോസഫൈൻ '***

**നെപ്പോളിയൻ**



വിപ്ലവാനന്തര ഫ്രാൻസിനെ നയിക്കുകയെന്ന കർത്തവ്യം അർപ്പിതമായത് ഭാഗധേയത്തിന്റെ മനുഷ്യൻ എന്ന് ചരിത്രം വിശേഷിപ്പിക്കുന്ന നെപ്പോളിയൻ ബോണപ്പാർട്ടെന്ന ഉയരം കുറഞ്ഞ ചെറുപ്പക്കാരനിലാണ്. 1769 ആഗസ്ത് 15–ന് മധ്യധരണ്യാഴിയിലെ കോർസിക്കയെന്ന ചെറുദ്വീപിൽ പിറന്ന നെപ്പോളിയന് ഫ്രഞ്ചുവിപ്ലവം(1789) അരങ്ങേറുമ്പോൾ പ്രായം വെറും മുപ്പത്. ഫ്രഞ്ചുവിപ്ലവത്തിന്റെ ശിശുവെന്നറിയപ്പെട്ട നെപ്പോളിയന് ഫ്രാൻസിന്റെ കോൺസുൽ പദവിയിൽനിന്ന് ചക്രവർത്തിപദത്തിലെത്താൻ ഏറെക്കാലം വേണ്ടിവന്നില്ല. യൂറോപ്പിന്റെ രാഷ്ട്രീയഭൂപടം മാറ്റി വരയ്ക്കപ്പെട്ട സൈനിക നീക്കങ്ങൾക്ക് ബ്രിട്ടീഷ് പടനായകൻ ഡ്യൂക്ക് ഓഫ് വെല്ലിങ്ടൺ എന്ന ആർതർ വെല്ലസ്ലി (പിൽക്കാലത്ത് വെല്ലിങ്ടൺ പ്രഭു) സമ്മാനിച്ച വാട്ടർലൂവിലെ പരാജയത്തോടെ വിരാമമായി(1815). ബ്രിട്ടീഷുകാർ ഫ്രഞ്ചു ചക്രവർത്തിയെ അത്‌ലാന്റിക് സമുദ്രത്തിലെ സെന്റ് ഹെലീന ദ്വീപിലേക്ക് നാടുകടത്തി. ഉദരരോഗത്തെത്തുടർന്ന് 1821 ൽ അദ്ദേഹം അന്തരിച്ചു. പ്രിയപ്പെട്ട രാജ്യത്തെയും സൈന്യത്തെയും പ്രിയപ്രേയസിയെയും സ്മരിച്ചുകൊണ്ടാണ് അസാധ്യമെന്നത് ഭീരുക്കളുടെ നിഘണ്ടുവിൽമാത്രം കാണുമെന്ന് എക്കാലവും വിശ്വസിച്ച നെപ്പോളിയൻ വിധിക്കു കീഴടങ്ങിയത്.

***'തോമസ് ജെഫേഴ്സൺ ഇപ്പോഴും ജീവിച്ചിരിക്കുന്നു......'***- ("Thomas Jefferson still survives.").

**ജോൺ ആഡംസ്, തോമസ് ജെഫേഴ്സൺ**



അമേരിക്കൻ ഐക്യനാടുകളുടെ രണ്ടാമത്തെ പ്രസിഡന്റ് ജോൺ ആഡംസും അദ്ദേഹത്തിന്റെ പഴയ സുഹൃത്തും രാഷ്ട്രീയ പ്രതിയോഗിയും ഐക്യനാടുകളുടെ മൂന്നാമത്തെ പ്രസിഡന്റുമായ തോമസ് ജെഫേഴ്സണും ഒരേ ദിവസമാണ് അന്തരിച്ചത്. അന്ന് രാജ്യത്തിന്റെ അമ്പതാം സ്വാതന്ത്ര്യദിനവുമായിരുന്നു (1826 ജൂലൈ 4). 'തോമസ് ജെഫേഴ്സൺ ഇപ്പോഴും ജീവിച്ചിരിക്കുന്നു......' അതായിരുന്നു ആഡംസിന്റെ അവസാന വാക്കുകൾ. എന്നാൽ മണിക്കൂറുകൾക്കുമുമ്പ് ജെഫേഴ്സൺ ചരിത്രത്താളുകളിലേക്ക് വിട വാങ്ങിക്കഴിഞ്ഞിരുന്നു. മരിക്കുന്നതിന്റെ തലേദിവസം, മരണശയ്യയിലായിരുന്ന ജെഫേഴ്സൺ അർദ്ധബോധത്തിൽ (ജൂലൈ 3) തന്റെ പരിചാരകനോട് 'ഇന്ന് നാലാണോ' എന്നു ചോദിച്ചു. അദ്ദേഹത്തെ ആശ്വസിപ്പിക്കാനായി പരിചാരകൻ അതേയെന്നു മറുപടി നൽകി. സംതൃപ്തിയോടെ പുഞ്ചിരിച്ച ജെഫേഴ്സൺ വീണ്ടും മയക്കത്തിലേക്കു മടങ്ങി. പിറ്റേ ദിവസം ഉച്ചയോടെ അദ്ദേഹം അന്തരിച്ചു.

'വിളക്കണയ്ക്കൂ' എന്നാണ് അമേരിക്കൻ പ്രസിഡന്റ് തിയോഡർ റൂസ്‌വെൽറ്റ് ഒടുവിൽ പറഞ്ഞത്.

തന്റെ മരണശയ്യയിൽ ഫ്രാൻസിലെ ലൂയി പതിനാലാമൻ ചക്രവർത്തി തന്റെ പരിചാരകരോട് അവസാനമായി പറഞ്ഞത് 'നിങ്ങൾ എന്തിനു വിതുമ്പുന്നു? ഞാൻ മരണമില്ലാത്തയാളാണ് എന്നാണോ നിങ്ങളുടെ ധാരണ?' എന്നാണ്.

'എനിക്കുറങ്ങണം' എന്നാണ് ബെർണാഡ് ഷാ ഒടുവിൽ പറഞ്ഞത്. 'ശുഭരാത്രി' ആശംസിച്ചിട്ടാണ് ബൈറൺ പ്രഭു യാത്രയായത്.


If someone is going to kill me, they will kill me. - എന്നാണ് ഡള്ളാസിൽ എത്തിച്ചേർന്ന സമയത്ത് അമേരിക്കൻ പ്രസിഡന്റ് കെന്നഡി പറഞ്ഞത്. അവിടെവച്ചുതന്നെ അദ്ദേഹം കൊല്ലപ്പെട്ടു. 'ഞാൻ തയ്യാറാണ്' എന്നാണ് അമേരിക്കൻ പ്രസിഡന്റ് വുഡ്റോ വിൽസൺ ഒടുവിൽ പറഞ്ഞത്.

''Father, into thy hands I commend my spirit'' എന്നതാണ് യേശു ക്രിസ്തുവിന്റെ അവസാനവാക്കുകൾ. I have offended God and mankind because my work did not reach the quality it should have എന്നാണ് ലോകം കണ്ട എക്കാലത്തെയും ഏറ്റവും വലിയ പ്രതിഭാശാലിയെന്നു വിശേഷിപ്പിക്കപ്പെട്ട ലിയോണാർഡോ ഡാവിഞ്ചി പറഞ്ഞത്. ലോകചരിത്രത്തെയും ആംഗലസാഹിത്യത്തെയും സ്വാധീനിച്ച പ്രതിഭയായ സർ വിൻസ്റ്റൺ ചർച്ചിൽ ജീവിതത്തിന് വിരാമമിട്ടത് ഇങ്ങനെ പറഞ്ഞുകൊണ്ടായിരുന്നു– I m bored with it all.

***ബ്രൂട്ടസേ നീയും ....... (Et Tu Brute.....)***

ജൂലിയസ് സീസറുടെ അവസാന വാക്കുകൾ

**ജൂലിയസ് സീസർ**



**അനുബന്ധ വിവരങ്ങൾ**

റോമിലെ ഒരു പ്രഭു കുടുംബത്തിൽ ബിസി 100 ജൂലായ് 12–ന് സീസർ ജനിച്ചു. നിയമപഠനവും പ്രഭാഷണ കലാഭ്യാസവും നിർവഹിച്ചു. പ്രസിദ്ധ റോമൻ സേനാനായകനായ പോംപിയുടെ ഉറ്റ സുഹൃത്തായി. ബിസി 68–ൽ സ്പെയിനിലെ ഗവർണറായി. ബിസി 59–ൽ ഗാളിലെ ഗവർണറായി.

സീസർ ഈജിപ്തിലെ രാജാവായ ടോളമിയെ തോൽപിച്ച് ക്ലിയോപാട്രയെ ഈജിപ്തിലെ രാജ്ഞിയാക്കി. വിജയശ്രീലാളിതനായി റോമിൽ തിരിച്ചെത്തിയ സീസർ ആയുഷ്കാല സർവാധിപതിയായി നിയമിക്കപ്പെട്ടു. നിരവധി ഭരണപരിഷ്കാരങ്ങൾ സീസർ നടപ്പാക്കി. അദ്ദേഹത്തോടുള്ള ബഹുമാന സൂചകമായി റോമൻ സെനറ്റ് ക്വിന്റിലസ് മാസത്തിന്റെ പേര് ജൂലിയസ് എന്നാക്കിമാറ്റി (ജൂലിയസ് പിന്നീട് ജൂലായ് ആയി).

സീസറുടെ ഉയർച്ചയിൽ അസൂയ തോന്നിയ കാഷ്യസ് സീസറുടെ ഉറ്റമിത്രമായിരുന്ന ബ്രൂട്ടസിനെ വശത്താക്കി ഗൂഢാലോചന നടത്തി. ബിസി 44 മാർച്ച് 15ന് സീസർ സെനറ്റിലേക്ക് പോകുമ്പോൾ കാസ്കയെന്ന സെനറ്റർ സീസറെ കുത്തിവീഴ്ത്തി. തുടർന്ന് ചുറ്റുംനിന്ന് മറ്റുള്ളവരും സീസറെ കുത്തി. 23 കുത്തുകളേറ്റ് ആ വീരയോദ്ധാവ് അന്ത്യശ്വാസം വലിച്ചു.


വാളിനോളം ശക്തി വാക്കിനുണ്ടെന്ന് മനസ്സിലാക്കുകയും പ്രയോഗിക്കുകയും ചെയ്ത മഹാധീരൻ തന്റെ ശത്രുക്കളുടെ കൂട്ടത്തിൽ ബ്രൂട്ടസുമുണ്ടെന്നു തിരിച്ചറിഞ്ഞപ്പോൾ പറഞ്ഞതാണിത്. ഈ വാക്കുകളോളം വേദനയും ക്ഷോഭവും നിറഞ്ഞ അന്ത്യമൊഴി ചരിത്രത്തിൽ വേറെയില്ല. ശത്രുക്കളെക്കാൾ വേദനിപ്പിക്കാൻ കഴിയുന്നത് പ്രിയപ്പെട്ടവർക്കാണ് എന്ന സത്യം ഈ മൊഴി സാക്ഷ്യപ്പെടുത്തുന്നു.

***ഞാൻ രാജ്യത്തിനുവേണ്ടി മരിച്ചു എന്ന് അമ്മയോടു പറയുക*** ("Tell Mother I died for my country.")

എബ്രഹാം ലിങ്കന്റെ ഘാതകനായ ജോൺ വിൽക്സ് ബൂത്ത്

**എബ്രഹാം ലിങ്കൻ**

**അനുബന്ധ വിവരങ്ങൾ**



അമേരിക്കൻ ആഭ്യന്തരയുദ്ധത്തിൽ വടക്കൻ സംസ്ഥാനങ്ങളെ നയിച്ച പ്രസിഡന്റ് എബ്രഹാം ലിങ്കണ് കലാപം അടിച്ചമർത്തി വിഘടിത സംസ്ഥാനങ്ങളെ അമേരിക്കൻ ഐക്യനാടുകളിൽ ലയിപ്പിക്കാൻ കഴിഞ്ഞു. ഇതിലൂടെ ഏറ്റവും മഹാനായ അമേരിക്കൻ പ്രസിഡന്റ് എന്ന വിശേഷണം സ്വന്തമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

രാജ്യം ഒന്നായെങ്കിലും തെക്കൻ സംസ്ഥാനങ്ങളിലെ ചിലരുടെയെങ്കിലും മനസ്സിൽ കനലുകളെരിയുന്നുണ്ടായിരുന്നു. തെക്കൻ സംസ്ഥാനങ്ങളുടെ അനുകൂലിയായിരുന്ന ജോൺ വിൽക്കീസ് ബൂത്ത് എന്ന നടൻ 1865 ഏപ്രിൽ 14ന് രാത്രി പത്തു മണിക്ക് ലിങ്കനെ വെടിവച്ചു. ഫോർഡ് തിയേറ്ററിൽ Our American Cousin എന്ന നാടകം കണ്ടുകൊണ്ടിരിക്കുകയായിരുന്നു പ്രസിഡന്റ്. പിറ്റേന്ന് രാവിലെ 7.22ന് ലിങ്കൺ അന്തരിച്ചു.


ഒളിവിൽപ്പോയ ബൂത്തിന്റെ താവളം 12 ദിവസത്തിനുശേഷം ഭടൻമാർ കണ്ടെത്തി. അവർ ബൂത്ത് ഒളിച്ചിരുന്ന കളപ്പുരയ്ക്ക് തീ കൊളുത്തി. ഉള്ളിൽക്കയറിയ ഒരു ഭടൻ നിറയൊഴിച്ചു. തലയ്ക്കുപിന്നിൽ ലിങ്കണ് വെടിയേറ്റ അതേ സ്ഥലത്ത് ബൂത്തിനും വെടിയേറ്റു. മുറിവുവച്ചു കെട്ടാൻവന്ന സൈനികനെ തടഞ്ഞുകൊണ്ട് ബൂത്ത് പറഞ്ഞതാണ് ഈ വാക്കുകൾ.

വധിക്കപ്പെട്ട ആദ്യത്തെ അമേരിക്കൻ പ്രസിഡന്റാണ് എബ്രഹാം ലിങ്കൺ. ജെയിംസ് ഗാർഫീൽഡ്,വില്യം മക്കിൻലി, ജോൺ എഫ് കെന്നഡി എന്നിവരാണ് വധിക്കപ്പെട്ട മറ്റ് അമേരിക്കൻ പ്രസിഡന്റുമാർ. പദവിയിലിരിക്കെ അന്തരിച്ച ആദ്യത്തെ അമേരിക്കൻ പ്രസിഡന്റാണ് വില്യം ഹെൻറി ഹാരിസൺ (1841).

***ഹേ റാം***

**മഹാത്മാഗാന്ധി**

**അനുബന്ധ വിവരങ്ങൾ**



1947 ആഗസ്തിൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയതോടൊപ്പം വിഭജിക്കപ്പെടുകയും ചെയ്തു. അതിനുശേഷം നടന്ന കലാപ സംഭവങ്ങളാണ് ഗാന്ധിജിയുടെ വധത്തിൽ കലാശിച്ചത്. ഹിന്ദുക്കളെയും മുസ്ലിങ്ങളെയും വിഭാഗീയ ചിന്താഗതിയുള്ളവരാക്കിത്തീർത്തത് ഗാന്ധിജിയാണെന്ന് ഒരു വിഭാഗം ഹിന്ദു വർഗീയ വാദികൾ ആരോപിച്ചു.

1948 ജനവരി 30–ന് ന്യൂഡൽഹിയിൽ ബിർളാ ഹൗസിൽ പ്രാർഥനായോഗത്തിൽ പങ്കെടുക്കാൻ പോകവെ ജനക്കൂട്ടത്തിനിടയിൽനിന്ന് മുന്നോട്ടുവന്ന നാഥുറാം വിനായക് ഗോഡ്സെ ഗാന്ധിജിയുടെ പാദങ്ങൾതൊട്ട് വന്ദിച്ചശേഷം ഇറ്റാലിയൻ ബെറീറ്റ പിസ്റ്റൾ പുറത്തെടുത്ത് ഗാന്ധിജിയുടെ നേരെ മൂന്നുപ്രാവശ്യം നിറയൊഴിച്ചു. നെഞ്ചത്തും വയറിലും വെടിയേറ്റ ഗാന്ധിജി ഹേ റാം എന്നുച്ചരിച്ചുകൊണ്ട് നിലത്തുവീണ് ജീവൻ വെടിഞ്ഞു.

ഗോഡ്സെ പൊലീസിനു കീഴടങ്ങി. ജസ്റ്റിസ് ആത്മാചരൺ അഗർവാളാണ് ഗാന്ധി വധക്കേസിൽ 1948 ഫിബ്രവരി 10ന് വിധി പ്രസ്താവിച്ച ന്യായാധിപൻ. 1949 നവംബർ 15ന് ഗോഡ്സെയെയും കൂട്ടുപ്രതി നാരായൺ ആപ്തെയെയും അംബാല ജയിലിൽ തൂക്കിലേറ്റി. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വധശിക്ഷ.

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

അല്ലെങ്കിൽ വാർത്താ ഏജൻസിയിലെ എഡിറ്റോറിയൽ വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുള്ള രണ്ടു വർഷത്തെ പ്രവൃത്തി പരിചയം.

(3) വാർത്താ ബുള്ളറ്റിനുകളും വാർത്താ പ്രസിദ്ധീകരണങ്ങളും തയ്യാറാക്കുന്നതിനുള്ള കഴിവ്.

**കുറിപ്പ്**: KS&SSR പാർട്ട് II ചട്ടം 10(a) (ii) ബാധകമാണ് .

പ്രസിദ്ധീകരണ ജോലിയിലുള്ള അഭിരുചിയും വാർത്താ ബുള്ളറ്റിനുകളും വാർത്താ പ്രസിദ്ധീകരണങ്ങളും തയ്യാറാക്കുന്നതിനുള്ള കഴിവും പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഒരു പൊതു എഴുത്തുപരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതാണ്.

**അഭിലഷണീയം**: സാഹിത്യം, കല, സംസ്കാരം, ധനതത്വശാസ്ത്രം, രാഷ്ട്രമീമാംസ ഇവയിലേതെങ്കിലും വിഷയത്തെ അധികരിച്ച് ഇംഗ്ലീഷിലോ മലയാളത്തിലോ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ടാവണം. അല്ലെങ്കിൽ ഒരു ഇംഗ്ലീഷ് അല്ലെങ്കിൽ മലയാളം വർത്തമാന പത്രത്തിൽ നിന്നു എഡിറ്റോറിയൽ ജോലിയിൽ ലഭിച്ചിട്ടുള്ള പരിചയം.

**പരിചയ സർട്ടിഫിക്കറ്റ്:** ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കായി വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. www.kpsc.gov.in**

**കുറിപ്പ് :** 1. ഒരു പത്രമാഫീസിൽ നിന്നും ഒറിജിനൽ റൈറ്റിംഗിൽ അല്ലാതെ പ്രൂഫ് റീഡിംഗിലും സമാനതരത്തിൽപ്പെടുന്ന ജോലികളിലും ലഭിച്ചിട്ടുള്ള പരിചയം പത്രപ്രവർത്തന പരിചയമായി കണക്കാക്കുന്നതല്ല.

2. പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ പരിചയ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. പരിചയ സർട്ടിഫിക്കറ്റ് കേന്ദ്ര/സംസ്ഥാന സർക്കാരിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

### കാറ്റഗറി നമ്പർ 535/2017
### അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
### ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്

**1. വകുപ്പ്** : ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്

**2. ഉദ്യോഗപ്പേര്,** : അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**3. ശമ്പളം** : ₹ 45800 – 89000

**4.ഒഴിവുകളുടെ എണ്ണം**: 04 (നാല്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരി

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

യ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 21–47

(ഉദ്യോഗാർത്ഥികൾ 02.01.1970നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :**

(1) മോഡേൺ മെഡിസിനിൽ ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത. (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം

**കുറിപ്പ്:** യോഗ്യത സംബന്ധിച്ച KS & SSR Part II Rule 10(a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ 536/2017
### എംപ്ലോയ്മെന്റഓഫീസർ
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
### നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)

**1. വകുപ്പ്** : നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)

**2 ഉദ്യോഗപ്പേര്** : എംപ്ലോയ്മെന്റ് ഓഫീസർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**3 ശമ്പളം** : ₹ 36,600–79,200

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

(പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രംസ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 25–45

ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1992 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** 1 ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും മനഃശാസ്ത്രത്തിലോ, എഡ്യൂക്കേഷനിലോ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദം.

2(a) വൊക്കേഷണൽ ഗൈഡൻസിലുള്ള സ്പെഷ്യലൈസേഷൻ

**അല്ലെങ്കിൽ**

(b) സംസ്ഥാന വൊക്കേഷണൽ ഗൈഡൻസ് ബ്യൂറോയിൽ നിന്നോ കേരളത്തിലെ ഒരു അംഗീകൃത ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ നിന്നോ വൊക്കേഷണൽ ഗൈഡൻസിൽ നേടിയ ഡിപ്ലോമ.

**അല്ലെങ്കിൽ**

ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം.

3 പ്രവൃത്തി പരിചയം: സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകരിച്ചതോ, അംഗീകൃത സർക്കാർ സ്ഥാപനം എന്നിവയിൽ ഏതെങ്കിലും ഒന്നിൽ നിന്ന് 5 വർഷത്തിൽ കുറയാതെ ജോലി നോക്കുകയും അതിൽ 3 വർഷം Supervisory Capactiy ആയിട്ടുള്ളതും എഡ്യൂക്കേഷനിലോ, വൊക്കേഷണൽ ഗൈഡൻസ് വർക്കിലോ ഉള്ള പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. (പ്രവൃത്തി പരിചയം അക്കാഡമിക് യോഗ്യതയ്ക്ക് ശേഷം നേടിയതായിരിക്കണം).

**പ്രൊബേഷൻ :** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തെ സർവീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**ടെസ്റ്റ് :** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്ന ആൾ പ്രൊബേഷൻ കാലയളവിൽ

1) വകുപ്പുതലത്തിൽ നടത്തുന്ന Employment Exchange Procedure ടെസ്റ്റ്

2) Account Test (Lower)

3) Manual of Office Procedure Test എന്നിവ പാസ്സായിരിക്കണം.

**കുറിപ്പ്:1)** Part II Rule 10(a)ii of KS&SSR is applicable.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ 537/2017
### ഒഫ്ത്താൽമിക് അസിസ്റ്റന്റ് ഗ്രേഡ് II
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
### മെഡിക്കൽ വിദ്യാഭ്യാസം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2 ഉദ്യോഗപ്പേര്** : ഒഫ്ത്താൽമിക് അസിസ്റ്റന്റ് ഗ്രേഡ്II

(സ്പെഷ്യൽ റിക്രൂട്ട്മെന്റ്
പട്ടികജാതി/പട്ടികവർഗ്ഗം മാത്രം)

**3 ശമ്പളം** : ₹ 11620–20240

**4 ഒഴിവുകളുടെ എണ്ണം** : 7 (ഏഴ്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെട്ടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** :18–41, ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു.

**7 യോഗ്യതകൾ:**

1) ഫിസ്ക്സ്, കെമിസ്ട്രി, ബയോളജി അല്ലെങ്കിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾ ഐച്ഛികമായെടുത്ത പ്രീഡിഗ്രി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തപ്പെടുന്ന (2 വർഷത്തെ) ഒഫ്ത്താൽമിക് അസിസ്റ്റന്റ് കോഴ്സിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**കുറിപ്പ് :** KS&SSR പാർട്ട് IIലെ റൂൾ 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 538 /2017
## സിസ്റ്റം അനലിസ്റ്റ്

### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്

**1. വകുപ്പ്** : കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : സിസ്റ്റം അനലിസ്റ്റ്
(സ്പെഷ്യൽ റിക്രൂട്ട്മെന്റ്
പട്ടികവർഗ്ഗം മാത്രം)

**3 ശമ്പളം** : ₹ 4370–12400/

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വെച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം )

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41
ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം (എം.സി.എ)

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നുള്ള തത്തുല്യമായ യോഗ്യത.

**കുറിപ്പ് :** Rule 10 (a) ii Part II of KS & SSR പ്രകാരമുള്ള വ്യവസ്ഥകൾ ബാധകം.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 539/2017

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
### (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം)
## വിവിധ വകുപ്പുകൾ

**1. വകുപ്പ്** : വിവിധ വകുപ്പുകൾ

**2 ഉദ്യോഗപ്പേര്** : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
(പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക്
മാത്രമുള്ള പ്രത്യേക നിയമനം)

**3 ശമ്പളം** : ₹ 20000–45800

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ആലപ്പുഴ 1 (ഒന്ന്) (പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:** (i) മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതായിരിക്കും. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

ന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഈ ലിസ്റ്റിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്നില്ലെങ്കിൽ മാത്രമേ അവർക്കായി മാത്രം സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ.

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 06.02.2013ലെ GO(P) No.5/13/P&ARD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ GO(P) No.12/96/P&ARD എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ
നിന്നു മാത്രം സ്പെഷ്യൽ
റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1976

നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** 1. പ്ലസ് ടു പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിലുളള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത. (2002 ജനുവരി മാസത്തിനുമുമ്പ് ടൈപ്പ്റൈറ്റിംഗ് കെ.ജി.റ്റി.ഇ പരീക്ഷ പാസായിട്ടുളള ഉദ്യോഗാർത്ഥികൾ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് അല്ലെങ്കിൽ തത്തുല്യമായ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, സർവ്വകലാശാലകളോ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിൽ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത കാലാവധിയുളള കോഴ്സിനെത്തുടർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ).

3. മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

4. ഇംഗ്ലീഷ് ഷോർട്ട്ഹാന്റ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

5. മലയാളം ഷോർട്ട്ഹാന്റ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത. (G.O (Ms) No.21/2011/P&ARD dated 01.07.2011). ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും ഐ.എം.സി സർട്ടിഫിക്കറ്റുകളും സ്വീകാര്യമല്ല.

**കുറിപ്പ് 1.** യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

2 സ്വീകാര്യമായ അപേക്ഷകൾ സമർപ്പിക്കുന്നവർക്കുവേണ്ടി ഒരു ഡിക്റ്റേഷൻ പരീക്ഷ നടത്തുന്നതാണ്. മിനിട്ടിൽ 80 (എൺപത്) വാക്കുവീതം 5മിനിട്ടുകൊണ്ട് 400(നാനൂറ്) വാക്ക് അടങ്ങിയ ഒരു ഇംഗ്ലീഷ് ഗദ്യഭാഗം വായിച്ചുതരുന്നത് അപേക്ഷകർ ഷോർട്ട്ഹാൻഡിൽ എഴുതി എടുക്കേണ്ടതാണ്. പിന്നീട് ഒരു മണിക്കൂർ കൊണ്ട് അതിനെ ലോംഗ്ഹാൻഡിൽ (മഷി ഉപയോഗിച്ച്) എഴുതണം. പരീക്ഷ നടത്തുന്ന സ്ഥലം, തീയതി എന്നിവ പിന്നീട് അറിയിക്കുന്നതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11. 1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 540/2017
## അറ്റൻഡർ ഗ്രേഡ് II
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## ഹോമിയോപ്പതി

**1 വകുപ്പ്** : ഹോമിയോപ്പതി

**2 ഉദ്യോഗപ്പേര്** : അറ്റൻഡർ ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**3 ശമ്പളം** : ₹ 17000–37500/

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാതലം

വയനാട് 1 (ഒന്ന്)
പാലക്കാട് 1 (ഒന്ന്)
ഇടുക്കി 1 (ഒന്ന്)
എറണാകുളം 1 (ഒന്ന്)

**കുറിപ്പ്:** (i) മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമന ശിപാർശ ചെയ്യപ്പെടുന്നില്ലായെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിന് തെരഞ്ഞെടുക്കുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചതായോ തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം:** 18–41, ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു.

**7 യോഗ്യതകൾ:** 1. എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

2. ഗവൺമെന്റ് ഹോമിയോ ആശുപത്രികളിൽ നിന്നോ `A' ക്ലാസ് രജിസ്ട്രേഡ് പ്രാക്ടീഷണർമാർ നടത്തുന്ന ഡിസ്പെൻസറികളിൽ നിന്നോ ലഭിച്ച ഹോമിയോ മരുന്നുകൾ കൈകാര്യം ചെയ്തോ തയ്യാറാക്കിയതോ ആയ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം.

**കുറിപ്പ്:** യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

**8 പ്രൊബേഷൻ:** നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ പ്രൊബേഷനിലായിരിക്കും.

1) നേരിട്ടുള്ള നിയമനം ആണെങ്കിൽ തുടർച്ചയായ 3 വർഷത്തെ സേവനകാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

2) തസ്തികമാറ്റം വഴിയോ, സ്ഥാനക്കയറ്റം വഴിയോ ആണെങ്കിൽ തുടർച്ചയായ രണ്ട് വർഷ സേവന കാലയളവിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും.

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കായി വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. www.kpsc.gov.in**

Note : 1) Please specify the post, held or nature of assignment, Casual Labourer, Paid/Unpaid apprentice/Regular Worker or Temporary worker.

2) All Experience Certificate shall be duly certified by the concerned Controlling Officer/Head of office of the Government. The genuineness of the Certificate shall be subjected to verification and legal action will be taken against those who issue and produce bogus certificate.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ. (പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

# ഇൻറർവ്യൂ പ്രോഗ്രാം ഡിസംബർ 2017

### കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം

| sl. No | category No | Name of Post & Dept. | Date 2017 Dec. |
|---|---|---|---|
| 1. | 208/13 | Research Officer - Economics & Statistics | 06,07,08 |
| 2. | 483/16 | Junior Consultant (General Surgery) (II NCA-LC/AI) - Health Services | 06 |
| 3. | 505/13 | Assistant Engineer (Civil)/Head Draftsman (Civil) - Agriculture (Engineering Wing) | 06,07,08 |
| 4. | 413/14 | Soil Survey Officer/Research Assistant/Cartographer/ Technical Assistant - Soil Survey and Soil Conservation | 06,07,08,13,14,15 |
| 5. | 482/16 | Junior Consultant (General Medicine) (II NCA-V) - Health Services | 06 |
| 6. | 365/16 | Junior Consultant (General Medicine) (II NCA-SIUC N) - Health Services | 06 |
| 7. | 480/16 | Junior Consultant (General Medicine) (II NCA-SC) - Health Services | 06 |
| 8. | 481/16 | Junior Consultant (General Medicine) (II NCA-M) - Health Services | 06 |
| 9. | 102/16 | Higher Secondary School Teacher (Jr.) Sociology (I NCA-OX) - Kerala Higher Secondary Education | 07 |
| 10. | 292/16 | Higher Secondary School Teacher (Jr.) Geography (SR for SC/ST only) - Kerala Higher Secondary Education* | 07 |
| 11. | 479/16 | Junior Consultant (Anaesthesia) (II NCA-E/T/B) - Health Services | 08 |
| 12. | 484/16 | Junior Consultant (Respiratory Medicine /TB and Chest Diseases) (II NCA-E/T/B) - Health Services | 08 |
| 13. | 315/15 | Higher Secondary School Teacher (Jr.)Mathematics (IV NCA-SC)- Kerala Higher Secondary Education* | 13 |
| 14. | 159/13 | Assistant Engineer (Civil) - Archaeology | 13,14,15 |
| 15. | 045/17 | Lecturer in Arts History and Aesthetics (VI NCA-SC) - Technical Education (Fine Arts Colleges) | 13 |
| 16. | 628/14 | Scientific Assistant (Documents) - Police (Forensic Science Laboratory) | 13,14,15 |
| 17. | 454/13 | Lecturer in Painting - Technical Education (Fine Arts Colleges)* | 13,14 |
| 18. | 497/16 | Higher Secondary School Teacher 1 (Mathematics) (I NCA-ST) - Kerala Higher Secondary Education* | 14 |
| 19. | 316/15 | Higher Secondary School Teacher (Jr.)Mathematics (IV NCA-ST) - Kerala Higher Secondary Education* | 14 |
| 20. | 369/16 | Higher Secondary School Teacher - Mathematics (IV NCA-ST) - Kerala Higher Secondary Education* | 14,15 |
| 21. | 427/12 | Lecturer in Automobile Engineering - Technical Education (Polytechnics) | 15 |
| 22. | 065/15 | Officer - in- Charge - Port | 15 |
| 23. | 101/16 | Higher Secondary School Teacher (Jr.) -Mathematics (III NCA-OX) - Kerala Higher Secondary Education* | 15 |
| 24. | 624/14 | Assistant Director of Fisheries (Zonal) - Fisheries | 20,21,22 |
| 25. | 398/13 | Administrative Officer - Kerala State Road Transport Corporation | 20 |
| 26. | 534/12 | Junior Instructor (Driver cum Mechanic) - Industrial Training | 20,21,22 |
| 27. | 262/16 | Care Taker (Female)( II NCA - D) - Social Justice | 20 |
| 28. | 217/13<br>441/14 | Work Superintendent - Agriculture | 20,21 |
| 29. | 634/14 | Other Research Assistant (Chemistry) - Fisheries | 20,21 |
| 30. | 431/12 | Divisional Accountant - Kerala Water Authority | 20 |
| 31. | 472/14 | Vocational Teacher (Agriculture) (NCA Viswakarma) - Vocational Higher Secondary Education | 20 |
| 32. | 635/14 | Other Research Assistant (Zoology) - Fisheries | 22 |
| 33. | 134/15 | Dairy Chemist / Dairy Bacteriologist / Dairy Microbiologist - Kerala Co-operative Milk Marketing Federation Ltd.(General Category) | 22 |
| 34. | 536/12 | Junior Instructor (Food Processing Sector) - Industrial Training | 22 |
| 35. | 635/14 | Other Research Assistant (Zoology) - Fisheries | 22 |
| 36. | 507/16 | Boat Lascar (NCA-LC/AI) - KTDC Hotels and Resorts Ltd. | 22 |

| sl. No | category No | Name of Post & Dept. | Date 2017 Dec. |
|---|---|---|---|
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, കൊല്ലം** | |
| 1. | 468/13 | Part Time High School Assistant (Sanskrit) - Education | 13 |
| 2. | 217/13<br>441/14 | Work Superintendent - Agriculture | 14,15 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, ആലപ്പുഴ** | |
| 1. | 232/16 | L P School Assistant (Malayalam) By Transfer - Education | 13 |
| 2. | 013/14 | Physical Education Teacher (UPS) Malayalam Medium - Education | 13,14 |
| 3. | 511/16 | High School Assistant (Arabic) (I NCAE/T/B) - Education | 14 |
| 4. | 217/13<br>441/14 | Work Superintendent - Agriculture | 14,15 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, കോട്ടയം** | |
| 1. | 215/14 | Tractor Driver - Agriculture | 06 |
| 2. | 217/13<br>441/14 | Work Superintendent - Agriculture | 06,07,08 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, എറണാകുളം** | |
| 1. | 468/13 | Part Time High School Assistant (Sanskrit) - Education | 06,07 |
| 2. | 217/13<br>441/14 | Work Superintendent - Agriculture | 07,08 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, പാലക്കാട്** | |
| 1. | 530/13 | Music Teacher (H S) - Education* | 13,14 |
| 2. | 468/13 | Part Time High School Assistant (Sanskrit) - Education | 14,15 |
| 3. | 217/13<br>441/14 | Work Superintendent - Agriculture | 15,20,21,22 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, മലപ്പുറം** | |
| 1. | 468/13 | Part Time High School Assistant (Sanskrit) - Education | 13,14 |
| 2. | 407/16 | Part Time Junior Language Teacher (Arabic) LPS (IV NCA-ST) - Education | 14 |
| 3. | 513/16<br>518/16 | High School Assistant (Arabic) (NCA-E/T/B-1 & V-1) - Education | 14 |
| 4. | 217/13<br>441/14 | Work Superintendent - Agriculture | 14,15 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, കോഴിക്കോട്** | |
| 1. | 217/13<br>441/14 | Work Superintendent - Agriculture | 06,07 |
| 2. | 215/14 | Tractor Driver - Agriculture | 07 |
| 3. | 435/14 | Legal Officer - Kerala Financial Corporation | 07,08 |
| 4. | 403/16<br>404/16 | Full Time Junior Language Teacher (Arabic) LPS (NCA-SC & ST) - Education | 20 |
| 5. | 468/13 | Part Time High School Assistant (Sanskrit) - Education | 20,21 |
| 6. | 091/15 | Nurse Gr.II (Homoeo) - Homoeopathy | 21,22 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, വയനാട്** | |
| 1. | 217/13<br>441/14 | Work Superintendent - Agriculture | 20 |
| 2. | 468/13 | Part Time High School Assistant (Sanskrit) - Education | 21 |
| 3. | 396/16 | Full Time Junior Language Teacher (Arabic) LPS (NCA-E/B/T) - Education | 21 |
| 4. | 232/16 | L P School Assistant (Malayalam) By Transfer - Education | 21 |
| 5. | 243/16 | Staff Nurse Gr.II (SR for ST Only) - Health Services * | 22 |
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, കാസർഗോഡ്** | |
| 1. | 095/14 | Work Superintendent (NCA- Muslim ) - Agriculture (SC Unit) | 06 |
| 2. | 217/13<br>441/14 | Work Superintendent - Agriculture | 06 |
| 3. | 216/15 | Wharf Supervisor - Port | 07,08 |
| 4. | 266/13 | High School Assistant (Mathematics) Kannada Medium - Education | 20,21 |
| 5. | 468/13 | Part Time High School Assistant (Sanskrit) - Education | 22 |

* Denotes that examination was conducted Online

1. R.N. 44588/85 Reg. No. KL/TV (N)34/2015-17
2. Licence No. for posting without pre payment - KL/TV(N)/WPP/165/2015-17

PSC BULLETIN
Fortnightly

Rupees 10
December 1, 2017

# വാർത്തകളിലൂടെ

ബി രാജേഷ്കുമാർ

## മാനുഷി ഛില്ലർ

ഇന്ത്യയുടെ മാനുഷി ഛില്ലർ (20) ലോകസുന്ദരിപ്പട്ടം നേടി. ചൈനയിലെ സാന്യയിൽ നടന്ന മിസ് വേൾഡ് മത്സരത്തിൽ 108 രാജ്യങ്ങളിലെ സുന്ദരിമാരെ പിന്തള്ളിയാണ് ഹരിയാനയിൽനിന്നുള്ള മാനുഷി കിരീടമണിഞ്ഞത്. മിസ് ഇംഗ്ലണ്ട് സ്റ്റെഫാനി ഹിൽ ആണ് റണ്ണറപ്.



മാനുഷിയുടെ നേട്ടത്തോടെ ലോക സുന്ദരി കീരീടങ്ങളുടെ എണ്ണത്തിൽ ഇന്ത്യ വെനിസ്വലയ്ക്ക് ഒപ്പമെത്തി (6). റീത്ത ഫാരിയ (1966), ഐശ്വര്യ റായ് (1994), ഡയാന ഹൈഡൻ (1997), യുക്ത മുഖി (1999), പ്രിയങ്ക ചോപ്ര (2000) എന്നിവരാണ് മുമ്പ് ലോകസുന്ദരിമാരായ ഇന്ത്യക്കാരികൾ. 2008-ലെ ലോകസുന്ദരി മത്സരത്തിൽ മലയാളിയായ പാർവതി ഓമനക്കുട്ടൻ ഫസ്റ്റ് റണ്ണറപ്പായിരുന്നു.
സുസ്മിത സെന്നും (1994) , ലാറാ ദത്ത (2000) എന്നിവരാണ് മിസ് യൂണിവേഴ്സായിട്ടുള്ള ഇന്ത്യക്കാരികൾ.

## റോബർട്ട് മുഗാബെ



സിംബാബ്വെ പ്രസിഡന്റ് റോബർട്ട് മുഗാബെയെ സൈന്യം പുറത്താക്കി. 1980 മുതൽ സിംബാബ്വെ ഭരിക്കുന്നത് മുഗാബെയാണ്.

## ഇന്ദിരാഗാന്ധി സമാധാന സമ്മാനം മൻമോഹൻ സിങിന്

പ്രധാനമന്ത്രി പദവിയിൽ 2004-2014 കാലയളവിൽ ഇന്ത്യയുടെ സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റത്തിന് നൽകിയ നേതൃത്വം പരിഗണിച്ച് മൻമോഹൻ സിങിന് ഇന്ദിരാഗാന്ധി സമാധാന സമ്മാനം പ്രഖ്യാപിച്ചു. മുൻരാഷ്ട്രപതി പ്രണബ് മുഖർജി അധ്യക്ഷനായ രാജ്യാന്തര സമിതിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്.



1986-ൽ പാർലമെന്റേറിയൻസ് ഫോർ ഗ്ലോബൽ ആക്ഷൻ എന്ന സംഘടനയാണ് ആദ്യ പുരസ്കാരത്തിന് അർഹമായത്. വ്യക്തി എന്ന നിലയിൽ ആദ്യമായി പുരസ്കാരം നേടിയത് സോവിയറ്റ് യൂണിയനിലെ മിഖയേൽ ഗോർബച്ചേവ് (1987) ആയിരുന്നു. രാജീവ് ഗാന്ധിയാണ് ഈ ബഹുമതി നേടിയ ആദ്യ ഇന്ത്യക്കാരൻ (1991-മരണാനന്തരം).

## ഗോവ ചലച്ചിത്രമേള - സമഗ്ര സംഭാവന പുരസ്കാരം ആറ്റം എഗോയാന്

ഗോവ രാജ്യാന്തരചലച്ചിത്രോത്സവത്തിൽ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരത്തിന് കനേഡിയൻ സംവിധായകൻ ആറ്റം എഗോയാൻ അർഹനായി.



ദക്ഷിണേഷ്യൻ സാഹിത്യ പുരസ്കാരത്തിന് അർഹമായ അനുക് അരുദ് പ്രകാശത്തിന്റെ നോവൽ- എ ബ്രീഫ് മാര്യേജ്

എ ബ്രീഫ് മാര്യേജിന്റെ പശ്ചാത്തലം- ശ്രീലങ്കൻ യുദ്ധം

ലോക ശുചിമുറി ദിനം- നവംബർ 19

ആദ്യമായി ലോക ശുചിമുറി ദിനം ആചരിച്ച വർഷം- 2001

ദക്ഷിണേന്ത്യയുടെ ഫ്ളോറൻസ് നൈറ്റിംഗേൽ എന്നറിയപ്പെട്ട വ്യക്തി ഈയിടെ അന്തരിച്ചു. പേര്- അന്നമ്മ ജേക്കബ്ബ്.

കണ്ണൂർ സർവകലാശാലയുടെ പുതിയ വൈസ് ചാൻസലർ- ഡോ.ഗോപിനാഥ് രവീന്ദ്രൻ (നാലുവർഷമാണ് കാലാവധി).

വിവാദമായ പദ്മാവതി എന്ന സിനിമയുടെ സംവിധായകൻ- സഞ്ജയ് ലീല ബൻസാലി (ദീപിക പദുക്കോൺ ആണ് മുഖ്യവേഷത്തിൽ).

ഈയിടെ അന്തരിച്ച മുൻ കേന്ദ്രമന്ത്രിയും കോൺഗ്രസ് നേതാവും- പ്രിയരഞ്ജൻദാസ് മുൻഷി

മുഴുവൻ ഭവനരഹിതർക്കും വീട് ലക്ഷ്യമിട്ടുള്ള പദ്ധതി- ലൈഫ് (നാലുലക്ഷം രൂപയായി ധനസഹായം ഉയർത്തി).

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്- എ. പദ്മകുമാർ (പ്രയാർ ഗോപാലകൃഷ്ണൻ വിരമിച്ചതിന് പകരമാണ് നിയമനം.)

ലോകത്തെ ആദ്യത്തെ വൈദ്യുത ചരക്ക് കപ്പൽ കടലിലിറക്കിയ രാജ്യം- ചൈന

കേരളത്തിലെ ആദ്യ ശിശു സൗഹൃദ പൊലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചത് എവിടെ- തിരുവനന്തപുരം (ഫോർട്ട് സ്റ്റേഷനിൽ)

സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം- കേരളം (78.7 വർഷം)

ഇന്ത്യയിൽ സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം -70.3 വർഷം

ഫ്രാൻസിലെ സോൾജിയേഴ്സ് ഓഫ് പീസ് അസോസിയേഷൻ നൽകുന്ന പരമോന്നത പുരസ്കാരമായ കൊമെമ്മേറേറ്റീവ് ഗോൾഡ് മെഡൽ ഫോർ പീസിന് അർഹയായ മലയാളി- മാതാ അമൃതാനന്ദമയി



ഇന്ത്യയുടെ പുതിയ ചൈനീസ് സ്ഥാനപതി- ഗൗതം ബംബാവാലെ


വി.ടി.സാഹിത്യപുരസ്കാരത്തിന് അർഹനായത്- ശ്രീകുമാർ മുഖത്തല

കേന്ദ്ര സാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ പുരസ്കാരത്തിന് അർഹമായ കുഞ്ഞുണ്ണിയുടെ യാത്രാപുസ്തകം രചിച്ചത്- എസ് ആർ ലാൽ

കഥകളി ആചാര്യൻ വാഴേങ്കട കുഞ്ചുനായർ സംസ്തുതി സമ്മാനത്തിന് അർഹനായത്- മടവൂർ വാസുദേവൻ നായർ (ഒരു ലക്ഷം രൂപയാണ് പുരസ്കാരത്തുക).

ഏതിനെയാണ് ഈയിടെ അമേരിക്ക ഭീകര രാഷ്ട്രമായി പ്രഖ്യാപിച്ചത്- ഉത്തര കൊറിയ
സുജോയ് ഘോഷിനു പകരം അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ഇന്ത്യൻ പനോരമ വിഭാഗം ജൂറി ചെയർമാനായത്- രാഹുൽ റവൈൽ

മൂവായിരം കോടി രൂപയ്ക്ക് വിൽപന നടന്ന ഡാവിഞ്ചി ചിത്രം- ദി സേവിയർ ഓഫ് ദ വേൾഡ്



Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Edited and Published by Saju George, Secretary
Kerala Public Service Commission on behalf of Kerala Public Service Commission and Printed by him at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd, Thiruvananthapuram.